ജനപഥം

ജനുവരി 2014



6
കേരളം : വർത്തമാനവും ഭാവിയും
ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

11
ധനകമ്മിഷൻ
കേരളം എന്തു നേടും?
ഡോ. മേരി ജോർജ്ജ്

4
അംഗീകാരത്തിന്റെ പുതുവർഷം

14
സഫലം; സാർഥകം ജനസമ്പർക്കം
ഇ.വി. സുഗതൻ

18
സാമൂഹിക നന്മയുടെ സർവോദയം
ഡോ. ടി.മാത്യു ഫിലിപ്പ്

20
കറുത്ത സൂര്യന്റെ മരണം
രാജേഷ് കെ. എരുമേലി



23
ഭാവനയുടെ ചിത്രകൂടം
വിനു എ.

40 പദപാഠം
41 പുസ്തകപരിചയം
42 ജില്ലകളിലൂടെ
49 പെൺജീവിതം
51 ഉത്തരവുകൾ
52 കാലത്തിനൊപ്പം

26
ഫോട്ടോ ഫീച്ചർ


28
ജ്വലിച്ചുമറഞ്ഞ താരകം
ജി. ഹരി നീലഗിരി

33
ജീവിതം ത്രസിക്കുന്ന അരങ്ങുത്സവങ്ങൾ
വി.കെ. അനിൽകുമാർ



36
ഉറക്കം കെട്ടവർ
പി.കെ. സുധി

38
ഹരിതവനത്തിൽ ഒരു വിസ്മയത്തുരുത്ത്
മുരളി കുട്ടമ്പുഴ





അക്വാഷോ 2014

ഏഴാമത് ഇന്ത്യാ ഇന്റർനാഷണൽ അക്വാഷോ **2014 ജനുവരി 24 മുതൽ 28** വരെ കൊച്ചി മറൈൻ ഡ്രൈവ് മൈതാനിയിൽ.

സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപനത്തിനും അലങ്കാര മത്സ്യകൃഷിയ്ക്കും പ്രചാരം നൽകുന്നതിനായി രണ്ടു വർഷം കൂടുമ്പോൾ ഫിഷറീസ് വകുപ്പ് നടത്തുന്ന മേളയാണ് അന്തർദേശീയ അക്വാഷോ. ഇന്ത്യയിലും വിദേശത്തു നിന്നും അലങ്കാര മത്സ്യങ്ങൾ പ്രദർശനത്തിനുണ്ടാകും. അന്തർദേശീയ ശാസ്ത്ര സെമിനാറുകൾ, മത്സ്യത്തൊഴിലാളികൾ, മത്സ്യ കർഷകർ വനിതാ സ്വയംസഹായ സംഘങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്കായി പ്രത്യേക പഠനശിബിരങ്ങളും, അമച്വർ ഫോട്ടോഗ്രാഫി മത്സരങ്ങളും സംഘടിപ്പിക്കുന്നു. മത്സ്യകൃഷി, മത്സ്യസംസ്കരണം, മത്സ്യബന്ധനം എന്നീ മേഖലയിലെ ഫോട്ടോകൾക്കാണ് മത്സരം.

അക്വാഷോയോടനുബന്ധിച്ച് ഭക്ഷ്യമേളയും, ഓമന മൃഗങ്ങളുടെ പ്രദർശനവും ഉണ്ടായിരിക്കും. ഷോയിൽ പങ്കെടുക്കുന്ന ഏറ്റവും മെച്ചപ്പെട്ട സ്റ്റാളിനും കാണികളെ കൂടുതൽ ആകർഷിച്ച മത്സ്യത്തിനും പ്രത്യേകം സമ്മാനവും നൽകും. സായാഹ്നങ്ങളിൽ കലാപരിപാടികളുമുണ്ടായിരിക്കും.





ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2014

പുസ്തകം 2 ലക്കം 11

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ

മിനി ആന്റണി ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്

കോ-ഓർഡിനേറ്റിങ് എഡിറ്റർ

സി. രമേഷ്കുമാർ

അഡീഷണൽ ഡയറക്ടർ

ഡെപ്യൂട്ടി ചീഫ് എഡിറ്റർ

കെ.സി. അനിൽകുമാർ

ഡെപ്യൂട്ടി ഡയറക്ടർ

എഡിറ്റർ

എൽ. വാൾട്ടർ ഡിക്രൂസ്

ട്രാൻസ്ലേറ്റർ

ഇന്ദുശേഖർ കെ.എസ്.

ഡിസൈനർ

പ്രകാശ് വി.എസ്.

ചിത്രങ്ങൾ

ഐ. & പി.ആർ.ഡി.

(ഫോട്ടോഗ്രാഫി വിഭാഗം)

സർക്കുലേഷൻ ഓഫീസർ

ഷൈലാബീഗം എൻ.

കവർ & ലേഔട്ട്

കെ. ബിജു

പ്രതിനിധികൾ:

- **കെ.എസ്. ശൈലേന്ദ്രൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്

വരിക്കാരാകാൻ: *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കൂടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.

വിലാസം

എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471-2518171

മുഖക്കുറിപ്പ്


കേരള വികസനവും ഭാവി മുൻഗണനകളും

നമ്മുടെ സംസ്ഥാനം മറ്റിതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹിക വളർച്ചാസൂചികയുടെ പല ഘടകങ്ങളിലും വളരെ മുന്നിലാണ്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ ഇന്ത്യയിൽ മാത്രമല്ല അന്തർദേശീയ തലത്തിൽതന്നെ സാമ്പത്തിക, സാമൂഹിക ശാസ്ത്രജ്ഞരുടെ ശ്രദ്ധയും അംഗീകാരവും നേടിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ ഈ വികസനമാതൃകയുടെ നേട്ടങ്ങൾ ചിലപ്പോഴെങ്കിലും, കേന്ദ്ര വിഹിതങ്ങൾ/പദ്ധതികൾ ലഭിക്കുന്ന ഘട്ടത്തിൽ വിരുദ്ധഫലങ്ങൾ ഉണ്ടാക്കുന്നു. കേന്ദ്രപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മറ്റിതര സംസ്ഥാനങ്ങൾക്കുള്ള ധനസഹായ മാനദണ്ഡങ്ങൾ നമുക്കു യോജിച്ചതാവില്ല. ഇത് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങൾ കണ്ടറിഞ്ഞ് ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടാക്കുന്നുണ്ട്.

പതിനാലാം ധനകാര്യകമ്മിഷന്റെ സംസ്ഥാന സന്ദർശനവേളയിൽ കേരളം നൽകിയ മെമ്മോറാണ്ടത്തിലും മുഖ്യമന്ത്രി നടത്തിയ പ്രഭാഷണത്തിലും കേരളം ഏറെ മുന്നേറിയ സാമൂഹിക വളർച്ചാ മേഖലകളിൽ സംസ്ഥാനം കൈക്കൊള്ളാനാഗ്രഹിക്കുന്ന മുൻഗണനകളെയും ലഭിക്കേണ്ട സവിശേഷ ശ്രദ്ധയെയുംകുറിച്ച് എടുത്തുപറയുന്നുണ്ട്. വിഭവങ്ങളുടെ കൈമാറ്റത്തിന്റെയും പ്രാദേശികമായി പ്രസക്തമായ പദ്ധതികൾ നടപ്പാക്കലിന് സംസ്ഥാനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാക്കലിന്റെയും കാര്യത്തിൽ ധനകമ്മിഷൻ പുതിയ സമീപനം കൈക്കൊള്ളുമെന്ന് മുഖ്യമന്ത്രി പ്രത്യാശിക്കുന്നത് ഈ സാഹചര്യത്തിലാണ്. കാർഷികാധിഷ്ഠിതമായ ചെറുകിട സംരംഭങ്ങളാണ് അധികവും നമുക്കുള്ളത്. നികുതിവരുമാനം അധികമില്ലാത്തതിനാൽ കേന്ദ്രവിഹിതത്തെ ആശ്രയിച്ചുകൊണ്ടാണ് നമുക്ക് വികസനപദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നത്. കേന്ദ്രനികുതികളുടെ വിതരണത്തിൽ പുതിയ മാനദണ്ഡങ്ങൾ ആവശ്യമാണ്

ഇതുവരെ നാം കൈവരിച്ച നേട്ടങ്ങൾക്കുപരി പുതിയ ചില വെല്ലുവിളികൾ നമുക്ക് നേരിടേണ്ടതായിട്ടുണ്ട്. ആരോഗ്യരംഗം തന്നെയാണ് പ്രധാനം. ഹൃദയ, പ്രമേഹ, അർബുദ ചികിത്സകൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കേണ്ടതുണ്ട്. അംഗപരിമിതരുടെയും വൃദ്ധരുടെയും പ്രശ്നങ്ങളും അതുപോലെ സവിശേഷ ശ്രദ്ധ ലഭിക്കേണ്ട പ്രശ്നമായി വളർന്നിരിക്കുന്നു. ഭവനമേഖലയാണ് ധനകമ്മിഷന്റെ മതിയായ പരിഗണന ലഭിക്കേണ്ട മറ്റൊരു വിഷയമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. കേരളത്തിന്റെ കാഴ്ചപ്പാടിൽ ഏറെ പ്രധാനം കേന്ദ്രനികുതികളുടെയും വിഭവങ്ങളുടെയും കൈമാറ്റത്തിൽ പുതിയൊരു ഫോർമുല സ്വീകരിക്കുകയാണ്. ധനകമ്മിഷൻ സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ വികസനാവശ്യങ്ങളിന്മേലുള്ള സംവാദങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

മിനി ആന്റണി
ചീഫ് എഡിറ്റർ



1

കേരളം ഒന്നാമത്

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉജ്ജ്വലമായ നേട്ടം കൊയ്ത സംസ്ഥാനമെന്ന പദവി കേരളത്തിന്. വിദ്യാഭ്യാസം, വിപുല സമ്പദ്‌വ്യവസ്ഥ, കൃഷി, ഉപഭോക്തൃ വിപണി, നിക്ഷേപം എന്നീ മേഖലകളിലെ കഴിഞ്ഞ വർഷത്തെ കേരളത്തിന്റെ പ്രകടനം വിലയിരുത്തിയുള്ള ഇന്ത്യാടുഡെയുടെ സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ് റിപ്പോർട്ടിലാണ് കേരളം ആദ്യ സംസ്ഥാനമായത്. 2012-ൽ കേരളം രണ്ടാം സ്ഥാനത്തായിരുന്നു.

അംഗീകാരത്തിന്റെ പുതുവർഷം

പുതിയ വർഷം പിറക്കുമ്പോൾ പുതിയ പ്രതീക്ഷകളും പ്രതിജ്ഞകളും ഉണ്ടാകുക സ്വാഭാവികമാണ്. വ്യക്തികൾ സ്വന്തം നന്മകളുടെ വരവിനായി പ്രതീക്ഷയോടെയും ആകാംക്ഷയോടെയും പുതുവർഷത്തെ വരവേൽക്കുമ്പോൾ ഒരു നാട് കുറെക്കൂടെ വിശാലമായ സ്വപ്നങ്ങളുടെ പൂർണതയാണ് പ്രതീക്ഷിക്കുന്നത്. വികസനവും കരുതലും എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കിക്കൊണ്ട് യു.ഡി.എഫ് സർക്കാർ ഭരണത്തിൽ ആയിരം ദിനങ്ങൾ പൂർത്തിയാക്കുകയാണ്. ജനക്ഷേമകരമായ ധാരാളം പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാരിന് കഴിഞ്ഞു. രണ്ട് രൂപയ്ക്ക് അരി നൽകിക്കൊണ്ട് സാധാരണക്കാരന്റെ വിശപ്പിന് പരിഹാരം കാണുന്നതിനും സ്വന്തമായി ഒരു തുണ്ടു ഭൂമി സ്വപ്നം കണ്ട ഭൂരഹിതർക്ക് മൂന്നു സെന്റ് ഭൂമിവീതം നൽകി അവരെ ഭൂമിയുടെ ഉടമകളാക്കുന്നതിനും സർക്കാരിന് കഴിഞ്ഞു. ഇന്ത്യയുടെ തന്നെ പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നായി മാറാൻ സാധ്യതയുള്ള വിഴിഞ്ഞം തുറമുഖത്തിന് പാരിസ്ഥിതിക അനുമതി ലഭിച്ചതിലൂടെ സംസ്ഥാനത്തിന്റെ ചിരകാലസ്വപ്നം യാഥാർഥ്യത്തിലേക്കടുക്കുകയാണ്. എല്ലാ ക്ഷേമപെൻഷനുകളും 500 രൂപയാക്കി ഉയർത്തിയ നടപടി ദരിദ്ര ജനതയോടുള്ള അനുഭാവത്തിന്റെ സാക്ഷ്യമായി. ഒരു ഭാഗ്യക്കുറി ജനങ്ങളുടെ ആരോഗ്യപരിരക്ഷയ്ക്ക് നിമിത്തമായിത്തീരുന്ന അപൂർവ സംരംഭത്തിനും സർക്കാർ തുടക്കമിട്ടു. കാരുണ്യ ഭാഗ്യക്കുറി 25,000 രോഗികൾക്ക് ആശ്വാസം പകർന്നു. ഇന്ത്യയിലാദ്യമായി പട്ടികജാതി വകുപ്പിനുകീഴിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ തീരുമാനിച്ചുകൊണ്ട് സർക്കാർ അധഃസ്ഥിതരുടെ ഉന്നമനത്തിന് നൽകുന്ന ഊന്നൽ വ്യക്തമാക്കി. മൂകരും ബധിരരുമായ കുട്ടികളെ ശബ്ദത്തിന്റെ ലോകത്തേക്ക് മടക്കിക്കൊണ്ടുവരുന്നതിന് കോക്ലിയർ ഇംപ്ലാന്റേഷന് ശ്രുതിതരംഗം എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചുകൊണ്ട് ആരോഗ്യപരിപാലനത്തിന് പുതിയ മുഖം നൽകി. വിശപ്പുരഹിത നഗരം പോലുള്ള പദ്ധതികൾ സാമൂഹികനീതിയുടെ പുതുസ്വരമായി. കണ്ണൂർ വിമാനത്താവളത്തിന് പാരിസ്ഥിതികാനുമതി ലഭിച്ചു. മലബാറിന്റെ വികസന സ്വപ്നത്തിന് ആക്കം കൂട്ടും ഈ നടപടി. കൊച്ചി മെട്രോയുടെ പണി പുരോഗമിക്കുന്നത് യാത്രാദുരിതത്തിന് പരിഹാരമാകും. ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിലൂടെ നാടിന്റെ ചരിത്രപൈതൃകത്തിന് അംഗീകാരമായി. മലയാള സർവകലാശാല സ്ഥാപിച്ചുകൊണ്ട് ഭാഷയുടെ വളർച്ചയ്ക്ക് നിർണായകമായ ചുവടുവെയ്പ് നടത്തി. ഒരു നാടിന്റെ സമഗ്രവികസനത്തിന് എല്ലാ മേഖലകളിലും ശ്രദ്ധ ആവശ്യമാണെന്ന് ഈ സർക്കാർ തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

ലോകജനതയെത്തന്നെ ആകർഷിച്ച ജനസമ്പർക്കപരിപാടിയിലൂടെ സാധാരണക്കാരിൽ സാധാരണക്കാരായ ജനങ്ങളുടെ ആവശ്യങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് സർക്കാർ ഭരണത്തിന് പുതിയ മുഖം നൽകുവാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് കഴിഞ്ഞു.

ഈ പുതുവർഷത്തിലും ജനക്ഷേമകരമായ പ്രവർത്തനങ്ങൾ സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ദരിദ്രരും നിരാലംബരുമായ സാധാരണ മനുഷ്യരുടെ കണ്ണീർ തുടച്ചുകൊണ്ടു മാത്രമേ ഒരു ജനകീയ സർക്കാരിന് ഭരണത്തിന്റെ നന്മകൾ ജനങ്ങളിലെത്തിക്കുവാൻ കഴിയൂ. ഈ പുതുവർഷത്തിലും ജനപ്രിയവും നാടിന്റെ വികസനത്തിന് ആക്കം കൂട്ടുന്നതുമായ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പിക്കാം. സന്തോഷവും സമാധാനവും നിറഞ്ഞ ഒരു പുതുവർഷം ആശംസിക്കുന്നു. ■

■ **ഉമ്മൻ ചാണ്ടി**
മുഖ്യമന്ത്രി

കേരളം വർത്തമാനവും ഭാവിയും

ഡോ. വൈ. വി റെഡ്ഡിയുടെ നേതൃത്വത്തിൽ പതിനാലാം ധനകമ്മിഷൻ ഡിസംബർ 18, 19 ദിവസങ്ങളിൽ കേരളത്തിലെത്തിയപ്പോൾ നടത്തിയ പ്രഭാഷണം



മന്ത്രിസഭാംഗങ്ങൾ ആസൂത്രണകമ്മിഷനുമായുള്ള ചർച്ചകൾക്കിടയിൽ

പതിനാലാം ധനകാര്യ കമ്മിഷൻ സാമ്പത്തിക യാഥാർഥ്യങ്ങളിലും ഭരണപരമായ ആവശ്യകതകളിലും ഒരുപോലെ ഉറച്ച ജ്ഞാനമുള്ള ഉന്നതശീർഷരായ ഭരണാധികാരികളുടെയും ധനകാര്യവിദഗ്ധരുടെയും ആഹ്ളാദമുണർത്തുന്ന ഒരു സമ്മിശ്രണമാണെന്ന് നമുക്കറിയാം. ഈ കമ്മിഷൻ സാർവത്രിക സാമ്പത്തിക വളർച്ചയുടെ ഉയർന്ന താരാപഥങ്ങളിലേക്കു നയിക്കുന്ന ഒരു പുതിയ പാത വെട്ടിത്തുറക്കുമെന്നു നാം പ്രതീക്ഷിക്കുന്നു.

നമ്മുടെ രാഷ്ട്രം നിരവധി വെല്ലുവിളികൾ നേരിടുന്ന സമയത്താണ് പതിനാലാം ധനകമ്മീഷന്റെ നിയമനം. കഴിഞ്ഞ രണ്ടു ദശകങ്ങൾ അതിദ്രുതമുള്ള സാമ്പത്തികവളർച്ചയും അടിസ്ഥാനസൗകര്യത്തിലും സേവനത്തിലുമുള്ള വികസനവും കണ്ടു. എന്നാൽ ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ വലിപ്പവും വൈവിധ്യവും പരിഗണിക്കുമ്പോൾ വളർച്ചാപ്രക്രിയ അല്ലെങ്കിൽ അതിന്റെ നേട്ടങ്ങളുടെ വിതരണം എല്ലായ്പ്പോഴും ന്യായയുക്തമാവുന്നില്ല. ഇത് വരുമാനവും തൊഴിലും സൃഷ്ടിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും സേവനങ്ങളുടെ ലഭ്യതയ്ക്കും അസമത്വം നീക്കുന്നതിനുമുള്ള വർധിതവും വിഭിന്നവുമായ മുറവിളികളിലേക്കു നയിക്കുന്നു. സർക്കാരുകൾ-കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും-പൗരാവകാശങ്ങൾക്കു ഏറെയധികം പ്രാധാന്യം നൽകുന്നത് മെച്ചപ്പെട്ട അവബോധത്തിനും കൂടുതൽ മികച്ച സേവന

ങ്ങൾക്കായുള്ള ആവശ്യങ്ങൾ ഉയരുവാനും കാരണമായിട്ടുണ്ട്. മെച്ചപ്പെട്ട തൊഴിലും വിദ്യാഭ്യാസവും സേവനങ്ങളും വ്യാപിക്കുമ്പോൾ ഈ ചലനങ്ങൾക്ക് ആക്കം കൂടും. അതങ്ങനെയാവണം താനും. കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിലേക്കുള്ള വിഭവസംക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വങ്ങളും ചെലവുകളും പതിന്മടങ്ങ് വർധിച്ചുവെന്നത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഉദാരീകരണാനന്തര കാലത്ത് വിവിധ സാമൂഹ്യമേഖലകളിൽനിന്നുള്ള ആവശ്യങ്ങളോടുള്ള പ്രതികരണമായി കേന്ദ്രം തൊഴിലും വിദ്യാഭ്യാസവും ആരോഗ്യരക്ഷയും സാമൂഹികനീതിയും മറ്റും മെച്ചപ്പെടുത്തുവാനായി പല പുതിയ പദ്ധതികളും കൊണ്ടുവന്നു. അത്തരം സംരംഭങ്ങൾ സ്വാഗതാർഹമാണെങ്കിലും, അത് ആസ്തികളുടെയും മനുഷ്യവിഭവശേഷിയുടെയും നവീകരണത്തിനും ഭാവിപരിപാലനത്തിനും സാമ്പത്തിക പ്രതിസന്ധിയെയും കേന്ദ്രസർക്കാർ നടപ്പാക്കിയ ഉത്തേജന പാക്കേജിനെയും തുടർന്ന് ജിഡിപി ശരാശരിയിൽ കേന്ദ്രനികുതിയിലുണ്ടായ ഇടിവ് പിന്നെയും വിഭവലഭ്യതയെ സാരമായി ബാധിച്ചു. നമ്മുടെ ഉത്തരവാദിത്വങ്ങൾ കൂടിയിരിക്കുന്നു, ആവശ്യങ്ങൾ വർധിച്ചിരിക്കുന്നു, പക്ഷെ കേന്ദ്രവിഭവങ്ങളിൽ നമ്മുടെ പങ്ക് ഇടിഞ്ഞുകൊണ്ടിരിക്കുന്നു, ഇതാണ് അവസ്ഥ. ഇന്ത്യ

> ആരോഗ്യരക്ഷ, വിദ്യാഭ്യാസം, പരിസ്ഥിതി എന്നിവയ്ക്ക് ഉയർന്ന പരിഗണന നൽകുന്ന വികസന മാതൃകയാണ് കേരളം പിന്തുടരുന്നത്. മനുഷ്യവികസനസൂചികയിലും (ഹ്യൂമൻ ഡവലപ്മെന്റ് ഇൻഡക്സ്) ജീവിതനിലവാര സൂചികയിലും (പിക്യുഎൽ ഐ-ഫിസിക്കൽ ക്വാളിറ്റി ഓഫ് ലിവിങ് ഇൻഡക്സ്) ഉന്നതനില കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സാക്ഷരതയിലും ഉയർന്ന ആയുർദൈർഘ്യത്തിലും കുറഞ്ഞ ശിശുമരണനിരക്കിലും സംസ്ഥാനത്തിന്റെ നേട്ടങ്ങൾ വിഖ്യാതമാണ്



നത്തിനും നടപ്പാക്കലിനുമുള്ള സംസ്ഥാനത്തിന്റെ ഉത്തരവാദിത്വങ്ങളും ഗണ്യമായി വർധിപ്പിച്ചു. കേന്ദ്രപദ്ധതികളും കേന്ദ്രധനസഹായത്തോടെയുള്ള പദ്ധതികളും പൊതുവെ ഗൗരവതരമായ ദൗർബല്യങ്ങൾ ഏറ്റുവാങ്ങുന്നവയാണ്. ഇതേ മാതൃക രാജ്യം മുഴുവൻ സാഹചര്യങ്ങളിലെയും ചെലവിലെയും പ്രയോഗക്ഷമതയിലെയും വൈജാത്യങ്ങൾ ഉണ്ടായിരിക്കെത്തന്നെ ആവർത്തിക്കപ്പെടുന്നു. ഈ പ്രശ്നം പല തവണ ഞങ്ങൾ ആസൂത്രണ കമ്മിഷന്റെയും ഇന്ത്യാ ഗവൺമെന്റിന്റെയും ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. തത്ഫലമായാണ് ആസൂത്രണ കമ്മിഷൻ അംഗം ബി.കെ ചതുർവേദിയുടെ നേതൃത്വത്തിലുള്ള സമിതി ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കാനുള്ള നടപടികൾ നിർദേശിച്ചത്. ചില ഭേദഗതികളോടെ കേന്ദ്രമന്ത്രിസഭ സമിതിയുടെ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ട്. വിഭവങ്ങളുടെ കൈമാറ്റത്തിന്റെയും പ്രാദേശികമായി പ്രസക്തമായ പദ്ധതികൾ നടപ്പാക്കലിന് സംസ്ഥാനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാക്കലിന്റെയും കാര്യത്തിൽ ധനകമ്മിഷൻ പുതിയൊരു സമീപനം കൈക്കൊള്ളുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

സംസ്ഥാനങ്ങൾക്കുള്ള വിഭവവിതരണത്തിൽ തുടർച്ചയായി കുറവുണ്ടാകുന്നതും പകരം കേന്ദ്രപദ്ധതികളുടെയും കേന്ദ്രസഹായത്തോടെയുള്ള പദ്ധതികളുടെയും വിഹിതത്തിലുണ്ടായ വർധനയും ഇപ്പോൾ ധനകമ്മിഷൻ പൂർണമായും തിരിച്ചറിഞ്ഞിട്ടുണ്ടാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. സാമ്പത്തിക പ്രതിസന്ധിയെയും കേന്ദ്രസർക്കാർ നടപ്പാക്കിയ ഉത്തേജന പാക്കേജിനെയും തുടർന്ന് ജിഡിപി ശരാശരിയിൽ കേന്ദ്രനികുതിയിലുണ്ടായ ഇടിവ് പിന്നെയും വിഭവലഭ്യതയെ സാരമായി ബാധിച്ചു. നമ്മുടെ ഉത്തരവാദിത്വങ്ങൾ കൂടിയിരിക്കുന്നു, ആവശ്യങ്ങൾ വർധിച്ചിരിക്കുന്നു, പക്ഷെ കേന്ദ്രവിഭവങ്ങളിൽ നമ്മുടെ പങ്ക് ഇടിഞ്ഞുകൊണ്ടിരിക്കുന്നു, ഇതാണ് അവസ്ഥ. ഇന്ത്യയെപ്പോലെ ബൃഹത്തും വൈവിധ്യമാർന്നതുമായ ഒരു രാജ്യത്ത് മികച്ച ഭരണത്തിന്റെ മുന്നുപാധി വർധിതമായ വികേന്ദ്രീകരണമാണ്. എങ്കിലും കഴിഞ്ഞ പല വർഷങ്ങളായുള്ള പ്രവണത തീർത്തും വിരുദ്ധമാണ്. വിഭവങ്ങളുടെ ആഗിരണത്തിലും ഉപയോഗത്തിലും കേന്ദ്രീകരണം വളർന്നുകൊണ്ടിരിക്കുന്നു. ഈ അസന്തുലിതത്വം പരിഹരിക്കാനുള്ള സവിശേഷാവസരമാണ് പതിനാലാം ധനകമ്മിഷന്റെ മുന്നിലുള്ളത്. അത് പ്രാഥമികതലത്തിൽ വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതി



ധനകമ്മിഷൻ അദ്ധ്യക്ഷൻ വൈ.വി. റെഡ്ഡിയോടൊപ്പം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ധനമന്ത്രി കെ.എം. മാണി, ആസൂത്രണകാര്യമന്ത്രി കെ.സി. ജോസഫ്, വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി തുടങ്ങിയവർ

ലേക്കും സാമ്പത്തികവളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിലേക്കും നയിക്കും.

ആരോഗ്യരക്ഷ, വിദ്യാഭ്യാസം, പരിസ്ഥിതി എന്നിവയ്ക്ക് ഉയർന്ന പരിഗണന നൽകുന്ന വികസന മാതൃകയാണ് കേരളം പിന്തുടരുന്നത്. മനുഷ്യവികസനസൂചികയിലും (ഹ്യൂമൻ ഡവലപ്മെന്റ് ഇൻഡക്സ്) ജീവിതനിലവാര സൂചികയിലും (പിക്യൂഎൽഐ-ഫിസിക്കൽ ക്വാളിറ്റി ഓഫ് ലിവിങ് ഇൻഡക്സ്) ഉന്നതനില കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സാക്ഷരതയിലും ഉയർന്ന ആയുർദൈർഘ്യത്തിലും കുറഞ്ഞ ശിശുമരണനിരക്കിലും സംസ്ഥാനത്തിന്റെ നേട്ടങ്ങൾ വിഖ്യാതമാണ്. കഴിഞ്ഞ ആറു ദശകങ്ങൾക്കുള്ളിൽ കേരളം ആരോഗ്യസുരക്ഷയിലും വിദ്യാഭ്യാസത്തിലും ഗണ്യമായ അടിസ്ഥാനസൗകര്യങ്ങളും സംവിധാനങ്ങളും വികസിപ്പിച്ചിട്ടുണ്ട്. തത്ഫലമായുണ്ടായ പ്രകടമായ മാറ്റങ്ങൾ അംഗീകരിക്കപ്പെടേണ്ടതുണ്ട്. സംസ്ഥാനത്തിന് പ്രത്യക്ഷമായുണ്ടായ നേട്ടങ്ങൾക്കു പുറമെ മറ്റു സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും നമ്മൾ വിദഗ്ധ മനുഷ്യവിഭവശേഷിയും പ്രദാനം ചെയ്യുന്നു. കേരളത്തിൽനിന്നുള്ള മുപ്പതുലക്ഷത്തോളം വരുന്ന പ്രവാസികൾ വിദേശനാണ്യസമ്പാദനത്തിലൂടെ ഗണ്യമായ സംഭാവന നൽകിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന് നൽകുന്ന വിവിധ സംഭാവനകൾക്കു പുറമെയാണിത്. നേരത്തെയുണ്ടായ വിദ്യാവികാസം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഡോക്ടർമാരെയും എഞ്ചിനീയർമാരെയും അധ്യാപകരെയും നേഴ്സുമാരെയും പോലുള്ള നിപുണതൊഴിൽശേഷി പതിവായി പ്രദാനം ചെയ്യാൻ സംസ്ഥാനത്തെ സഹായിച്ചു. മദ്ധ്യേഷ്യയിലെ സമീപകാല മാറ്റങ്ങൾ വലിയതോതിലുള്ള വിദേശ ഇന്ത്യക്കാരുടെ മടങ്ങിവരവിന് കാരണമായിട്ടുണ്ട്. ഈ പ്രവണത തുടരുമെന്ന് പ്രതീക്ഷിക്കുന്നു. അവരുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്.

> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ ഫണ്ട് വിഹിതത്തിന്റെ അഞ്ച് ശതമാനമായി കൂട്ടണമെന്നാണ് കമ്മിഷനോട് ഞങ്ങളുടെ അപേക്ഷ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരുത്തുന്ന മൂലധനചെലവ് സംസ്ഥാനത്തിന്റെ റവന്യൂ ചെലവിൽനിന്ന് ഒഴിവാക്കണമെന്നും ഞാൻ കമ്മിഷനോട് അഭ്യർഥിക്കുന്നു; അത് റവന്യൂ കമ്മി ഗണ്യമായി കുറയ്ക്കാൻ സംസ്ഥാനങ്ങളെ സഹായിക്കും.

കേരളത്തിന് ചില സവിശേഷ നേട്ടങ്ങളുണ്ടെങ്കിലും അതിന്റെ ധനശേഷിക്ക് പല പരിമിതികളുമുണ്ട്. ആഭ്യന്തര ഉത്പന്നത്തിന്റെ ഏതാണ്ട് 68 ശതമാനത്തോളം വരുന്നത് സേവനങ്ങളിൽനിന്നാണ്, അതിൽ ഭൂരിഭാഗവും സാമൂഹികമേഖലയിൽനിന്നുമാണെന്നതിനാൽ നികുതി ഈടാക്കാനുമാവില്ല. സംസ്ഥാനത്തിന് ഉറച്ച ഒരു ഉത്പാദനാടിത്തറയില്ലാത്തതിനാൽ ആ മേഖലയിൽനിന്നുള്ള സാമ്പത്തികസംഭാവനയും പരിമിതമാണ്. നമ്മുടെ വ്യവസായം പ്രധാനമായും പരമ്പരാഗതവും കാർഷികാധിഷ്ഠിതവുമായ ചെറുകിട, ഇടത്തര സംരംഭങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. അധികം നികുതിവരുമാനം ഉത്പാദിപ്പിക്കുന്നതല്ല അവയൊന്നും. പ്രാഥമികമായും ഒരു ഉപഭോക്തൃസംസ്ഥാനമാണ് കേരളം. നികുതിവരുമാനത്തിന്റെ സിംഹഭാഗവും വില്പന നികുതിയാണ്. അതിനാൽതന്നെ വളർച്ചാനിരക്കിലെ ഇടിവോ പണപ്പെരുപ്പമോപോലെ ദേശീയസമ്പദ്വ്യവസ്ഥയിലെ പ്രതികൂലമായ സംഭവവികാസങ്ങൾക്ക് സംസ്ഥാനത്തിന്റെ വരുമാനം ഏറെയധികം അടിപ്പെട്ടുപോയേക്കാം. പക്ഷെ ഈ പ്രതികൂലാവസ്ഥകളൊക്കെയുണ്ടായിട്ടും വായ്പാനില ഉറപ്പിച്ചുനിർത്തുന്നതിനും കടം പതിമൂന്നാം ധനകമ്മിഷൻ ശുപാർശ ചെയ്തതിന്റെ താഴേക്ക് കൊണ്ടുവരുന്നതിനും

സംസ്ഥാനത്തിന് വിജയം കാണാനായി.

കമ്മിഷന് നൽകിയ നിവേദനത്തിൽ കേന്ദ്ര നികുതികളുടെ വിതരണത്തിലും അതിലുമേറെ വിഭവങ്ങളുടെ കൈമാറ്റത്തിലും പുതിയൊരു ഫോർമുല സ്വീകരിക്കുന്നതിനായി ഞങ്ങൾ വാദിച്ചിട്ടുണ്ട്. എന്റെ കാഴ്ചപ്പാടിൽ ഇതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ജനസംഖ്യാഘടകത്തെ ആശ്രയിച്ചായിരിക്കണം വിതരണം. കാരണം അതാണ് പൗരർക്ക് സേവനങ്ങൾ നൽകുന്നതിനും ഭരണസംവിധാനത്തിന്റെ മറ്റു പ്രവർത്തനങ്ങൾക്കുമായുള്ള സംസ്ഥാന ചെലവിന്റെ അളവും സ്വഭാവവും നിശ്ചയിക്കുന്നത്. നഗരവത്കരണം, സാന്ദ്രത, വനഭൂമിയിൽപെടുന്ന ഭൂപ്രദേശം തുടങ്ങിയ പ്രധാനപ്പെട്ട ഘടകങ്ങൾക്കായി ജനസംഖ്യയുടെ പങ്ക് പൊരുത്തപ്പെടേണ്ടിയിരിക്കുന്നു. സേവനങ്ങളും അടിസ്ഥാനസൗകര്യങ്ങളും മറ്റും നൽകുന്നതിനുള്ള ഗവൺമെന്റിന്റെ ഉത്തരവാദിത്വം നഗരവത്കരണത്തിന്റെയും തത്ഫലമായുണ്ടാകുന്ന സാന്ദ്രതാവർധനയുടെയും വളർച്ചയ്ക്കനുസരിച്ച് ഏറിക്കൊണ്ടിരിക്കുന്നുവെന്ന് പറയേണ്ടതില്ലല്ലോ. വനഭൂമിയിൽപെടുന്ന ഭൂപ്രദേശത്തിന്റെ ശതമാനം ഒരു സംസ്ഥാനത്തിന്റെ പാരിസ്ഥിതിക മാനേജ്മെന്റിന്റെ മാത്രമല്ല സാമ്പത്തിക ശേഷിയുടെയും ഫലപ്രദമായ അളവാണ്.

അധികാരവികേന്ദ്രീകരണത്തിൽ മുന്നിൽ

വിഭവങ്ങളും ചുമതലകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വികേന്ദ്രീകരിച്ചതിൽ മുൻപന്തിയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഭരണഘടനാഭേദഗതികളിൽ പറഞ്ഞ മിക്ക ചുമതലകളും ഒപ്പം ആവശ്യമായ ജീവനക്കാരെയും ഈ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. കൈമാറിയ വിഭവങ്ങളിൽ 25 ശതമാനം പദ്ധതിവിഹിതവും സംസ്ഥാന നികുതിവരുമാനത്തിന്റെ ഒമ്പത് ശതമാനവും ഉൾപ്പെടുന്നു. സംസ്ഥാന ധനകമ്മിഷന്റെ ശുപാർശകൾക്കനുസൃതമായി ഇതിന്റെ അളവ് ഗുണകരമായി വർധിക്കും. നമുക്ക് ഇപ്പോൾതന്നെ നാല് ധനകമ്മിഷനുകൾ രൂപവത്കരിക്കാനായെന്നും അവയുടെ ശുപാർശകളിൽ മിക്കതും നടപ്പാക്കാനായെന്നതും ഇവിടെ എടുത്തുകാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. ഫലപ്രദമായ അധികാരവികേന്ദ്രീകരണം ഭരണത്തെയും ക്ഷേമപ്രവർത്തനങ്ങളെയും ഗണ്യമായി മെച്ചപ്പെടുത്തുമെന്നാണ് അനുഭവം തെളിയിക്കുന്നത്. ബഹുതലത്തിലുള്ള ദാരിദ്ര്യം ലഘൂകരിക്കുന്നതിൽ നമ്മുടെ നേട്ടം ഉജ്ജ്വലമാണ്. ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പരിശീലനത്തിലൂടെയും ശേഷി കെട്ടിപ്പടുത്തും അവയ്ക്കാവശ്യമായ സാങ്കേതിക വൈദഗ്ധ്യം നൽകിയും കരുത്തുറ്റതാക്കി അധികാരവികേന്ദ്രീകരണത്തെ ഇനിയും മെച്ചപ്പെടുത്താനാണ് നാം ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ ഫണ്ട് വിഹിതത്തിന്റെ അഞ്ച് ശതമാനമായി കൂട്ടണമെന്നാണ് കമ്മിഷനോട് ഞങ്ങളുടെ അപേക്ഷ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരുത്തുന്ന മൂലധനചെലവ് സംസ്ഥാനത്തിന്റെ റവന്യൂ ചെലവിൽനിന്ന് ഒഴിവാക്കണമെന്നും ഞാൻ കമ്മിഷനോട് അഭ്യർഥിക്കുന്നു; അത് റവന്യൂ കമ്മി ഗണ്യമായി കുറയ്ക്കാൻ സംസ്ഥാനങ്ങളെ സഹായിക്കും.

ഇനി ഗൗരവതരമായ ഒരു പ്രശ്നം കമ്മിഷന്റെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. പശ്ചിമഘട്ട പരിസ്ഥിതി മാനേജ്മെന്റുമായി ബന്ധപ്പെട്ടതാണത്. എല്ലാവർക്കും അറിയാവുന്നതുപോലെ 164280 ചതുരശ്ര കി.മീ വിസ്തൃതിയിൽ 1500 കി.മീ പരന്നുകിടക്കുന്ന പശ്ചിമഘട്ടം ആറു സംസ്ഥാനങ്ങളെ ഉൾക്കൊള്ളുന്നു. പരിസ്ഥിതി-വനം മന്ത്രാലയം നേരത്തെ പരിസ്ഥിതി ലോലമേഖലകൾ വേർതിരിക്കാനും സംരക്ഷണ നടപടികൾ നിർദ്ദേശിക്കാനുമായി ഒരു വിദഗ്ധ പാനൽ രൂപവത്കരിച്ചിരുന്നു. പാനലിന്റെ ശുപാർശകൾ പല ഭാഗങ്ങളിൽനിന്നും എതിർപ്പ് ഉയർത്തി. അതിനുശേഷം ആസൂത്രണ കമ്മിഷൻ അംഗം ഡോ.കെ. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ പാരിസ്ഥിതിക വ്യവസ്ഥയുടെ സംരക്ഷണത്തിൽ ഊന്നുമ്പോൾതന്നെ സുസ്ഥിരവും ന്യായയുക്തവുമായ ഒരു സമഗ്ര സമീപനം നിർദ്ദേശിക്കാനായി ഉന്നതതല സമിതി നിലവിൽവന്നു.

ഡോ. കസ്തൂരിരംഗൻ സമിതിയുടെ സമീപനരീതി കേരളത്തിന് സ്വീകാര്യമല്ല.



> എന്റെ സർക്കാർ ഭവന സൗകര്യമൊരുക്കുന്നതിന് ഉയർന്ന പരിഗണന നൽകുന്നു. ഭൂരഹിതരും ഭവനരഹിതരുമായവർക്ക് മൂന്ന് സെന്റ് വീതം ലഭ്യമായ സർക്കാർ ഭൂമി നൽകുന്ന പദ്ധതി ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. എങ്കിലും ഭവനരാഹിത്യം കേരളത്തിലെപ്പോലെ ഉയർന്ന ചെലവുള്ള സമ്പദ്വ്യവസ്ഥയിൽ പ്രധാന പ്രശ്നമായി തുടരുന്നു. കുറഞ്ഞത് പതിനായിരം കോടിയെങ്കിലും ഇതിനാവശ്യമുണ്ടെന്നാണ് എന്റെ മതിപ്പ്.

അടിസ്ഥാനതല അവസ്ഥ പഠിക്കാനായി കേരള സർക്കാർ ഒരു ഉന്നതതല വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം സർക്കാർ അന്തിമാഭിപ്രായം തീരുമാനിക്കും.

സ്വാഭാവിക ഭൂപ്രകൃതിയുടെ 37 ശതമാനവും വർക്കിങ് ഗ്രൂപ്പ് വളരെയേറെ ജൈവസമ്പന്നമായ പാരിസ്ഥിതിക ലോല പ്രദേശങ്ങളായി അടയാളപ്പെടുത്തിയിട്ടുണ്ട്. പരിസിഥിതി വിനാശകരമായ കുറെയധികം പ്രവൃത്തികളുടെ നിരോധനം അവർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രകൃതിവിഭവങ്ങളുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിന് ഞങ്ങൾ തീർത്തും പ്രതിജ്ഞാബദ്ധമാണ്. അതേസമയം പശ്ചിമഘട്ടത്തിലെ മനുഷ്യാധിവാസത്തിന്റെ ദീർഘചരിത്രവും നാം തിരിച്ചറിയേണ്ടതുണ്ട്. അത് മിക്കപ്പോഴും ഭക്ഷ്യവിളകളും തോട്ടങ്ങളും വിനോദസഞ്ചാര ബന്ധിതമായ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കാനായി സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സജീവമായ പിന്തുണയോടെയായിരുന്നു. കുടിയേറ്റം. അതിജീവനം, മൂലധനനി

ക്ഷേപം എന്നീ സങ്കീർണമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതിനാൽ ഈ അവസ്ഥ ഒറ്റ രാത്രികൊണ്ട് മാറ്റിത്തീർക്കാനാവില്ല. പരിസ്ഥിതിയുടെ സംരക്ഷണം ഉറപ്പു വരുത്തുന്ന ഹരിതവികസന നയങ്ങൾ നടപ്പാക്കേണ്ടതുണ്ട്. അതിന് ശാസ്ത്രീയ പഠനങ്ങളും നിരീക്ഷണവും പരിസ്ഥിതി സൗഹൃദ കൃഷിയുടെയും തൊഴിലിന്റെയും പ്രോത്സാഹനവും വികസനപദ്ധതികൾ പരിസ്ഥിതി സംരക്ഷണ നയത്തിന് അനുസൃതമായി പുനർരൂപകല്പന ചെയ്യലും ആവശ്യമാണ്. സംസ്ഥാനത്തിന്റെ ശേഷിക്കുമപ്പുറം ഗണ്യമായ വിഭവങ്ങൾ അതാവശ്യപ്പെടുന്നു. അതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിലെ പര്യാലോചനകളോടെ പരിസ്ഥിതി സംരക്ഷണം ശക്തിപ്പെടുത്തൽ, ജൈവവൈവിധ്യ മാനേജ്മെന്റ്, പ്രാഥമികതല പരിസ്ഥിതി പരിപാലനം എന്നിവയ്ക്കായി പ്രത്യേക ഗ്രാന്റായി 1200 കോടി രൂപ അനുവദിക്കണമെന്ന് ഞാൻ കമ്മിഷനോട് അഭ്യർഥിക്കുന്നു.

സ്വന്തമായൊരു വീടില്ലാത്ത അഞ്ച് ലക്ഷം കുടുംബങ്ങളുണ്ടെന്നതാണ് സംസ്ഥാന ജനത നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. മുഖ്യമന്ത്രിയായി ചുമതലയേറ്റ നാൾ മുതൽ സമൂഹത്തിലെ ദരിദ്രവിഭാഗങ്ങളുമായി നിരന്തരമായി ഞാൻ അടുത്തിടപഴകുന്നു. എല്ലാ ജില്ലകളിലും ഞാൻ ഒന്നിലേറെ തവണ ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയുടെ രണ്ടാംഘട്ടം ഈ മാസം 17-ന് സമാപിച്ചതേയുള്ളൂ. എല്ലായിടത്തും എന്റെ ശ്രദ്ധയിൽവന്നത് അതിപ്രധാനമായ ആരോഗ്യ-ഭവന വിഷയങ്ങളാണ്. അതിനാൽതന്നെ എന്റെ സർക്കാർ ഭവനസൗകര്യമൊരുക്കുന്നതിന് ഉയർന്ന പരിഗണന നൽകുന്നു. ഭൂരഹിതരും ഭവനരഹിതരുമായവർക്ക് മൂന്ന് സെന്റ് വീതം ലഭ്യമായ സർക്കാർ ഭൂമി നൽകുന്ന പദ്ധതി ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. എങ്കിലും ഭവനരാഹിത്യം കേരളത്തിലെപ്പോലെ ഉയർന്ന ചെലവുള്ള സമ്പദ്വ്യവസ്ഥയിൽ പ്രധാന പ്രശ്നമായി തുടരുന്നു. കുറഞ്ഞത് പതിനായിരം കോടിയെങ്കിലും ഇതിനാവശ്യമുണ്ടെന്നാണ് എന്റെ മതിപ്പ്. ഭവനവികസനത്തിനായി മതിയായ ഫണ്ട് വകയിരുത്തണമെന്നാണ് കമ്മിഷനോട് എനിക്ക് പറയാനുള്ളത്.

ആരോഗ്യ രംഗത്തെ അടുത്ത ചുവടുകൾ

രണ്ടാംതലമുറ ആരോഗ്യപ്രശ്നങ്ങളെയും നമ്മുടെ സംസ്ഥാനത്തിന് നേരിടേണ്ടിയിരിക്കുന്നു. പകരാത്ത രോഗങ്ങൾ, ഹൃദയ, പ്രമേഹ, അർബുദ ചികിത്സ, ഗുണനിലവാരം, രോഗീസുരക്ഷ എന്നിവയ്ക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു. നിലവാരമില്ലാത്ത മരുന്നുകളുടെ ഉപയോഗം ഇരട്ടിയായിരിക്കുന്നു. മരുന്നുപരീക്ഷണ ലബോറട്ടറികൾ സ്ഥാപിച്ച് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. അംഗപരിമിതരുടെയും വൃദ്ധരുടെയും പ്രശ്നങ്ങൾ-സമീപകാലത്ത് അത് ഗണ്യമായി ഉയർന്നിരിക്കുന്നു-നാം അഭിസംബോധന ചെയ്യേണ്ടതുണ്ട്. ആരോഗ്യരംഗത്തിന് സംസ്ഥാന സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. അംഗപരിമിതർക്ക് ഉൾപ്പെടെ പ്രയോജനകരമായ നിരവധി നവീന പദ്ധതികളാണ് ആരംഭിച്ചിരിക്കുന്നത്. ധനകമ്മിഷൻ കേരളത്തിന്റെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് നിവേദനത്തിൽ ഞങ്ങൾ പരാമർശിച്ചിരിക്കുന്നതുപോലെ ആരോഗ്യരക്ഷയിലെ അടുത്ത ചുവടുകളായ വൃദ്ധരുടെയും ഭിന്നശേഷിയുള്ളവരുടെയും പരിചരണത്തിന്റെ മേഖലയിൽ മതിയായ വിഭവങ്ങൾ നൽകേണ്ടതും പ്രധാനമാണ്.

ഭരണഘടനയുടെ അനുച്ഛേദം 275-ന്റെ കീഴിൽ ഗണ്യമായ ഗ്രാന്റുകൾക്ക് അർഹമായ മറ്റൊരു പ്രധാന മേഖല അടിസ്ഥാനസൗകര്യവികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണിക്കും ഉൾനാടൻ ജലപാതകളുടെ അതിദ്രുത വികസനത്തിനും ചെറിയ തുറമുഖങ്ങൾ, തീരദേശ കപ്പൽയാന വികസനം എന്നിവയ്ക്കും മതിയായ വിഭവങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് മികച്ച അടിസ്ഥാനസൗകര്യം ആവശ്യമാണ്. പതിനാലാം ധനകമ്മിഷൻ ഈ മേഖലയിൽ പുതിയ വഴിതുറക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

പ്രധാന പ്രശ്നങ്ങളിൽ ചിലവ മാത്രമെ ഞാനിവിടെ എടുത്തുകാട്ടിയിട്ടുള്ളൂ. കമ്മിഷന്റെ മുമ്പിൽ താമസിയാതെതന്നെ അവതരിപ്പിക്കേണ്ട മറ്റു ധാരാളം പ്രശ്നങ്ങളുമുണ്ട്. അടുത്ത ഏതാനും മാസങ്ങളിലായി അനുബന്ധ രേഖകളിലൂടെ കമ്മിഷന് മുന്നിൽ ഈ പ്രശ്നങ്ങളും ഞങ്ങൾ അവതരിപ്പിക്കും. അർഥവത്തും സഫലവുമായ ചർച്ചകൾ ഈ കൂടിക്കാഴ്ചകളിൽ ഞാൻ പ്രതീക്ഷിക്കുന്നു. ■



ഡോ. മേരി ജോർജ്

ധനകമ്മിഷൻ കേരളം എന്തു നേടും?

സാമൂഹിക വളർച്ചാ സൂചകങ്ങളിലെല്ലാം ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിന് ആ നേട്ടങ്ങൾ കൈവിട്ടുപോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ലഭിക്കേണ്ടതുണ്ട്

ധനകമ്മിഷൻ ഒരു ഫെഡറൽ സംവിധാനത്തിന്റെ കെട്ടുറപ്പിന് ശക്തമായ താങ്ങാണ് നൽകുന്നത്. കേന്ദ്ര സർക്കാരും സംസ്ഥാനങ്ങളും തമ്മിൽ ജന്മി-കുടിയാൻ ബന്ധമല്ല മറിച്ച് ധനകാര്യതീരുമാനങ്ങൾ കൂട്ടായി ചിന്തിച്ച് എടുക്കേണ്ടതും ധനവിഭവങ്ങൾ പങ്കുവയ്ക്കപ്പെടേണ്ടതുമാണെന്ന തത്വത്തിൽ നിന്നാണ് ധനകമ്മിഷൻ രൂപം കൊണ്ടത്. കേന്ദ്രം സംസ്ഥാനങ്ങളുമായി വിഭവങ്ങൾ പങ്കുവെക്കുന്നത് വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാവണം. അല്ലാതെ കേന്ദ്രസർക്കാരിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചായിരിക്കരുത് എന്നാണ് വിവക്ഷ. വലിയൊരളവുവരെ വസ്തുനിഷ്ഠമായ രീതിയിൽ തന്നെ കേന്ദ്ര-സംസ്ഥാന വിഭവകൈമാറ്റം സാധിച്ചെടുക്കാൻ അതതു കാലത്തെ ധനകമ്മിഷന് സാധിച്ചിട്ടുണ്ട്. എന്നാൽ കാലാനുഗതമായ സംസ്ഥാനതല ധനകാര്യമാറ്റങ്ങൾക്കനുസരിച്ച് വിഭവകൈമാറ്റം മാനദണ്ഡങ്ങളിൽ മാറ്റംവരുത്തായ്കയാലും വരുത്തുന്ന മാറ്റങ്ങൾ കമ്മിഷന്റെ വിവേചനവിധേയമാവുകയാലും പ്രശ്നങ്ങൾ തലപൊക്കുക സാധാരണമായി.

ചില സംസ്ഥാനങ്ങൾ അവയുടെ നേട്ടങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെടുന്നു (ഉദാ: കേരളം), മറ്റുചില സംസ്ഥാനങ്ങൾ അവയുടെ ഉദാസീനതയും തെറ്റായ ധനവിനിയോഗ/ഭരണരീതികൾ മൂലവും സാമൂഹികവികസന സൂചകങ്ങളിൽ പിന്നിൽ നിൽക്കുന്നതിന്റെ പേരിൽ വീണ്ടും വീണ്ടും കൂടുതൽ വിഹിതം നേടിയെടുക്കുന്നു. ഈ തെറ്റായ പ്രവണതകൾ ധനകമ്മിഷൻ പ്രവർത്തനങ്ങളെ സംശയദൃഷ്ടിയോടെ നോക്കിക്കാണാൻ പല സംസ്ഥാനങ്ങളെയും പ്രേരിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ് 14 ാം ധനകമ്മിഷന് കേരളം കൊടുത്ത മെമ്മോറാണ്ടത്തിൽ കേരളത്തിന്റെ ധനപരമായ ശക്തിയും ശക്തിഹീനതയും വേണ്ടരീതിയിൽ പ്രതിഫലിപ്പിച്ചിട്ടുണ്ടോ, അർഹിക്കുന്ന വിഹിതം നേടാൻതക്ക യുക്തിഭദ്രമായ രീതിയിലാണോ മെമ്മോറാണ്ടം തയാറാക്കിയത് എന്നൊക്കെ അന്വേഷിക്കേണ്ടത്.

ഭരണഘടനയുടെ 275, 280, 281, 282 തുടങ്ങിയ അനുഛേദങ്ങൾക്കനുസരണമാണ് കേന്ദ്ര-സംസ്ഥാന വിഭവവിതരണപ്രക്രിയ തുടർന്നുപോരുന്നത്. കേന്ദ്രവും സംസ്ഥാനങ്ങളും കടക്കെണിയിലേക്കു കുതിക്കുന്ന സാഹചര്യത്തിലാണ് ധന ഏകീകരണനടപടികളുമായി ധനകമ്മിഷൻ മുമ്പോട്ടുവന്നത്. അതിനുവേണ്ടി കേന്ദ്ര സർക്കാർ 13 ാം ധനകാര്യകമ്മിഷൻ നിർദേശപ്രകാരം 2003 ൽ ധനകാര്യ ഉത്തരവാദിത്വ, ബജറ്റ് മാനേജ്മെന്റ് നിയമം കൊണ്ടുവന്നു. അപ്രകാരം ഓരോ സംസ്ഥാനവും 2002-03 ധനവർഷം മുതൽ 2007-08 ധനവർഷം വരെയുള്ള കാലയളവിൽ റവന്യൂകമ്മി ഇല്ലാതാക്കുകയും ധനകമ്മി സംസ്ഥാനമൊത്തവരുമാനത്തിന്റെ രണ്ടു ശതമാനത്തിലെത്തിക്കുകയുമായിരുന്നു ലക്ഷ്യം. എന്നാൽ ആഗോളമാന്ദ്യത്തിന്റെ ആഘാതം അലകളായി ഇന്ത്യയിലും പ്രത്യക്ഷപ്പെട്ടപ്പോൾ 2003 ലെ എഫ്.ആർ.ബി.എം. നിയമം ഭേദഗതി ചെയ്യുകയും ധനകാര്യ ഏകീകരണം 2014-15 ധനവർഷത്തോടെ കൈവരിക്കത്തക്ക രീതിയിൽ പുനർരചിക്കുകയും ചെയ്തു. അതനുസരിച്ച് സംസ്ഥാനങ്ങൾ 2014-15 ബജറ്റിൽ റവന്യൂവരുമാനവും റവന്യു ചെലവും തമ്മിലുള്ള വിടവ് ഇല്ലാതാക്കണം. ധനകമ്മി മൊത്തസംസ്ഥാന വരുമാനത്തിന്റെ മൂന്ന് ശതമാനമായി നിജപ്പെടുത്തുകയും വേണം.

13 ാം ധനകാര്യകമ്മിഷൻ നിർദേശിച്ച രീതിയിൽ ധന ഏകീകരണം നേടുന്നകാര്യത്തിൽ കേരളത്തിന് സാവകാശം വേണ്ടിവരുമെന്നത് ന്യായം മാത്രം. സാമൂഹികവളർച്ചാ സൂചകങ്ങളിലെല്ലാം ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളം ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലാണ്. ഈ മേഖലകളിൽ സർക്കാർ വ്യാപകമായി നിക്ഷേപം നടത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ ബജറ്റിൽ (2013-14) തന്നെ അഞ്ചു പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് തുക വകയിരുത്തിയത് ചെറിയ ഉദാഹരണം മാത്രം. എന്നാൽ ആരോഗ്യരംഗത്ത് നാം തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പുതിയ രോഗങ്ങൾ തലപൊക്കുന്നു, നിസ്സാരമെന്നു നാളിതുവരെ കരുതിയിരുന്ന പല രോഗങ്ങളും മാരകങ്ങളായി രൂപാന്തരപ്പെടുന്നു. മലീമസമാക്കപ്പെടുന്ന കായലുകളും പുഴ

പട്ടിക ഒന്ന്: താരതമ്യ ധനവളർച്ചാ സൂചകങ്ങൾ (2012-13 ഉം 2013-14 ഉം)

ക്രമ നമ്പർ	ഇനം	സെപ്റ്റംബർ 30 വരെ ശതമാനത്തിൽ	
		2012-2013	2013-2014
1.	റവന്യൂ വരുമാനം	41.52	37.90
2.	വില്പന നികുതി	44.10	38.65
3.	നികുതിയിതരവരുമാനം	43.49	37.01
4.	കേന്ദ്രവിഹിതം	34.35	36.16
5.	ക്യാപ്പിറ്റൽ റെസീപ്റ്റ്സ്	44.51	33.75
6.	കടവും മറ്റു ബാധ്യതകളും	44.71	33.80
7.	മൊത്തം വരവ്	42.08	37.16
8.	പദ്ധതിയിതര ചെലവ്	45.50	41.44
9.	ശമ്പള ചെലവ്	53.43	50.56
10.	പദ്ധതി ചെലവ്	26.51	22.01
11.	മൊത്തം ചെലവ്	41.67	37.42
12.	റവന്യൂ ചെലവ്	44.37	39.99
13.	മൂലധന ചെലവ്	21.22	19.43

NB: ബജറ്റ് ലക്ഷ്യംവെച്ചിരിക്കുന്നതിന്റെ ശതമാനം. കടപ്പാട്: ധനവകുപ്പ്, കേരള ഗവൺമെന്റ്

കളും സാംക്രമികരോഗങ്ങളുടെ ഈറ്റില്ലമായി മാറിയിരിക്കുന്നു. ഈ കാരണങ്ങളാൽ തന്നെ ആരോഗ്യരംഗത്ത് കൂടുതൽ പൊതുമേഖലാ മുതൽമുടക്കു വേണ്ടിവരുന്നു. അതോടൊപ്പം ജലാശയങ്ങളുടെ ശുചീകരണം അനിവാര്യമായിരിക്കുന്നു. ആരോഗ്യരംഗത്തെ ഗവേഷണപര്യവേഷണത്തിനും ജലാശയശുചീകരണത്തിനുമായി കേരളത്തിന് ഒരു സ്പെഷ്യൽ ഗ്രാന്റ് ചോദിക്കാവുന്നതാണ്. ആരോഗ്യരംഗത്തെ മികച്ച നേട്ടങ്ങൾ കൈവിട്ടുപോകാതിരിക്കാൻ ഇത്തരം ഗ്രാന്റുകൾ സഹായിക്കും.

മറ്റൊരു മേഖലയാണ് വിദ്യാഭ്യാസരംഗം. സാക്ഷരത 100 ശതമാനത്തോടടുക്കുന്നു. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരാണ് വലിയൊരളവുവരെ യുവജനത. എന്നാൽ അളവിലുണ്ടായ വളർച്ച ഗുണത്തിൽ രൂപപ്പെടുത്താൻ സാധിക്കാതെ കേരളം പിന്തള്ളപ്പെടുന്നു. തന്മൂലം വിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി സത്വരനടപടികൾ അനിവാര്യമാണ്. വിഷൻ 2013-ന്റെ കേരളത്തെ ഒരു വിജ്ഞാന വിപണന കേന്ദ്രമായി മാറ്റുകയെന്ന ലക്ഷ്യം മറക്കേണ്ടതില്ല ഇവിടെ. 12 ാം പഞ്ചവത്സര പദ്ധതികാലത്ത് 12 വനിതാ സർവകലാശാലകൾ കേന്ദ്രസർക്കാർ വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിലൊന്ന് കേരളത്തിൽ വരണം. കൊണ്ടുവരാൻ കഴിഞ്ഞാൽ വരും നാളുകളിൽ മികച്ച നേട്ടങ്ങൾ കൊയ്യാം.

വിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി സത്വരനടപടികൾ അനിവാര്യമാണ്. വിഷൻ 2013-ന്റെ കേരളത്തെ ഒരു വിജ്ഞാന വിപണന കേന്ദ്രമായി മാറ്റുകയെന്ന ലക്ഷ്യം മറക്കേണ്ടതില്ല ഇവിടെ. 12 ാം പഞ്ചവത്സര പദ്ധതികാലത്ത് 12 വനിതാ സർവകലാശാലകൾ കേന്ദ്രസർക്കാർ വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിലൊന്ന് കേരളത്തിൽ വരണം.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലുണ്ടാക്കിയ നേട്ടം ബഹുമുഖ രണ്ടാം തലമുറ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അവയ്ക്ക് കാര്യക്ഷമവും ദീർഘകാല പരിപ്രേക്ഷ്യത്തിൽ കരുപിടിപ്പിച്ചതുമായ പരിഹാരനടപടികളൊന്നുമില്ല. 'വൃദ്ധസംരക്ഷണം' വിപണിക്കുവിടാവുന്ന ഒന്നല്ല. അതിലേക്ക് വൻ മുതൽമുടക്കുണ്ടാവണം. പെൻഷൻ ഫണ്ടുപോലെ 'വൃദ്ധസംരക്ഷണ ഫണ്ട്' ഉണ്ടാകണം. മൊബൈൽ ക്ലിനിക്കുകളും മൊബൈൽ അടുക്കളയും ഉണ്ടാവണം. മുതിർന്ന പൗരന്മാരെ (പാർശ്വവത്കൃതരെ) അവരവരുടെ സങ്കേതങ്ങളിൽ ചെന്ന് പരിശോധന, മരുന്ന്, ആഹാരം എന്നിവ നൽകുന്നതോടൊപ്പം വ്യക്തിശുചീകരണം, പരിസര ശുദ്ധീകരണം എന്നിവയും നടത്തപ്പെടണം. ഈ മേഖലയ്ക്ക് ആവശ്യമായ തൊഴിൽ നൈപുണി വളർത്തിയെടുക്കണം. ഇത്തരം ക്ഷേമപദ്ധതികൾക്കെല്ലാമായി കേന്ദ്രം അറിഞ്ഞ് സഹായിക്കേണ്ടതാണ്.

സ്ത്രീകളുടെ ഉന്നമനം

വനിതാജന്യ വികസനപ്രവർത്തനങ്ങൾക്കായി തീർച്ചയായും കേരളത്തിന് ഒരു സ്പെഷ്യൽ ഗ്രാന്റ് അവകാശപ്പെട്ടതാണ്. താഴെ പറയുന്ന കാരണങ്ങൾ കൊണ്ട് നമുക്കത് സമർഥിക്കാം.

1. ലിംഗാനുപാതം: 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്ന അഭിമാനാർഹമായ നേട്ടം കേരളം കൈവരിച്ചപ്പോൾ 1000 പുരുഷന്മാർക്ക് 940 സ്ത്രീകൾ എന്ന ലജ്ജാകരമായ അവസ്ഥയിൽ ഇന്ത്യ തലകുനിച്ചിരിക്കുന്നു. കേരളത്തിലെ ജില്ലകളിലൂടെ കണ്ണോടിച്ചാൽ 1133 സ്ത്രീകൾക്ക് 1000 പുരുഷന്മാരെന്ന നേട്ടത്തോടെ കണ്ണൂർ ജില്ല ഒന്നാം സ്ഥാനത്തുനിൽക്കുമ്പോൾ 1006:1000 എന്ന സ്ത്രീപുരുഷാനുപാതത്തോടെ ഇടുക്കി വാലറ്റത്തു നിൽക്കുന്നു. സ്ത്രീപു

പട്ടിക: രണ്ട്
വനിതകളുടെ തൊഴിലില്ലായ്മ നിരക്ക് (സെൻസസ്/എൻ.എസ്.എസ്.ആ)

തൊഴിലില്ലായ്മ നിരക്ക്	ഇന്ത്യ		കേരളം	
	സെൻസസ് 2011	എൻ.എസ്.എസ്.B 2009-10	സെൻസസ് 2011	എൻ.എസ്.എസ്.B 2009-10
ഗ്രാമീണ വനിതകൾ	28.9	25	22.1	26
നഗരവനിതകൾ	13.8	20	17.7	14



രുഷാനുപാതത്തിലെ ഈ മികച്ച നേട്ടം ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾ മാതൃകയാക്കേണ്ടതാണ്.

2. ഈ നേട്ടവും പക്ഷേ കേരളത്തിന് തിരിച്ചടിയായി മാറുകയാണ്, തൊഴിലില്ലായ്മയുമായി ചേർത്തുവായിക്കുമ്പോൾ ഇന്ത്യയിൽ വനിതകളുടെ തൊഴിലില്ലായ്മ അതിരൂക്ഷമായ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

പട്ടിക 2 പ്രകാരം വനിതകളുടെ തൊഴിലില്ലായ്മ ഇന്ത്യയിൽത്തന്നെ രൂക്ഷമാണ്, കേരളത്തിൽ പ്രത്യേകിച്ചും. തൊഴിലില്ലായ്മയുടെ രൂക്ഷതയ്ക്ക് ആക്കം കൂട്ടുന്ന മറ്റൊരു ഘടകമാണ് കേരളത്തിലെ ജനസംഖ്യാനുപാതം. 52 ശതമാനം സ്ത്രീകളാണ് കേരളത്തിലുള്ളത്. പെൺകുഞ്ഞ് സ്വത്തല്ല, ഉത്തരവാദിത്വമാണെന്ന ചിന്ത കേരളത്തിലും വേരുപിടിച്ചു വരികയാണ്. അത് മുളയിലേ നുള്ളേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കാനും 'പുത്ര' പ്രീണനത്തിന് തടയിടാനും വനിതകളെ തൊഴിൽ നൈപുണ്യപരിശീലനം നൽകി സ്വയംപര്യാപ്തതയിലെത്തിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്.ആയുർ ദൈർഘ്യം പുരുഷന്മാർക്ക് 72 വയസ്സും സ്ത്രീകൾക്ക് 75 വയസ്സുമാണ്. തന്മൂലം വിധവകളുടെ എണ്ണം വർധിക്കുന്നു. ഈ കാരണങ്ങളാലൊക്കെ സ്ത്രീസൗഹൃദ പദ്ധതികൾക്കായി ഒരു സ്പെഷ്യൽ ഗ്രാന്റ് കേരളം നേടേണ്ടിയിരിക്കുന്നു.

അന്യസംസ്ഥാന തൊഴിലാളികൾ കേരളീയരായിമാറിക്കൊണ്ടിരിക്കുകയാണ്.

കേരളം സേവനമേഖലയുടെ കരുത്തുകൊണ്ട് തിളങ്ങിനിൽക്കുന്ന സംസ്ഥാനമാണ്. മിക്കവാറും സേവനങ്ങളിൽ നികുതിപിരിക്കുന്നത് കേന്ദ്ര സർക്കാർ ആയതിനാൽ, കേരളത്തിന്റെ ആളോഹരിവരുമാനവളർച്ചയ്ക്കാനുപാതികമായി നികുതി വരുമാനം വർധിക്കുന്നില്ല. അതിനാൽ സാധനസേവന നികുതി ഏത്രയും വേഗം നടപ്പാക്കണം, കുറേയെങ്കിലും സേവനമേഖലയിലെ നികുതിപിരിവിനുള്ള അവകാശം സംസ്ഥാനത്തിനുകിട്ടുകയും അത് വികസനാവശ്യത്തിന് പ്രയോജനപ്പെടുത്തുകയുമാകാം.

എത്രയും വേഗം അവരെ നമ്മുടെ സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടാൻ അനുവദിച്ചുകൂടാ. ഇക്കാര്യത്തിലും ഒരു പരിഗണന ധനകമ്മിഷൻ നൽകേണ്ടിയിരിക്കുന്നു.

ശിക്ഷ അർഹിക്കുന്ന സംസ്ഥാനങ്ങൾ

കഴിഞ്ഞ 65 വർഷമായി ധനകമ്മിഷനുകൾ പിന്നാക്ക സംസ്ഥാനങ്ങൾക്ക്, അവരവരുടെ താഴ്ന്ന സാമൂഹികവികസന സൂചകങ്ങളുടെ പേരിൽ കൂടുതൽ സ്പെഷ്യൽ ഗ്രാന്റുകളും കിഴിവുകളും അനുവദിക്കുകയാണ്. എന്നിട്ടും അവർ മുൻനിരയിലേക്ക് വരുന്നില്ല. ഇവിടെ 'കാരറ്റ് ആൻഡ് സ്റ്റിക്' നയം കൈക്കൊള്ളണം. ധനകാര്യ ഏകീകരണത്തിന് മാനദണ്ഡങ്ങൾ വെച്ചിട്ടുള്ളതുപോലെ സാമൂഹികസൂചകങ്ങളിലെ മുന്നേറ്റത്തിനും മാനദണ്ഡങ്ങൾ വെക്കണം. ആ മാനദണ്ഡങ്ങൾ പാലിക്കാത്തവരെ ഗ്രാന്റുകൾ കുറച്ചുകൊണ്ട് ശിക്ഷയ്ക്ക് വിധേയരാക്കണം.

കേരളം സേവനമേഖലയുടെ കരുത്തുകൊണ്ട് തിളങ്ങിനിൽക്കുന്ന സംസ്ഥാനമാണ്. മിക്കവാറും സേവനങ്ങളിൽ നികുതിപിരിക്കുന്നത് കേന്ദ്ര സർക്കാർ ആയതിനാൽ, കേരളത്തിന്റെ ആളോഹരിവരുമാനവളർച്ചയ്ക്കാനുപാതികമായി നികുതി വരുമാനം വർധിക്കുന്നില്ല. അതിനാൽ സാധന സേവന നികുതി ഏത്രയും വേഗം നടപ്പാക്കണം, കുറേയെങ്കിലും സേവനമേഖലയിലെ നികുതിപിരിവിനുള്ള അവകാശം സംസ്ഥാനത്തിനുകിട്ടുകയും അത് വികസനാവശ്യത്തിന് പ്രയോജനപ്പെടുത്തുകയുമാകാം. മുരടിപ്പിൽ കിടക്കുന്ന കാർഷിക, വ്യാവസായിക മേഖലകളുടെ വളർച്ചയ്ക്ക് നിക്ഷേപം ആവശ്യമാണ്.

കേരളത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ നിരവധിയാണ്. അവ കമ്മിഷൻ യുക്തിസഹമായി വിലയിരുത്തിയിട്ടുണ്ടോയെന്ന് ഫണ്ട് വിനിയോഗം പ്രഖ്യാപിക്കുമ്പോൾ അറിയാം. ■



ഇ.വി. സുഗതൻ

സഫലം; സാർഥകം ജനസമ്പർക്കം

ഭരണ സംവിധാനങ്ങളിലെ ജനകീയ മാതൃകയ്ക്ക് പുതിയ കാഴ്ചപ്പാടുകൾ സൃഷ്ടിച്ച ജനസമ്പർക്ക പരിപാടിക്ക് കണ്ണൂരിൽ സമാപനം

കേരളം കണ്ട ഏറ്റവും വലിയ ജനകീയപരിപാടിയുടെ സമാപനമായിരുന്നു കണ്ണൂർ ദർശിച്ചത്. ഒക്ടോബർ 18 ന് തലസ്ഥാന ജില്ലയിലാരംഭിച്ച ജനസമ്പർക്കപരിപാടി ജനപങ്കാളിത്തത്തിലും, ആശ്വാസകരമായ തീരുമാനമെടുക്കുന്നതിനും പുതിയ മാതൃക സൃഷ്ടിച്ചു. ഔദ്യോഗിക പരിപാടിയുടെ എല്ലാ ഔപചാരികതകളും അഴിച്ചുവെച്ചുകൊണ്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി രാവേറെച്ചെല്ലുംവരെയും ജനങ്ങളെ കേട്ടുകൊണ്ട്, പരിഹാരങ്ങൾ ഉടനടി നിർദേശിച്ചുകൊണ്ട് ചെലവിട്ട സമയങ്ങൾ സാർഥകമായ കാഴ്ചയാണ് അവസാന ജില്ലയായ കണ്ണൂരിലുമുണ്ടായത്.



രണ്ടാം ജനസമ്പർക്കപരിപാടിയുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്കു വേണ്ടി നിയമങ്ങളിലും ചട്ടങ്ങളിലും കൂടു

തൽ മാറ്റങ്ങൾ വരുത്തുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനസമ്പർക്ക പരിപാടി നടക്കുന്ന അവസാന ജില്ലയാണ് കണ്ണൂർ. ഇതിനകം പരിപാടി നടന്ന 13 ജില്ലകളിലെ പരാതികൾ പരിശോധിച്ചതിൽ നിന്നും ജനങ്ങൾ നേരിടുന്ന ചില യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസം നിൽക്കുന്ന നിയമങ്ങളും ചട്ടങ്ങളും ഇനിയും ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥരിൽ നിന്ന് നിർദേശം ലഭിക്കുന്ന മുറയ്ക്ക് അവയിൽ മാറ്റം വരുത്തുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നാൽപത്തഞ്ചോളം ചട്ടങ്ങൾ ഭേദഗതി വരുത്തിയ കാര്യം മുഖ്യമന്ത്രി അനുസ്മരിച്ചു. ജനസമ്പർക്കപരിപാടിയുടെ പ്രസക്തിയും ഇതുതന്നെയാണ്. ജനസമ്പർക്കപരിപാടി ഒരു ദിവസംകൊണ്ട് അവസാനിക്കുന്നതല്ല. അവശേഷിക്കുന്ന പരാതികളിൽ അനുയോജ്യമായ തീരുമാനം എടുത്ത് നടപ്പാക്കുന്നതുവരെ ഇക്കാര്യത്തിലുള്ള തന്റെയും സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വം തീരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

വില്ലേജ് ഓഫീസുകളിലും സപ്ലൈ ഓഫീസുകളിലും ചെയ്യേണ്ട കാര്യങ്ങളല്ലേ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ചെയ്യുന്നതെന്ന് ചിലർ സംശയം പ്രകടിപ്പിക്കുന്നുണ്ട്. അത് ശരിയാണ്. എന്നാൽ, ഉദ്യോഗസ്ഥർക്ക് തീരുമാനമെടുക്കാൻ പറ്റാത്ത വ്യവസ്ഥകളും നിയന്ത്രണങ്ങളും നിയമങ്ങളുമാണ് പ്രശ്നം. ജനങ്ങൾക്കു വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹിച്ചാൽ പോലും അവർക്ക് നടപ്പാക്കാനാകില്ല. മുഖ്യമന്ത്രിക്കു പോലും ഇത്തരം ചട്ടങ്ങളും നിയന്ത്രണങ്ങളും കാരണം ചിലപ്പോൾ വിചാരിക്കുന്ന കാര്യങ്ങൾ ചെയ്യാൻ പറ്റുന്നില്ല. ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥരെ കുറ്റം പറയാനാകില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അനിവാര്യമായ സാഹചര്യത്തിലാണ് ശക്തമായ ക്രമീകരണങ്ങൾ കണ്ണൂരിലെ ജനസമ്പർക്ക പരിപാടിയിൽ ഏർപ്പെടുത്താൻ നിർബന്ധിതമായതെന്ന് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. എന്നാൽ ഇതുകൊണ്ട് മുഖ്യമന്ത്രിയെ കാണാനെത്തുന്നവർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ലെന്നും മന്ത്രി ചൂണ്ടിക്കാട്ടി. കൃഷി മന്ത്രി കെ.പി. മോഹനൻ, റവന്യു മന്ത്രി അടൂർ പ്രകാശ്, കെ. സുധാകരൻ എം.പി., എം.എൽ.എമാരായ എ.പി. അബ്ദുള്ളക്കുട്ടി, സണ്ണി ജോസഫ്, കെ.എം. ഷാജി തുടങ്ങിയവർ സംസാരിച്ചു.

ജനസമ്പർക്ക പരിപാടി പുലർച്ചെ രണ്ടിനു അവസാനിച്ചപ്പോൾ വിവിധ പദ്ധതികളിലായി 41907400 രൂപ അനുവദിച്ചു. ഓൺലൈൻ വഴി നൽകിയ അപേക്ഷകളിൽ 6375800 രൂപയും പുതിയതായി ലഭിച്ച പരാതികളിൽ 25122100 രൂപയും അനുവദിച്ചിട്ടുണ്ട്. ജില്ലാ തല സ്ക്രീനിംഗ് കമ്മിറ്റി അംഗീകരിച്ച അപേക്ഷകളിൽ 10409500 രൂപ വിവിധ താലൂക്കുകളുടെ പ്രത്യേക കൗണ്ടർ വഴി വിതരണം ചെയ്തിട്ടുണ്ട്. ആകെ 15854 അപേക്ഷകളാണ് ലഭിച്ചത്. പരിപാടി ദിവസം മാത്രം 9866 അപേക്ഷകൾ കിട്ടിയിരുന്നു. ഇതു കൂടാതെ 295 ബി പി എൽ കാർഡുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്.



ബിന്ദുവിന് ഒരു ലക്ഷം രൂപ സഹായം

കുടുംബനാഥന്റെ അപകടമരണം സൃഷ്ടിച്ച നടുക്കവും കടബാധ്യതകളുടെ ഭാരവു





ജനസമ്പർക്കപരിപാടി 2013

മുഖ്യമന്ത്രി ആകെ ചെലവഴിച്ചത്	-	235.15 മണിക്കൂറുകൾ
ആകെ ലഭിച്ച പരാതികൾ	-	മൂന്ന് ലക്ഷം
ആകെ അനുവദിച്ച സഹായം	-	43 കോടി രൂപ

ജില്ല		ആകെ ലഭിച്ച പരാതികൾ	അനുവദിച്ച സഹായം	മുഖ്യമന്ത്രി ചെലവഴിച്ച സമയം
തിരുവനന്തപുരം	(18.10.2013)	22,047	2,38,54,000	16.30 മണിക്കൂർ
എറണാകുളം	(25.10.2013)	14,248	4,04,78,000	17.30 മണിക്കൂർ
മലപ്പുറം	(04.11.2013)	17,305	4,24,74,000	14.00 മണിക്കൂർ
പത്തനംതിട്ട	(08.11.2013)	11,516	4,47,00,000	15.30 മണിക്കൂർ
പാലക്കാട്	(11.11.2013)	36,801	1,84,39,500	15.00 മണിക്കൂർ
കോഴിക്കോട്	(16.11.2013)	22,754	67,84,000	16.30 മണിക്കൂർ
തൃശൂർ	(22.11.2013)	33,570	1,87,30,000	16.30 മണിക്കൂർ
കോട്ടയം	(25.11.2013)	12,312	2,44,58,000	19.00 മണിക്കൂർ
കാസർകോട്	(29.11.2013)	20,528	1,60,38,500	19.00 മണിക്കൂർ
വയനാട്	(05.12.2013)	22,756	2,08,35,800	17.00 മണിക്കൂർ
ആലപ്പുഴ	(07.12.2013)	25,307	1,95,45,000	17.15 മണിക്കൂർ
ഇടുക്കി	(09.12.2013)	17,451	7,05,40,000	18.30 മണിക്കൂർ
കൊല്ലം	(12.12.2013)	47,162	4,82,79,500	16.00 മണിക്കൂർ
കണ്ണൂർ	(17.12.2013)	15,854	4,54,03,300	17.00 മണിക്കൂർ

അവലംബം : മുഖ്യമന്ത്രിയുടെ വെബ്സൈറ്റ്. www.keralacm.gov.in



മായാണ് മൂഴപ്പാലയിലെ ടി.ബിന്ദു മുഖ്യമന്ത്രിയുടെ മുമ്പിലെത്തിയത്. ബിന്ദുവിന്റെ ഭർത്താവ് ജീപ്പ് ഡ്രൈവറായിരുന്ന രാജീവൻ വീടു പണിക്കിടെ കഴിഞ്ഞ ജൂലൈ 10 ന് ട്രില്ലിംഗ് മെഷീൻ തലയിൽ വീണു മരിച്ചു പോയിരുന്നു.

അഞ്ചരക്കണ്ടി ഫാർമേഴസ് ബാങ്കിൽ നിന്ന് രണ്ട് ലക്ഷം രൂപ വായ്പയെടുത്താണ് വീടിന്റെ പണി തുടങ്ങിയത്. രാജീവന്റെ മരണത്തോടെ വീടുപണി പാതിവഴിയിൽ നിന്നു. വിദ്യാർത്ഥികളായ മൂന്ന് മക്കളുടെയും ഭർത്താവിന്റെ മാതാപിതാക്കളുടെയും സംരക്ഷണം ബിന്ദുവിന്റെ ചുമലിലായി.

രാജീവൻ മരിക്കുമ്പോൾ ബാങ്കിൽ ഒന്നര ലക്ഷത്തിലേറെ രൂപ ബാധ്യതയുണ്ടായിരുന്നു. നിത്യച്ചെലവിനു പോലും വരുമാനമില്ലാതെ ബിന്ദു നിസ്സഹായായി.

ബിന്ദുവിന്റെ ദുരിതങ്ങൾ കേട്ടറിഞ്ഞ മുഖ്യമന്ത്രി ദുരിതാശ്വാസനിധിയിൽ നിന്ന് ഒരു ലക്ഷം രൂപ സഹായം അനുവദിച്ചു. സഹകരണബാങ്കിലെ ബാധ്യതയിൽ പരമാവധി ഇളവു നൽകുന്നതിന് സഹകരണ ജോയിന്റെ രജിസ്ട്രാർക്ക് നിർദ്ദേശവും നൽകി.

അനൗപചാരികമായി തുടക്കം കുറിച്ചത് ജബ്ബാർ

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ നേരിൽക്കണ്ട് പരാതി നൽകാനെത്തിയ കോയ്യോട് സ്വദേശി ജബ്ബാറിന് കണ്ണൂർ ജില്ലയിലെ ജനസമ്പർക്ക പരിപാടിയ്ക്ക് അനൗപചാരികമായി

തുടക്കം കുറിക്കാൻ അവിചാരികമായി അവസരം ലഭിച്ചു. ജന്മനാ അംഗവൈകല്യം ബാധിച്ച ജബ്ബാർ മുഖ്യമന്ത്രിയെക്കാണാൻ സ്റ്റേഡിയത്തിന് പുറത്ത് കാത്തു നിൽകുകയായിരുന്നു. പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനത്തിന് വേദിയിലേക്ക് നടക്കവെ യാദൃശ്ചികമായാണ് മുഖ്യമന്ത്രി ജബ്ബാറിനെ കണ്ടത്. ജബ്ബാറിന്റെ അരികിലെത്തിയ അദ്ദേഹം പരാതി സ്വീകരിക്കുകയും സഹായമായി 30000 രൂപ പ്രഖ്യാപിക്കുകയും ചെയ്യുകയായിരുന്നു.

നേരത്തെ അപേക്ഷ നൽകിയവർക്കാണ് മുഖ്യമന്ത്രിയെ കാണാൻ അവസരമുണ്ടായിരുന്നത്. ഭവന നിർമാണത്തിന് മുൻപ് രണ്ട് ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ ആദ്യ ഗഡുവായി ലഭിച്ച 17500 രൂപ കൊണ്ട് വീടിന്റെ തറ പണി പൂർത്തിയാക്കിയിരുന്നു. ഭവന നിർമാണത്തിന് തുക അനുവദിച്ചതിനാൽ ജബ്ബാറിന് മുഖ്യമന്ത്രി ദുരിതാശ്വാസ നിധിയിൽ നിന്നാണ് ഇപ്പോൾ തുക അനുവദിച്ചത്.

മനം നിറഞ്ഞ് അഷിത; ഒരു ലക്ഷം രൂപയും ചികിത്സാ സഹായവും

മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഒരു ലക്ഷം രൂപയും പഠനച്ചെലവും അനുവദിച്ചപ്പോൾ അഷിതയ്ക്ക് മനം നിറഞ്ഞു. വർഷങ്ങൾക്കു മുമ്പ് വെള്ളച്ചാലിൽ നടന്ന വാഹനാപകടത്തിൽ അഷിതയ്ക്ക് മതാപിതാക്കളെ നഷ്ടമായി.

അന്ന് ഏഴു മാസം മാത്രം പ്രായമായിരുന്ന അഷിതയ്ക്ക് അപകടത്തിൽ രണ്ട് കാലുകളും നഷ്ടപ്പെട്ടു. അഞ്ചരക്കണ്ടി ഗുരുനിത്യ ഇംഗ്ലീഷ് മീഡിയത്തിൽ എട്ടാം ക്ലാസ്സിൽ പഠിക്കുകയാണ് അഷിത. മുത്തശ്ശിയുടെയും അമ്മാവന്റെയും സംരക്ഷണയിലാണ് അവൾ.

അഷിതയുടെ പേരിൽ ഒരു ലക്ഷം രൂപ സ്ഥിര നിക്ഷേപം നടത്താനും ചികിത്സക്കാവശ്യമായ മറ്റ് ചെലവുകൾ നൽകാനും ജില്ലാ കലക്ടർക്ക് മുഖ്യമന്ത്രി നിർദേശം നൽകി.

141 പേർക്ക് കൈവശാവകാശ രേഖ

ആറളത്തെ 141 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി. ഇവർക്കുള്ള കൈവശാവകാശ രേഖ ജനസമ്പർക്ക വേദിയിൽ വിതരണം ചെയ്തു.

പത്ത് പേർക്ക് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നേരിട്ടും മറ്റുള്ളവർക്ക് പ്രത്യേകം തയ്യാറാക്കിയ കൗണ്ടർ വഴിയുമാണ് രേഖകൾ നൽകിയത്. മാനദണ്ഡമനുസരിച്ച് എല്ലാ രേഖകളും ഹാജരാക്കിയവരെയാണ് കൈവശാവകാശ രേഖ നൽകുന്നതിന് തെരഞ്ഞെടുത്തത്. ഭൂരഹിതരായ കുടിയേറ്റ ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണീ നടപടി.

ഭൂരഹിതർക്ക് ഒരേക്കറും മറ്റേതെങ്കിലും സ്ഥലത്ത് ഭൂമിയുള്ളവർക്ക് ഒരേക്കർ തികയ്ക്കുന്നതിനുള്ള ഭൂമിക്കും ആണ് കൈവശാവകാശ രേഖ നൽകിയത്. കുടുംബഫോട്ടോ, തിരിച്ചറിയൽ കാർഡ് എന്നിവ സമർപ്പിക്കുന്ന അർഹരായ ആദിവാസി വിഭാഗത്തിപ്പെട്ട എല്ലാവർക്കും ഭൂമി വിതരണം ചെയ്യുകയാണ് സർക്കാർ ലക്ഷ്യം.



ജബ്ബാറിന്റെ അടുത്തെത്തി പരാതികേൾക്കുന്ന മുഖ്യമന്ത്രി

> കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നാൽപത്തഞ്ചോളം ചട്ടങ്ങൾ ഭേദഗതി വരുത്തിയ കാര്യം മുഖ്യമന്ത്രി അനുസ്മരിച്ചു. ജനസമ്പർക്ക പരിപാടിയുടെ പ്രസക്തിയും ഇതുതന്നെയാണ്. ജനസമ്പർക്കപരിപാടി ഒരു ദിവസംകൊണ്ട് അവസാനിക്കുന്നതല്ല. അവശേഷിക്കുന്ന പരാതികളിൽ അനുയോജ്യമായ തീരുമാനം എടുത്ത് നടപ്പാക്കുന്നതുവരെ ഇക്കാര്യത്തിലുള്ള തന്റെയും സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വം തീരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

നാരായണന് സഹായം

ഇരുവൃക്കകളും തകരാറിലായി കിടപ്പിലായ ഉളിയിൽ ഷൈനി നിവാസിലെ കെ.കെ നാരായണന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം ലഭിച്ചു. ആയിരങ്ങൾ പങ്കെടുത്ത ജനസമ്പർക്ക പരിപാടിയിലെ ആദ്യ പരാതിക്കാരനായിരുന്നു അദ്ദേഹം.

ചികിത്സാച്ചെലവുകൾ നാരായണന് താങ്ങാവുന്നതിലുമപ്പുറമായിരുന്നു. വീടും സ്ഥലവും പണയപ്പെടുത്തിയാണ് തുക കണ്ടെത്തിയിരുന്നത്. നാലു ലക്ഷം രൂപയോളം ചികിത്സയ്ക്ക് മാത്രം വേണ്ടി വന്നു. ഭാര്യ തൊഴിലുറപ്പിന് പോയി കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് വീട്ടുചെലവുകൾ നടത്തുന്നത്.

ബി.പി.എൽ. കാർഡ്, പെൻഷൻ എന്നിവയ്ക്ക് പുറമെ ദുരിതാശ്വാസ നിധിയിൽ നിന്നും 35,000 രൂപയും മുഖ്യമന്ത്രി നാരായണന് അനുവദിച്ചു. ■

ഡോ. ടി. മാത്യു ഫിലിപ്പ്

ജനുവരി 30 ഗാന്ധിജിയുടെ 66-ാം രക്തസാക്ഷിദിനം

സാമൂഹിക നന്മയുടെ സർവോദയം

ഗാന്ധിജിയുടെ സർവോദയ ദർശനം പുതിയൊരു സാമൂഹികക്രമത്തിന്റെ രൂപരേഖയാണ്


ഗാന്ധിജിയുടെ സർവോദയ ദർശനത്തിന് വളരെയധികം പ്രസക്തി വർധിച്ചിരിക്കുന്ന കാലഘട്ടമാണിത്. പ്രത്യേകിച്ച് ആഗോളീകരണത്തിന്റെ ഈ സമയത്ത്. സർവരുടെയും ക്ഷേമവും സർവതോന്മുഖമായ വികാസവും ലക്ഷ്യമാക്കുന്ന സർവോദയ സമൂഹസങ്കല്പം വ്യക്തിയും സമൂഹവും തമ്മിലുള്ള ജൈവബന്ധം ഉദ്ഘോഷിക്കുന്നു. ഉപഭോഗസംസ്കാരം ബന്ധങ്ങളുടെ സമസ്ത രംഗങ്ങളിലും കമ്പോളതാത്പര്യങ്ങൾ വളർത്തുകയും ചെയ്തു. വളരെ നിരാശ നിറഞ്ഞ ഇരുണ്ട നാളെയാണ് നമ്മുടെ മുന്നിലുള്ളത്. സർവോദയ സംസ്കാരം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതാണ്. അതോടൊപ്പം സാധ്യതയും.

'സർവോദയ' ദർശനത്തിന് വളരെ അർഥവ്യാപ്തിയുണ്ട്. എല്ലാ വ്യക്തികളുടെയും ക്ഷേമം ഉറപ്പാക്കുന്ന സാമൂഹിസക്രമത്തെ ഇത് പ്രതിനിധാനം ചെയ്യുന്നു. യാതൊരുവിധ വിവേചനവും ഈ സമൂഹത്തിലില്ല. ചൂഷണത്തിലും ഹിംസയിലും അധിഷ്ഠിതമായ സമൂഹത്തിന് പകരം വർണവർഗരഹിതവും സമതാധിഷ്ഠിതവും എല്ലാവരുടെയും സമ്പൂർണ വികാസവും ലക്ഷ്യമാക്കുന്നതുമായ നവലോകനിർമിതി സർവോദയ വിഭാവനം ചെയ്യുന്നു. ആദർശരാഷ്ട്രീയവും സ്വഭാവരൂപവത്കരണത്തിനുതകുന്ന വിദ്യാഭ്യാസവും മാനവികമുഖമുള്ള ശാസ്ത്രവും കമ്പോളവും മനുഷ്യാധാനത്തിലൂടെയുള്ള ധർമാധിഷ്ഠിത സമ്പദ്ക്രമവും ത്യാഗസമ്പന്നമായ ആധ്യാത്മികതയും മനഃസാക്ഷിയോടു നീതിപുലർത്തുന്ന ജീവിതക്രമവും സർവോദയ സമൂഹത്തിന്റെ പ്രത്യേകതയാണ്. സർവോദയ സാമൂഹികക്രമത്തിൽ സമൂഹത്തിലെ ഏറ്റവും അവസാനത്തെ വ്യക്തിയെയും ഉൾക്കൊള്ളുന്നതിനാൽ 'അന്ത്യോദയ' എന്നും വിവക്ഷിക്കുന്നുണ്ട്. ഭൗതികവികാസം മാത്രമല്ല ഇവിടെ അർഥമാക്കുന്നത്. സന്മാർഗികവും ദാർശനികവുമായ വികാസവും ഉൾക്കൊണ്ടിരിക്കണം.

സർവോദയ പുതിയൊരു സാമൂഹികക്രമത്തിന്റെ രൂപരേഖയാണ്. ജീവിതം അവിഭാജ്യമായ ഒരു സമഗ്രതയാണെന്നുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് സർവോദയ ദർശനം രൂപപ്പെടുത്തിയിട്ടുള്ളത്. സർവോദയയുടെ ആത്മാവാണ് 'സത്യം'. ഈ രംഗത്തുള്ള ഗാന്ധിജിയുടെ ഏറ്റവും വലിയ സംഭാവന സത്യത്തെയും അഹിംസയേയും സാമൂഹികമാറ്റത്തിനുതകുന്ന ഫലപ്രദമായ കർമപദ്ധതിയായി വികസിപ്പിച്ചു എന്നുള്ളതാണ്. അഹിംസയിൽ അധിഷ്ഠിതമായി സംവിധാനം ചെയ്യപ്പെടുന്ന സമൂഹം അതിന്റെ എല്ലാ തലങ്ങളിലും വ്യത്യസ്തത പുലർത്തും എന്ന് അദ്ദേഹം വിശ്വസിച്ചു.

ജോൺ റസ്കിന്റെ സ്വാധീനം

സർവോദയ സിദ്ധാന്തം ഗാന്ധിജി രൂപപ്പെടുത്തുന്നതിൽ പ്രധാനകാരണമായി തീർന്നത് ജോൺ റസ്കിന്റെ 'അൺ




ടു ദിസ് ലാസ്റ്റ്' എന്ന ഗ്രന്ഥമാണല്ലോ. 1904 ൽ ഗാന്ധിജി വായിച്ച ഈ ഗ്രന്ഥം ഗാന്ധിജിയുടെ ജീവിതത്തിലും തത്വശാസ്ത്രത്തിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തി. പ്രധാനമായും മൂന്ന് വസ്തുതകളാണ് റസ്കിൻ ഈ ഗ്രന്ഥത്തിൽ ഊന്നിപ്പറഞ്ഞത്.

1. വ്യക്തിയുടെ നന്മയിൽ സമൂഹത്തിന്റെ നന്മയും അടങ്ങിയിരിക്കുന്നു.

2. വക്കീലിന്റെ ജോലിയായാലും ക്ഷുരകന്റെ ജോലിയായാലും മൂല്യം രണ്ടിന്റെയും ഒന്നുതന്നെ. എല്ലാവർക്കും അവരവരുടെ തൊഴിലിൽ നിന്നും ഉപജീവനം നടത്താനുള്ള അവകാശം ഒരുപോലെയുണ്ടെന്ന് ചുരുക്കം.

3. തൊഴിലാളികളുടെയും കൃഷിക്കാരുടെയും കരകൗശലക്കാരുടെയും ജീവിതമാണ് യഥാർഥവും സർവോത്കൃഷ്ടവുമായ ജീവിതം.



ഈ ഗ്രന്ഥം ഗാന്ധിജിയുടെ ജീവിതശൈലി പാടേ മാറ്റിമറിച്ചു. മനുഷ്യനും സമൂഹവും തമ്മിലുള്ള ബന്ധം ഇവിടെ പുനർനിർവചിക്കപ്പെട്ടു. സഹോദരനുവേണ്ടി, അയൽക്കാരനുവേണ്ടി ജീവിക്കുന്ന വ്യവസ്ഥിതി ഉറക്കെ പ്രഖ്യാപിക്കപ്പെട്ടു. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയും ക്ഷേമത്തിനുവേണ്ടിയും ജീവിക്കുന്നതിലൂടെ ജീവിതത്തിന്റെ അർഥവും ദർശനവും കണ്ടെത്തുന്ന വ്യവസ്ഥിതി. ഇവിടെ സമ്പത്തിന്റെ ഉടമസ്ഥാവകാശം ജീവിക്കുന്നതിനുള്ള വളരെ അത്യാവശ്യങ്ങൾക്കുമാത്രം. അതിൽ കൂടുതലുള്ള സമ്പത്ത് മോഷണവും അക്രമവും ആണെന്ന് ഗാന്ധിജി വിശ്വസിച്ചു. തൊഴിലിന്റെ മൂല്യം പുനർവ്യാഖ്യാനിക്കപ്പെട്ടു. എല്ലാവരും തൊഴിൽ ചെയ്യുന്നതും തൊഴിലുകൾ തമ്മിൽ വ്യത്യാസമില്ലെന്ന് ചിന്തിക്കുന്നതുമാണ് സർവോദയത്തിലെ തൊഴിൽ സങ്കല്പം.

സർവോദയ വൈവിധ്യത്തെ അംഗീകരിക്കുന്നു. സംഘർഷങ്ങൾക്ക് ഒരു കാരണം വൈവിധ്യത്തെ അംഗീകരിക്കാത്തതാണ്. വൈവിധ്യം പ്രപഞ്ചഭാവമാണെന്ന് മനസ്സിലാക്കണം. വൈവിധ്യത്തെ അംഗീകരിക്കുമ്പോൾ വ്യത്യസ്ത സംസ്കാരങ്ങളുടെയും മതങ്ങളുടെയും വർഗത്തിന്റെയും സഹവർത്തിത്വം അംഗീകരിക്കുന്നതിന് കഴിയും. കുടുംബബന്ധത്തിന്റെ അടിസ്ഥാനം പോലും സർവോദയത്തിൽ വൈവിധ്യങ്ങൾ പരസ്പരപൂരകങ്ങളാണെന്നുള്ള കാഴ്ചപ്പാടാണ്.

മുതലാളിത്തവ്യവസ്ഥിതിയെ സർവോദയം അംഗീകരിക്കുന്നില്ല. മുതലാളിത്തം മത്സരവും ചൂഷണവും അക്രമവും സൃഷ്ടിക്കുന്നതിനാലാണ് അംഗീകരിക്കാത്തത്. മുതലാളിത്തത്തിൽ ദരിദ്രർ കൂടുതൽ ദരിദ്രരായി തീരുന്നു. എന്നാൽ കമ്മ്യൂണിസവും സർവോദയും തമ്മിൽ ലക്ഷ്യത്തിൽ സാമ്യമുണ്ട്, മാർഗത്തിൽ യോജിപ്പില്ല. വർഗസമരത്തിലൂടെ രൂപപ്പെട്ടുവരുന്ന വിപ്ലവത്തിലും ഭൗതികവാദത്തിലും മാർക്സ് വിശ്വസിക്കുന്നു. എന്നാൽ ഗാന്ധിജിയുടെ മാർഗം അഹിംസയും സത്യഗ്രഹവുമാണ്.

ഗ്രാമം ഒരു സമ്പൂർണ റിപ്പബ്ലിക്


സർവോദയ സമൂഹത്തിൽ – ഗ്രാമസ്വരാജിനെപ്പറ്റിയുള്ള ഗാന്ധിജിയുടെ ദർശനം വളരെ ശ്രദ്ധേയമാണ്. അതൊരു സമ്പൂർണ റിപ്പബ്ലിക്കാണ്. സുപ്രധാന ആവശ്യങ്ങൾക്ക് അത് അയൽക്കാരെ ആശ്രയിക്കുകയില്ല. എന്നാൽ പരസ്പരാശ്രയം ആവശ്യമായ കാര്യങ്ങളിൽ ഉണ്ടായിരിക്കുകയും ചെയ്യും. ഓരോ ഗ്രാമത്തിന്റെയും പ്രഥമകരണീയം ആഹാരത്തിന് ഭക്ഷ്യധാന്യങ്ങളും വസ്ത്രങ്ങൾക്ക് പഞ്ഞിയും കൃഷി ചെയ്യുകയായിരിക്കും. എല്ലാവർക്കും വെള്ളം മുടക്കം കൂടാതെ കിട്ടത്തക്കവിധം ഗ്രാമത്തിന് അതിന്റേതായ ജലവിതരണപദ്ധതി വേണം. നിയന്ത്രിതമായ കിണറുകളും കുളങ്ങളും മുഖേന ജലവിതരണം സാധിക്കാം. അടിസ്ഥാന വിദ്യാഭ്യാസം നിർബന്ധിതമായിരിക്കും. കഴിയുന്നിടത്തോളം എല്ലാ പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽ നടത്തപ്പെടും. സത്യഗ്രഹം, നിസ്സഹകരണം എന്നീ സങ്കേതങ്ങളോടുകൂടിയ അഹിംസയായിരിക്കും ഗ്രാമീണസമൂഹത്തിന്റെ പിൻബലം. ഗ്രാമപാലകരുടെ ഒരു 'സർവീസ്' ഉണ്ടായിരിക്കും. ഈ ഗ്രാമപാലകരെ ഗ്രാമത്തിൽ സൂക്ഷിക്കുന്ന ഒരു രജിസ്റ്ററിലെ പേരുകാരിൽ നിന്നും തവണ അനുസരിച്ചായിരിക്കും തെരഞ്ഞെടുക്കുന്നത്. ഗ്രാമഭരണം അഞ്ചുപേരടങ്ങിയ ഒരു പഞ്ചായത്ത് നിർവഹിക്കും. പ്രായപൂർത്തിയായ സ്ത്രീപുരുഷന്മാരുൾപ്പെടെ ഏറ്റവും കുറഞ്ഞ നിശ്ചിതവോട്ടവകാശയോഗ്യതയുള്ള ഗ്രാമവാസികൾ ഇവരെ ആണ്ടുതോറും തിരഞ്ഞെടുക്കും.

ഗ്രാമഭരണത്തിന്റെ ഒരു രൂപരേഖ നൽകാൻ മാത്രമേ ഞാൻ ഇവിടെ ഉദ്ദേശിക്കുന്നുള്ളു. വ്യക്തിസ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ സമ്പൂർണ ജനായത്തഭരണം ഇതിലുണ്ട്. വ്യക്തിയാണ് അയാളുടെ ഭരണത്തിന്റെ ശില്പി. അക്രമരാഹിത്യനിയമം അയാളെയും അയാളുടെ സർക്കാരിനെയും ഭരിക്കുന്നു. അയാൾക്കും അയാളുടെ ഗ്രാമത്തിനും ലോകബലത്തെത്തന്നെ വകവെക്കാതിരിക്കാൻ കഴിയും. തന്റെയും തന്റെ ഗ്രാമത്തിന്റെയും അഭിമാനം സംരക്ഷിക്കാൻ അയാൾ മരണം വരിക്കും. അതാണ് ഓരോ ഗ്രാമീണനെയും ഭരിക്കുന്ന നിയമം.

ഇവിടെ വരച്ചുകാണിച്ചിരിക്കുന്ന ചിത്രത്തിൽ പ്രകൃത്യാ അസാധ്യമായി ഒന്നുമില്ല. ഇത്തരമൊരു ഗ്രാമം കെട്ടിപ്പടുക്കുവാൻ ഒരു ജീവിതകാലത്തെ ശ്രമം വേണ്ടിവന്നേക്കാം. ഗ്രാമജീവിതത്തെയും യഥാർഥ ജനായത്തഭരണത്തെയും സ്നേഹിക്കുന്ന ഏതൊരുവനും ഒരു ഗ്രാമത്തെ തന്റെ ലോകമായി പരിഗണിച്ച് അതിന്റെ നന്മയ്ക്കുവേണ്ടിയുള്ള വേലകൾക്കായി ജീവിതം ഉഴിഞ്ഞുവെക്കാം. അതുമൂലം നല്ല ഫലങ്ങളുണ്ടാകുന്നത് അയാൾക്ക് കാണാൻ കഴിയും. (ഗാന്ധിജി ഹരിജൻ 26.07.1942 പഞ്ചായത്ത് രാജ് പി.പി. 11-12) ഗാന്ധിജിയുടെ ദൃഷ്ടിയിൽ ഗ്രാമം സുസംഘടിതമായ ജീവിതങ്ങളുടെ ഏകകമാണ്.


സർവോദയ മുന്നോട്ടുവെക്കുന്ന ജീവിതവീക്ഷണം പ്രായോഗികമാണോ എന്ന വിമർശനം നാം ശ്രദ്ധിക്കേണ്ടതാണ്. ഇതിനുള്ള മറുപടി ഈ കാലഘട്ടം നൽകുന്ന സൂചനകൾ തന്നെയാണ്. ആഗോളീകരണത്തിന്റെ ഈ കാലഘട്ടത്തിൽ സഹവർത്തിത്വത്തിന്റെയും മാനവികമൂല്യങ്ങളുടെയും നിലനിൽപ്പിനും സംരക്ഷണത്തിനും ഗാന്ധിയൻ ദർശനങ്ങൾക്കും സർവോദയ സിദ്ധാന്തത്തിനുമുള്ള പ്രസക്തി ലോകം തിരിച്ചറിഞ്ഞുതുടങ്ങി. ഇവിടെ പ്രധാനം കാലത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിയുന്നതിനും അതനുസരിച്ച് പ്രവർത്തിക്കുന്നതിനുമുള്ള ഇച്ഛാശക്തിയാണ്. "സ്വന്തം ദൗത്യത്തിൽ അചഞ്ചലമായ വിശ്വാസമുള്ള ദൃഢചിത്തരായ ഒരുചെറിയ സംഘത്തിന് ചരിത്രത്തിന്റെ ഗതിയെ മാറ്റിത്തീർക്കാൻ സാധിക്കും' എന്ന ഗാന്ധിജിയുടെ വാക്കുകൾ നമുക്ക് മാർഗനിർദേശമാകേണ്ടതാണ്. ■

രാജേഷ് കെ. എരുമേലി



കറുത്ത സൂര്യന്റെ മരണം

മണ്ഡേലയുടെ മരണത്തോടെ ഒരു ഇതിഹാസം അവസാനിച്ചു; മറ്റൊന്നിന്റെ തുടക്കവുമായി. ചരിത്രത്തിന്റെ ഭാഗമായ പോരാട്ടം നടത്തിയ വ്യക്തിയുടെ ഇതിഹാസം - നാളെയുടെ - സ്വന്തമായി എന്നു വിലയിരുത്താൻ കഴിയും. വർണവിവേചനത്തിന്റെയും അടിച്ചമർത്തലിന്റെയും കാലത്തെ ചെറുത്തുതോൽപ്പിച്ച് കറുത്ത മനുഷ്യർക്ക് സ്വാതന്ത്ര്യത്തിന്റെ പുലരിയെ തുറന്നിടുകയായിരുന്നു മണ്ഡേല. ഒരു മനുഷ്യജീവിതത്തിന്റെ ഏറിയഭാഗവും തടവറക്കുള്ളിൽ കഴിയുക. അവിടുത്തെ പീഡനങ്ങളെ നേരിട്ട് കറുത്തവന്റെ വിമോചനത്തിന് ജീവിതം സമർപ്പി



27 വർഷത്തെ തടവറ ജീവിതത്തിനും തകർക്കാനാവാത്ത നെൽസൺ മണ്ടേലയുടെ മനോവീര്യമാണ് ദക്ഷിണാഫ്രിക്കയിലെ കറുത്തവന്റെ മോചനത്തിന് വഴിതെളിച്ചത്

ക്കുക അങ്ങനെ വിശേഷണങ്ങൾകൊണ്ട് തീരുന്നില്ല-തീർക്കാനാകില്ല ആ ജീവിതം.

കുട്ടിക്കാലം മുതൽ ദക്ഷിണാഫ്രിക്കയിലെ വർണവെറി നേരിട്ട് അനുഭവിച്ച മണ്ഡേല അതിനെതിരെ പ്രവർത്തിക്കണമെന്ന് പ്രതിജ്ഞയെടുത്തു. ഇത് ആഫ്രിക്കയുടെ വിമോചനത്തോടെയാണ് അവസാനിച്ചത്. മഹാത്മാഗാന്ധിയും മാർട്ടിൻ ലൂഥർകിങ് ജൂനിയറും കഴിഞ്ഞാൽ ലോകം ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന പേര് മണ്ഡേലയുടേതാണ്. 'നാം സ്വതന്ത്രരാണ്. അവസാനം നാം സ്വതന്ത്രരാണ്' എന്ന് മണ്ഡേല പ്രഖ്യാപിച്ചത് 1994 മേയ് രണ്ടിന് ജോഹന്നാസ് ബർഗിലെ കാൾട്ടൺ ഹോട്ടലിന്റെ വേദിയിൽനിന്നുകൊണ്ടാണ്. ദക്ഷിണാഫ്രിക്കയിലെ ആദ്യത്തെ സ്വതന്ത്രജനാധിപത്യ തെരഞ്ഞെടുപ്പിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ വിജയാഹ്ലാദത്തിനിടെയാണ് മണ്ഡേല ഈ പ്രഖ്യാപനം നടത്തിയത്.

സർക്കാരിനെതിരെ ഗൂഢാലോചന നടത്തി ഭരണം അട്ടിമറിക്കാൻ ശ്രമിച്ചുവെന്നാരോപിച്ചാണ് 1963 ഒക്ടോബറിൽ റോബൻ ദ്വീപിലെ ജയിലിൽ അദ്ദേഹത്തെ ജീവപര്യന്തം തടവിനു ശിക്ഷിച്ചത്. 1918 ജൂലൈ 18 ന് ജനിച്ച മണ്ഡേലയുടെ ജീവിതവഴികളെല്ലാം പോരാട്ടത്തിന്റേതായിരുന്നു. 1944 ൽ ഒളിവർ താംബോയ്ക്കും വാൾട്ടർ സിസുലുവിനുമൊപ്പം ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ യൂത്ത് ലീഗ് രൂപീകരിച്ചതോടെയാണ് രാഷ്ട്രീയ പ്രവർത്തനത്തിലേക്ക് മണ്ഡേല ചുവടുവെക്കുന്നത്. 1952 ജൂൺ 26 ന് മണ്ഡേലയും കൂട്ടാളികളും ചേർന്ന് കറുത്ത ജനതയ്ക്കുമേൽ വെളുത്ത വർഗം സൃഷ്ടിച്ച വർണവിവേചന നിയമം ലംഘിച്ചതോടെ അത് ആഫ്രിക്കയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ചുവടുവെപ്പായി. കഠിനമർദനങ്ങൾ ഒന്നിനുപിറകെ ഒന്നായി വരുമ്പോഴും അദ്ദേഹം കീഴടങ്ങാൻ തയാറായില്ല. ഇതിഹാസപുരുഷന്മാർ നൂറ്റാണ്ടുകളിൽ അപൂർവമായി മാത്രമേ ജനിക്കാറുള്ളു. അങ്ങനെയുള്ളവരുടെ കൂട്ടത്തിലാണ് മണ്ഡേലയും. വെള്ളക്കാരൻ ഭരണമൊഴിഞ്ഞശേഷം രാജ്യത്തെ പ്രസിഡന്റായി എന്നതുമാത്രമല്ല അദ്ദേഹത്തിന്റെ മഹത്വം. ഒരുകൂട്ടം മനുഷ്യരുടെ മോചനത്തിനായി പൊരുതിയ അനുഭവങ്ങളാണ് അദ്ദേഹത്തെ മഹാനാക്കുന്നത്. മണ്ഡേലയുടെ പോരാട്ടവീര്യം തകർക്കുന്നതിനാണ് 27 വർഷം ഇരുണ്ട തടവറയ്ക്കുള്ളിൽ അടച്ചതെങ്കിലും ഒരു ഫീനിക്സ് പക്ഷിയെപ്പോലെ അദ്ദേഹം ഉയർന്നുവന്നു.

എല്ലാ മനുഷ്യരും തുല്യരായി ജീവിക്കുന്ന ആഫ്രിക്കയെ സ്വപ്നംകണ്ട മണ്ഡേലയോടുള്ള ആദരസൂചകമായി 2009 ലാണ് അദ്ദേഹത്തിന്റെ ജന്മദിനമായ ജൂലൈ 18 മണ്ഡേല ദിനമായി പ്രഖ്യാപിച്ചത്. വർണവിവേചനത്തിനെതിരായ പോരാട്ടത്തിനാണ് അദ്ദേഹത്തിന് 1993 ൽ നൊബേൽ സമ്മാനം ലഭിച്ചത്. ദക്ഷിണാഫ്രിക്കയിൽ മഹാത്മാഗാന്ധി നടത്തിയ പ്രവർത്തനങ്ങൾ മണ്ഡേലയെ സ്വാധീനിച്ചിട്ടുണ്ട്. ഗാന്ധിജിയോടുള്ള ആദരം പല സന്ദർഭങ്ങളും അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. അഹിംസാവാദിയായ ഗാന്ധിജിയെ മാതൃകയാക്കി സമാധാനത്തിലൂന്നിയ സമരമാണ് മണ്ഡേല തുടങ്ങിയതെങ്കിലും ഭരണകൂടം നയത്തിൽ മാറ്റം വരുത്താതിരുന്നതോടെ വിപ്ലവമാർഗത്തിലേക്ക് അദ്ദേഹം മാറുകയായിരുന്നു. 1964 ലെ റിവോണിയ വിചാരണവേളയിൽ പ്രട്ടോറിയ സുപ്രീം കോടതിയിൽ

മണ്ഡേല നടത്തിയ പ്രസംഗം ഇതിനു തെളിവാണ്. അഹിംസാമാർഗത്തിൽ സമരം നടത്തിയ ആഫ്രിക്കൻ നാഷണൽ കോൺഗ്രസിനെ നിരോധിച്ചതും കറുത്ത മനുഷ്യരുടെ സ്വാതന്ത്ര്യം തടയുന്നതിന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതുമാണ് 'നിങ്ങൾ ഞങ്ങളെ വിപ്ലവകാരികളാക്കി'യെന്ന് പ്രസംഗിച്ചുകൊണ്ട് സമരത്തിന് ആഹ്വാനം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

മണ്ഡേലയുടെ വിപ്ലവപ്രവർത്തനങ്ങളൊന്നും അംഗീകരിക്കാൻ ആഫ്രിക്കയിലെ വർണവെറിയൻ ഭരണകൂടത്തിനുകഴിഞ്ഞില്ല. അത് അവരുടെ വംശീയാധിപത്യത്തിനു വിഘാതമാകുമെന്ന് അവർ ഭയപ്പെട്ടിരുന്നു. മണ്ഡേലയെ പീഡിപ്പിക്കാനുള്ള അവസരമാണ് ജയിൽ ശിക്ഷയിലൂടെ ഭരണകൂടം സൃഷ്ടിച്ചത്. കറുത്ത മനുഷ്യരുടെ 'മാധിബ'എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

ഏഴാം വയസ്സിലാണ് മണ്ഡേല വിദ്യാഭ്യാസം ആരംഭിച്ചത്. ഒൻപതാം വയസ്സിൽ പിതാവ് മരിച്ചതോടെ റീജന്റ് ജോഗിന്റാബ മണ്ഡേലയുടെ സംരക്ഷണം ഏറ്റെടുത്തു. പിന്നീട് മിഷനറി സ്കൂളിലായിരുന്നു വിദ്യാഭ്യാസം. പതിനാറാം വയസ്സിൽ ക്ലാക്ബറി ബോർഡിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ജൂനിയർ സർട്ടിഫിക്കറ്റ് സ്വന്തമാക്കി. ഫോർട്ട് ഹെയർ യൂണിവേഴ്സിറ്റിയിൽ ബി.എയ്ക്ക് പഠിക്കുമ്പോഴാണ് ആത്മാർഥ സുഹൃത്തായിരുന്ന ഒളിവർ താംബോയുമായി കണ്ടുമുട്ടുന്നത്. ഇത് അദ്ദേഹത്തിന്റെ ജീവിതത്തെയും സാമൂഹിക പ്രവർത്തനത്തെയും

മറ്റ് രാജ്യത്തെ കൊളോണിയൽ ആധിപത്യത്തിൽ നിന്നുവ്യത്യസ്തമായി ദക്ഷിണാഫ്രിക്കയിൽ വർണത്തിന്റെയും വർഗത്തിന്റെയും അടിസ്ഥാനത്തിലാണ് വെളുത്തവർഗം അധികാരം സ്ഥാപിച്ചത്. ആഫ്രിക്കയുടെ മുകളിൽ കരിനിഴൽപോലെ നിലനിന്ന സമഗ്രാധിപത്യത്തെ തുടച്ചുമാറ്റിയാണ് ദക്ഷിണാഫ്രിക്കയുടെ ആദ്യത്തെ കറുത്ത വർഗക്കാരനായ പ്രസിഡന്റായി മണ്ഡേല മാറിയത്.

മാറ്റിമറിച്ചു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ 1952 ൽ വർണവിവേചനത്തിനും വംശീയാധിപത്യത്തിനുമെതിരെ നടന്ന സമരത്തിലും 1955 ൽ പീപ്പിൾസ് കോൺഗ്രസ് നടത്തിയ സമരത്തിലും പങ്കെടുത്ത് കറുത്ത ജനതയോട് അദ്ദേഹം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കറുത്തവർഗക്കാർക്ക് സൗജന്യമായും കുറഞ്ഞ ചെലവിലും നിയമസഹായം നൽകാനായി ഒളിവർ താംബോയ്ക്കൊപ്പം മണ്ഡേല ആൻഡ് താംബോ എന്ന സ്ഥാപനമാരംഭിച്ചത് ചരിത്രപരമായ മുന്നേറ്റത്തിന് പ്രേരകമായി. ഇത് ദക്ഷിണാഫ്രിക്കയുടെ വിമോചനം വരെ നീണ്ടു.

ജീവിതം മുഴുവൻ മറ്റുള്ളവർക്കുവേണ്ടി ഉഴിഞ്ഞുവെക്കുമ്പോഴാണ് ഒരാൾ മഹാനാകുന്നത്. മണ്ഡേല ഇങ്ങനെയൊരു മനുഷ്യനായിരുന്നു. യുവാവായി ജയിലിലേക്കു പോയ മണ്ഡേല തിരിച്ചുവരുമ്പോൾ വാർധക്യത്തിലേക്ക് എത്തിയിരുന്നു. എന്നാൽ തന്റെ മനസ്സും പ്രവർത്തനവും യുവത്വത്തിന്റെ ആർജവത്തോടെയുള്ളതാണെന്ന് തെളിയിക്കുന്നതായിരുന്നു മണ്ഡേലയുടെ ജീവിതയാത്രകൾ.

കൊളോണിയലിസം ആഫ്രിക്കയിൽ ആധിപത്യമുറപ്പിച്ചത് തദ്ദേശീയരായ കറുത്തവർഗക്കാരെ ആക്രമിച്ചു കീഴടക്കിക്കൊണ്ടാണ്. വർഷങ്ങൾ കഴിഞ്ഞതോടെ അവർ ദക്ഷിണാഫ്രിക്കൻ നിവാസികളാകുകയും കറുത്തവംശജർക്കുമേൽ ആധിപത്യം സ്ഥാപിച്ച് അധികാരം സ്ഥാപിക്കുകയും ചെയ്തു. കുടിയേറ്റ കൊളോണിയലിസം എന്നാണ് ചില ചരിത്രകാരന്മാർ ഈ അധിനിവേശത്തെ വിളിക്കുന്നത്. മറ്റ് രാജ്യത്തെ കൊളോണിയൽ ആധിപത്യത്തിൽ നിന്നു വ്യത്യസ്തമായി ദക്ഷിണാഫ്രിക്കയിൽ വർണത്തിന്റെയും വർഗത്തിന്റെയും അടിസ്ഥാനത്തിലാണ് വെളുത്തവർഗം അധികാരം സ്ഥാപിച്ചത്. ആഫ്രിക്കയുടെ മുകളിൽ കരിനിഴൽപോലെ നിലനിന്ന സമഗ്രാധിപത്യത്തെ തുടച്ചുമാറ്റിയാണ് ദക്ഷിണാഫ്രിക്കയുടെ ആദ്യത്തെ കറുത്തവർഗക്കാരനായ പ്രസിഡന്റായി മണ്ഡേല മാറിയത്. മണ്ഡേല വിടപറഞ്ഞതിന്റെ നഷ്ടം ദക്ഷിണാഫ്രിക്കയ്ക്കു മാത്രമല്ല, വിമോചനപോരാട്ടം നടത്തുന്ന ലോകത്തിലെ എല്ലാ രാഷ്ട്രങ്ങൾക്കുമാണ്. ■





■ വിനു എ.


സി.എൻ. കരുണാകരൻ
(1940 – 2013 ഡിസംബർ 14)

ഭാവനയുടെ ചിത്രകൂടം

വരയിൽ ജൈവസംസ്കൃതിയെയും പാരമ്പര്യ രചനാശൈലിയെയും കൂട്ടിച്ചേർക്കുന്നതിലൂടെയാണ് സി. എൻ. കരുണാകരന്റെ ചിത്രങ്ങൾ വേറിട്ടു നിൽക്കുന്നത്

പാരമ്പര്യത്തിന്റെ ചിന്തകളെ തള്ളിക്കളയുന്നതായിരുന്നില്ല സി.എൻ. കരുണാകരന്റെ വരകൾ. അതിൽ ആധുനികതയുടെ ധാരകളെ കൂട്ടിയിണക്കികൊണ്ടാണ് കേരളത്തിലെ ഏറ്റവും ശ്രദ്ധേയനായ കലാകാരനായി അദ്ദേഹം മാറിയത്. ഭാരതീയമൂല്യങ്ങളെ തന്റെ ചിത്രകലയിൽ കൃത്യതയോടെ ഉപയോഗപ്പെടുത്തി, നവചിന്തയെ സി.എൻ. ഉയർത്തികൊണ്ടുവന്നു. ആധുനികതാപ്രസ്ഥാനം ഇന്ത്യയിലെ ചിത്രകലാരംഗത്ത് സജീവമാകുന്ന ഘട്ടത്തിലാണ് കരുണാകരൻ ഈ രംഗത്തെത്തുന്നത്. ആധുനികതയുടെ ചിന്തകളെ സ്പർശിച്ചുകൊണ്ടുള്ള വരകളും വർണവും വിസ്മയപ്പെടുത്തുന്ന കാഴ്ചകളിലേക്കാണ് മലയാളിയെ നയിച്ചത്. അരനൂറ്റാണ്ടോളം കലാരംഗത്ത് പ്രവർത്തിച്ച അദ്ദേഹം നിരന്തരമായ ഇടപെടലിലൂടെ മാറ്റത്തിന് വഴിതുറന്നിട്ടുകൊണ്ടിരുന്നു.

പരിശീലനം നേടിയ ചിത്രകാരന്മാർ അവസരങ്ങൾക്കായി വിദേശങ്ങളിൽ ചേക്കേറിയപ്പോൾ കാനായി കുഞ്ഞിരാമൻ, എം.വി. ദേവൻ, നമ്പൂതിരി തുടങ്ങിയവർക്കൊപ്പം കേരളത്തിൽ തന്നെ കഴിയുകയായിരുന്നു സി.എൻ. കരുണാകരൻ. ജീവിതമൊരുക്കുന്നതിൽ ചിത്രകല പരാജയമായിരുന്നുവെന്ന് വിശ്വസിക്കപ്പെട്ട കാലത്തിൽ നിന്നുമാണ് സി.എൻ. ഈ രംഗത്തിൽ തന്നെ ഉറച്ച്, കേരളത്തിൽ തന്നെ കഴിയാൻ തീരുമാനമെടുത്തതെന്നതിൽ അദ്ദേഹത്തിന്റെ ഇച്ഛാശക്തി തിരിച്ചറിയാനാവും. പാശ്ചാത്യചി



സി.എൻ. കരുണാകരൻ



ന്നുവന്നു. മായികമായ സുഖസൗന്ദര്യം പകർന്നുനല്കുന്നതാണ് സി.എൻ. കരുണാകരന്റെ ചിത്രങ്ങൾ. മനുഷ്യരും പ്രകൃതിയുമെല്ലാം മായികതയുടെ മാസ്മരികഭാവം പകർന്നു ഹൃദയത്തിൽ കടന്നുവരുന്നു. ലളിതസുന്ദരമായ സംവേദനത്തിലൂടെ സാധാരണക്കാരന്റെ ദൃശ്യപഥത്തിൽ നിറയുവാൻ അദ്ദേഹത്തിന് സാധിച്ചുവെന്നതാണ് ചിത്രകലാരംഗത്ത് വേറിട്ട സാന്നിധ്യമായി അദ്ദേഹത്തെ മാറ്റുന്നത്.

കലാജീവിതത്തിൽ തികച്ചും വേറിട്ട രീതിയാണ് സി.എൻ. അവലംബിച്ചത്. നിരന്തരമായ അന്വേഷണങ്ങളിലൂടെ രൂപപ്പെടുത്തിയെടുത്ത രൂപഭേദങ്ങളെ ഉപയോഗപ്പെടുത്തിയായിരുന്നു അദ്ദേഹത്തിന്റെ ചിത്രരചന. വരയിൽ ജൈവസംസ്കൃതിയെ കൂട്ടുചേർക്കുക അദ്ദേഹത്തിന് നിർബന്ധമായിരുന്നു. മനുഷ്യരെ വരയുമ്പോൾ പ്രകൃതിയോട് ചേർത്തുനിർത്തുന്നത് അദ്ദേഹത്തിന്റെ ചിത്രങ്ങളിലെ പൊതുസ്വഭാവമാണെന്ന് കാണാൻ സാധിക്കും. ആധുനികചിത്രരചനാരീതിയിലേക്ക് നമ്മെ വളരെ വേഗത്തിൽ തന്നെ കൂട്ടികൊണ്ടുപോകുകയായിരുന്നു ആ ചിത്രങ്ങൾ.

ചിത്രങ്ങളിലെ മിഥിക്കൽ സ്വഭാവം അക്കാലത്തെ ചിത്രകാരന്മാർ പലരും ഉപയോഗിച്ചിട്ടുണ്ടെങ്കിലും പൊതുവായ രീതിയായി സ്വീകരിച്ചതായി കാണാനാവില്ല. ജൈവമാനങ്ങളെ നോക്കികാണുവാനുള്ള തീക്ഷ്ണമായ ഭാവമാണ് അദ്ദേഹത്തിന്റെ ചിത്രരചനശൈലിയിൽ കാണാൻ സാധിക്കുന്നത്. പ്രണയത്തിൽ തുടങ്ങി, അതിന്റെ ഭാവതലങ്ങളെ സമർത്ഥമായി അദ്ദേഹം അനുഭവവേദ്യമാക്കുന്നു. പ്രണയത്തിന്റെ തീവ്രതയും അതിൽ നിറയുന്ന സന്തോഷത്തിന്റെയും വേദനയുടെയും പങ്കുവെക്കാനാവാത്ത നിമിഷങ്ങളെയും വർണങ്ങളിൽ ലയിപ്പിച്ച് കാൻവാസിൽ നിറയ്ക്കാൻ

ത്രകലാസങ്കേതങ്ങളെ സ്വീകരിക്കാതെ തന്നെ അദ്ദേഹം ചിത്രകലയിലിടപെടുകയും വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു.

1940ൽ ഗുരുവായൂരിനടുത്തുള്ള ബ്രഹ്മകുളത്താണ് സി എൻ കരുണാകരൻ ജനിച്ചത്. ചിത്രകലയിൽ തത്പരരായ ആരുമില്ലാത്ത കുടുംബത്തിലായിരുന്നു ജനനം. പഠനത്തിൽ പിന്നിലായിരുന്നുവെങ്കിലും ചെറുപ്പം മുതലേ ചിത്രരചനയിൽ തത്പരനായിരുന്നു. ആ താത്പര്യമാണ് ഒമ്പതാം ക്ലാസിൽ പഠിക്കുന്ന കാലത്ത് മദ്രാസിലേക്ക് കൊണ്ടുപോയത്. മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽ ചേർന്ന അദ്ദേഹം തന്റെ ചിത്രരചനയെ രൂപപ്പെടുത്തുകയായിരുന്നു. തന്നെ ചിത്രകാരൻ എന്ന നിലയിൽ വാർത്തെടുത്തത് അവിടത്തെ പഠനവേളയാണെന്ന് പിന്നീട് സി എൻ എഴുതുകയുണ്ടായി. റോയ് ചൗധരി തുടങ്ങി പ്രതിഭാധനരുടെ കീഴിലായിരുന്നു പഠനം.

ലളിത സംവേദനം, മായിക സൗന്ദര്യം

ഡിപ്ലോമയിലും പെയിന്റിംഗിലും ഒന്നാം റാങ്ക് നേടിയശേഷം 1970ൽ അദ്ദേഹം കലാപീഠം അധ്യാപകനെന്ന നിലയിൽ കൊച്ചിയിലെത്തി. അധികകാലം ആ ജോലിയിൽ തുടർന്നില്ല. ചിത്രകൂടം എന്ന പേരിൽ ഒരു കലാപ്രദർശനശാല തുടങ്ങി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയി. സാമ്പത്തികവും കച്ചവടപരവുമായ പ്രശ്നങ്ങൾ അദ്ദേഹത്തെ അതിൽ നിന്നും പെട്ടെന്ന് തന്നെ പിന്തിരിപ്പിച്ചു. കുറച്ചുകാലമേ ചിത്രകൂടം പ്രവർത്തിച്ചുള്ളൂ. തുടർന്ന് ആനുകാലികങ്ങളിൽ വരച്ചും കമേഴ്സ്യൽ ചിത്രരചനയിൽ ഏർപ്പെട്ടുമാണ് അദ്ദേഹം ജീവിതം മുന്നോട്ടുകൊണ്ടുപോയത്. ചിത്രരചനാരംഗത്ത് തന്റെതായ ശൈലി രൂപപ്പെടുത്തിയെടുത്തതിലൂടെ ശ്രദ്ധേയമായ ഇടം നേടിയെടുത്തു. പുതിയ മാധ്യമങ്ങളെ തേടിക്കൊണ്ടിരുന്ന അദ്ദേഹം ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉണർവായി നിലകൊണ്ടു.

ചന്ദ്രിക ആഴ്ചപ്പതിപ്പിലേക്ക് അയച്ച ഒരു ചിത്രം മുഖചിത്രമായി പ്രസിദ്ധീകരിച്ചതിന്റെ ആത്മവിശ്വാസമാണ് ഈ രംഗത്തേക്ക് പ്രവേശിക്കാൻ പ്രേരണ നല്കിയത്. പഠനശേഷം കാഴ്ചകളിൽ അവിശ്വസനീയസൗന്ദര്യം ചാലിച്ച ചിത്രങ്ങളിലൂടെ അദ്ദേഹം കട



അദ്ദേഹത്തിനായി. പുഴകളും മലകളും വൃക്ഷങ്ങളും പക്ഷിമൃഗാദികളും -പ്രപഞ്ചത്തിന്റെ എല്ലാ സംഗീതതാളമാർന്ന കലാരീതികളെയും മായികമായ ഭാവതലത്തിൽ ചിത്രങ്ങളിലേക്ക് പകർത്തിയതിലൂടെയാണ് സിഎൻ കരുണാകരൻ ചരിത്രത്തിന്റെ ഭാഗമായി മാറുന്നത്.



പാരമ്പര്യത്തിന്റെ ഊർജം

കവിത പോലെ ഒഴുകുന്നതാണ് ആ ചിത്രങ്ങൾ. ഭാവനയിലൂടെ തെളിയുന്ന പ്രകൃതി സൗന്ദര്യത്തിന്റെ തീവ്രഭാവമാണ് കാണിച്ചുതരുന്നത്. നാടകീയമായ തലമൊരുക്കിയെന്ന നിലയിലുള്ള ചർച്ചകളും അദ്ദേഹത്തിന്റെ ചിത്രങ്ങളെ കുറിച്ചുണ്ട്. യാഥാർഥ്യങ്ങളിൽ നിന്നും മാറി നാടകീയതയെ ചേർത്തുനിർത്തികൊണ്ടാണ് അദ്ദേഹം ചിത്രം വരച്ചതെന്നത് കാണാൻ സാധിക്കും. ഈ രീതിയിലൂടെ പുതിയൊരു സൗന്ദര്യതലം രൂപപ്പെടുത്തുക മാത്രമല്ല, ഭാവനയുടെ വലിയ സാധ്യതകളുമാണ് തുറന്നിടപ്പെടുന്നത്. പ്രകൃതിയിൽ നിറയുന്ന ഭാവനയുടെ ഭൂമികയിലേക്കാണ് ഈ വരകൾ നമ്മെ നയിക്കുന്നത്.

കേരളീയ പാരമ്പര്യ ചുമർചിത്രരചനാശൈലിയെ ഉൾക്കൊണ്ടതാണ് അദ്ദേഹത്തിന്റെ ചിത്രങ്ങൾ. പാരമ്പര്യരീതികളെ നിഷേധിക്കുന്നതിലൂടെ ആധുനികതയെന്ന വികാരത്തെ തേടിയ കാലത്താണ് സി എൻ ധീരമായി അവയുടെ മൂല്യങ്ങളെ ആവിഷ്കരിച്ച് ചിത്രകലയിൽ പുതുമയുള്ള ആസ്വാദനതലം പകർന്നു നല്കിയത്. പാരമ്പര്യരീതിയിൽ നിന്നും ചിന്തകളെ കൊണ്ടുവരികയും അവയുടെ തലത്തിലൂടെ ആധുനിക ജീവിതത്തെ നോക്കികാണുകയും ചെയ്യുകയായിരുന്നു അദ്ദേഹം ചെയ്തത്. പാശ്ചാത്യചിത്രരചനാരീതിയെ കടം കൊള്ളാതെ പുതുമയുള്ള രചനാശൈലി ചിട്ടപ്പെടുത്തിയെടുത്തതിലൂടെയാണ് ലോകം അദ്ദേഹത്തിന്റെ ചിത്രങ്ങളിലേക്ക് കണ്ണ് പായിക്കുന്നത്.

നിരവധി ആനുകാലികങ്ങളിൽ ചിത്രം വരച്ചതിന് പുറമേ പുസ്തകങ്ങളുടെ കവറുകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഇനാമൽ, ജലച്ചായം, എണ്ണച്ചായം, അക്രലിക്, സിമന്റ് തുടങ്ങി അദ്ദേഹം പരീക്ഷിക്കാത്ത മാധ്യമങ്ങൾ ഇല്ലെന്ന് പറയാം. അസാധാരണമായ കരവിരുതിൽ അദ്ദേഹത്തിന്റെ വരകൾക്കായി കാത്തിരുന്നത് നിരവധി മേഖലകൾ. കൊച്ചി പ്രസ് ക്ലബിന്റെ പ്രവേശന കവാടം, ഗോശ്രീ പാലത്തിലെ തൂണുകൾ തുടങ്ങി അദ്ദേഹത്തിന്റെ കരവിരുത് ചേർന്ന് നില്ക്കുന്ന അനേകം ശില്പങ്ങളും ചിത്രങ്ങളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. വരകളിലും വർണങ്ങളിലും സ്വപ്നാത്മകമായ സൗന്ദര്യമാണ് അദ്ദേഹം അവതരിപ്പിച്ചതെന്ന് കാണാം.

ഒരേ തൂവൽപക്ഷികൾ, അശ്വത്ഥാമാവ്, പുരുഷാർഥം, അക്കരെ, ആലീസിന്റെ അന്വേഷണങ്ങൾ എന്നീ സിനിമകളുടെ കലാസംവിധായകനായി പ്രവർത്തിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിലെ ചിത്രപ്രദർശനങ്ങളിൽ അമ്പതിലേറെ എകാംഗ പ്രദർശനങ്ങളും ഉൾപ്പെടും. മദ്രാസ് ലളിതകലാ അക്കാദമി പുരസ്കാരം, കേരള ലളിതകലാ അക്കാദമി പുരസ്കാരം, പി ടി ഭാസ്കരപണിക്കർ പുരസ്കാരം, മലയാറ്റൂർ രാമകൃഷ്ണൻ പുരസ്കാരം, കേരള ലളിതകലാ അക്കാദമി ഫെല്ലോഷിപ്പ് തുടങ്ങി നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

ദൃശ്യഭംഗിയുടെയും പൗരാണികസംസ്കാരത്തിന്റെയും ഭാവതലങ്ങളെ ഒരുക്കിയ ഈ കലാകാരന്റെ ഒരോ ചിത്രവും കാലത്തെ അതിജീവിക്കുമെന്നതിൽ സംശയമില്ല. ■







ഗോത്രഭൂമിയിലെ ഉത്സവദിനങ്ങൾ

പ്രാക്തന ഗോത്രവർഗപാരമ്പര്യം ആഴത്തിൽ വേരോടിയിരിക്കുന്ന വയനാടൻ ജനതയ്ക്ക് ഉത്സവലഹരി പകർന്ന ദിനങ്ങളായി മാറി ഡിസംബറിന്റെ അവസാനനാളുകൾ. ഡിസംബർ 21-ന് ആരംഭിച്ച ഒമ്പതു ദിവസത്തെ പൈതൃകോത്സവത്തിലായിരുന്നു തുടക്കം. ഗോത്രവർഗ പാരമ്പര്യകലകളും സംസ്കാരവും പരിപോഷിപ്പിക്കുന്നത് ലക്ഷ്യമിടുന്ന ഇതേത്തുടർന്ന് ഡിസംബർ 26-28 തീയതികളിൽ കണിയാമ്പറ്റയിൽ സർഗോത്സവത്തിന് തിരി തെളിഞ്ഞു. പട്ടികവർഗ വികസനവകുപ്പിന്റെ കീഴിലെ മോഡൽ റസിഡൻഷ്യൽ













സ്കൂളുകളിലെ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാൻ വേദിയൊരുക്കിയ സർഗോത്സവത്തിലെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള കലാപ്രതിഭകളെ വയനാട് ആവേശപൂർവമാണ് സ്വീകരിച്ചത്. ജില്ല പുതുവർഷത്തിലേക്ക് നടന്നടുക്കാൻ ഒരുങ്ങിയത് സംസ്ഥാന കേരളോത്സവത്തിന്റെ കേളികൊട്ടോടെയാണ്. ഡിസംബർ 27-30 തീയതികളിലായി സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ച കേരളോത്സവത്തിന് അരങ്ങായത് സുൽത്താൻ ബത്തേരിയാണ്.







■ ജി. ഹരി നീലഗിരി

ജ്വലിച്ചുമറഞ്ഞ താരകം

അനശ്വര ഗായകൻ കെ. പി. ഉദയഭാനുവിന്റെ ഓർമ്മകളിലൂടെ



മലയാളിക്ക് ഒരിക്കലും മറക്കാനാകാത്ത സംഗീതഭാവുകത്വം സമ്മാനിച്ച കെ. പി. ഉദയഭാനു വിടപറഞ്ഞിരിക്കുന്നു. എന്നാൽ ശുഭചിന്തകളാലും തന്നിലെ ആന്തരികോർജത്താലും അപൂർവമായെത്തുന്ന സന്ദർശകരെ അടുത്തിടെവരെ അദ്ദേഹം സുസ്മേര വദനനായി സ്വാഗതം ചെയ്തിരുന്നു. അക്കാലത്തൊരുദിവസം ഉദയഭാനുവിനെ കണ്ടപ്പോൾ മുറിഞ്ഞുപോകുന്ന സംഭാഷണ ശകലങ്ങളിലൂടെ ഓർമകളിലേക്ക് അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടു പോയി...

1932-ൽ പാലക്കാട്ടാണ് ഞാൻ ജനിച്ചത്. കെ.പി. കേശവമേനോന്റെ അനുജത്തിയായ അമ്മുനേത്യാരമ്മയായിരുന്നു എന്റെ അമ്മ. പാലക്കാട്ടെ തരൂർഗ്രാമത്തിൽ മരുമക്കത്തായതറവാടായ കിഴക്കേപൊറ്റയിൽ അംഗം. അച്ഛൻ നടുവിലകം ശങ്കരവർമ രാജകുടുംബാംഗമായിരുന്നു. ഞങ്ങളെല്ലാം സിംഗപ്പൂരിലേക്ക് കുടിയേറുമ്പോൾ എനിക്ക് ആറുമാസം പ്രായം. പതിനൊന്നു വയസ്സു വരെ സിംഗപ്പൂരിലായിരുന്നു. അഞ്ചു സഹോദരങ്ങളടക്കം ഞങ്ങൾ ആറുകുട്ടികൾ ആദ്യം

അച്ഛന്റെ കൂടെ താമസിച്ചു. പിന്നീട് അമ്മാവന്മാരുടെ സംരക്ഷണയിലായി. സിംഗപ്പൂരിലെ വലിയ നേതാവും കമ്മ്യൂണിക്കേഷൻ മന്ത്രിയുമായിരുന്നു അന്ന് കേശവമേനോൻ. അദ്ദേഹം സുഭാഷ്ചന്ദ്രബോസിനൊപ്പം പ്രവർത്തിച്ചിരുന്നു. കുട്ടിയായ എന്നെ സുഭാഷ്ചന്ദ്രബോസ് ആശ്ലേഷിച്ചതോർമയുണ്ട്. രണ്ടാംലോകമഹായുദ്ധം സംഭവിക്കുന്നത് അക്കാലത്താണ്. ആ യുദ്ധം ഞാൻ നേരിട്ട് കണ്ടതാണ്. യുദ്ധം കഴിഞ്ഞ് ഞങ്ങളെല്ലാവരും കൂടെ നാട്ടിലേക്ക് മടങ്ങി. അതിനൊരു കാരണമുണ്ട്. അനുജൻ ചന്ദ്രമോഹനെ പ്രസവിച്ച് ഇരുപതു ദിവസം കഴിഞ്ഞപ്പോൾ അമ്മ മരിച്ചു. ഈ വേർപാട് ഞങ്ങളെ തീർത്തും അനാഥരാക്കി. കുട്ടികളെ അമ്മാവന്മാർ നോക്കുമെന്നു കരുതി അച്ഛൻ സ്ഥലംവിട്ടു എന്നു പറഞ്ഞാൽ തെറ്റില്ല. 1945-ലാണ് ഞങ്ങൾ ആറുപേരും കേരളത്തിൽ എത്തുന്നത്. കുട്ടികളെ ആരു നോക്കുമെന്നത് വലിയ പ്രശ്നമായി. അമ്മാവന്മാരും വല്യമ്മമാരും ഞങ്ങളെ വീതിച്ചെടുത്തു. അമ്മാവൻ കെ.പി. അപ്പുക്കുട്ടമേനോൻ എന്റെ സംരക്ഷണം ഏറ്റെടുത്തു. അത് മഹാഭാഗ്യമായി. അദ്ദേഹമാണ് എന്റെ ആദ്യത്തെ സംഗീത ഗുരുനാഥൻ....

? കുട്ടിക്കാലത്തെ പാട്ടിന്റെ ഓർമകൾ.

= സിംഗപ്പൂരിൽ അന്ന് അമ്മാവൻ അപ്പുക്കുട്ടമേനോനുമുണ്ടായിരുന്നു. മറ്റാർക്കും കിട്ടാത്ത ഒരനുഭവം ഒരിക്കലുണ്ടായി. യുദ്ധകാലത്ത്, ട്രെഞ്ചിൽ ബോംബ് പേടിച്ചു കഴിയുമ്പോൾ അമ്മാവൻ സാധകം ചെയ്യിച്ചതാണത്. ഈ ലോകത്ത് ട്രെഞ്ചിലിരുന്ന് പാട്ടുപഠിച്ച ഏക പാട്ടുകാരൻ ഞാനായിരിക്കും. കഷ്ടപ്പാടു നിറഞ്ഞ കുട്ടിക്കാലത്ത് അമ്മാവന്റെ സംഗീതമായിരുന്നു വലിയ ആശ്വാസം. പാലക്കാട്ടെ ത്യാഗരാജസംഗീതവിദ്യാലയത്തിൽ സംഗീതപഠനം പൂർത്തിയാക്കിയ ശേഷം വി.വി.പി. ഹൈസ്ക്കൂളിൽ ചേർന്നു. ചെറുപ്പത്തിലേ ഗാനമേളകൾ സംഘടിപ്പിച്ചു തുടങ്ങിയിരുന്നു. പഠിത്തം നിർത്തി പാട്ടിലേക്കു പൂർണമായും കടക്കാനായിരുന്നു എന്റെ മോഹം. പാലക്കാട്ട് കോട്ടമൈതാനിയിൽ കുട്ടിക്കാലത്തൊരുക്കിയ ഗാനമേളയിൽ തൊണ്ടപൊട്ടി പാടിയതോർമയുണ്ട്. സ്ക്കൂൾകുട്ടിയായിരുന്ന എനിക്ക് ഇല്ലായ്മകളിലും സംഗീതവാസന ഒരു പിടിവള്ളിയായി.

കേശവമേനോനും കോഴിക്കോടും

?പാലക്കാട് വിടുന്നതെപ്പോഴാണ്.

= രണ്ടാംലോകമഹായുദ്ധം കഴിഞ്ഞ് കേശവമേനോൻ കോഴിക്കോട്ട് തിരിച്ചെത്തിയിരുന്നു. മാതൃഭൂമിയുടെ ചീഫ്എഡിറ്റർ. ഹൈക്കമ്മിഷണർ ആയി വിരമിച്ച ബാരിസ്റ്റർ. അവിടുത്തെ സാധ്യതകൾ എന്നെ അങ്ങോട്ടാകർഷിച്ചു. കോഴിക്കോട്ടേക്ക് കുട്ടിയായ എന്നെ കൂട്ടിക്കൊണ്ടു പോയത് കേശവമേനോന്റെ മകൻ ശേഖരവർമയായിരുന്നു. കോഴിക്കോട് അന്നേ പരിഷ്കാരികളുടെ നാടായിരുന്നു. പാലക്കാട്ടെ മങ്ങിയ അന്തരീക്ഷമല്ല കോഴിക്കോട്ട്. നഗരത്തിന്റെ ചടുലതയാണ് എല്ലായിടത്തും. സിനിമയിലേയും സംഗീതത്തിലേയും പല പ്രശസ്തരും അന്നാ നഗരത്തിലുണ്ടായിരുന്നു. അമ്മാവന്റെ വീട്ടിൽ ഒരംഗമായിക്കഴിയുമ്പോഴാണ് ആകാശവാണിയിൽ പതിനെട്ടാമത്തെ വയസ്സിൽ അനൗൺസറായി ഞാൻ ജോലിക്കു കയറുന്നത്.



ഉദയഭാനു, ഭാര്യ വിജയലക്ഷ്മി, മകൻ രാജീവ്.

? കേശവമേനോൻ സഹായിച്ചിരുന്നിരിക്കണം.

=നല്ല കഥ. അന്ന് ആകാശവാണിയുടെ ഡയറക്ടർ പി.വി. കൃഷ്ണമൂർത്തി അമ്മാവന്റെ അടുത്ത സുഹൃത്തായിരുന്നു. എന്നാൽ ബന്ധുക്കൾക്കും മറ്റും ശുപാർശ ചെയ്യുന്നത് അദ്ദേഹത്തിന്റെ നിഘണ്ഡുവിലേ ഇല്ലായിരുന്നു. ഞാൻ കൃഷ്ണമൂർത്തിയുടെ മുമ്പിൽ ഇന്റർവ്യൂവിനു പോയി. എന്റെ പാട്ട് അദ്ദേഹത്തിന് ഇഷ്ടമായി. സംഗീതപരിപാടിയുടെ അനൗൺസറാകാൻ പറ്റിയ ശബ്ദമുണ്ടെന്ന് പറഞ്ഞ് അദ്ദേഹമെന്നെ സെലക്ട് ചെയ്തു. പിന്നീട് കേശവമേനോന്റെ അനന്തിരവനാണെന്നു പറയാത്തതിൽ ദേഷ്യപ്പെടുകയും ചെയ്തു.

? മേനോനുമൊത്തുള്ള ജീവിതം വലിയൊരു അനുഭവമായിരുന്നിരിക്കണമല്ലോ.

= തീർച്ചയായും. അക്കാലത്ത് ദേശീയ നേതാക്കളടക്കം നിരവധി പ്രമുഖർ അമ്മാവനുമായി ബന്ധപ്പെട്ടിരുന്നു. ലാൽബഹദൂർശാസ്ത്രി, വി.കെ. കൃഷ്ണമേനോൻ, സർദാർ കെ.എം. പണിക്കർ തുടങ്ങിയവരൊക്കെ വീട്ടിൽ വന്ന് താമസിച്ചിട്ടുണ്ട്. അവരുടെ കാര്യങ്ങളൊക്കെ നോക്കുക എന്റെ ചുമതലയായിരുന്നു. പത്രസ്ഥാപനത്തിൽ വരുന്ന അതിഥികളുടെ ഉത്തരവാദിത്വവും എനിക്കായിരുന്നു. അങ്ങനെ വലിയ ആളുകളുമായി ഇടപെടാൻ കുട്ടിക്കാലത്തേ എനിക്കു മടിയില്ലാതായി. കേശവമേനോന്റെ കൂടെയുള്ള ജീവിതം ജീവിതത്തെക്കുറിച്ച് പലതും പഠിപ്പിച്ചു. സ്നേഹം മാത്രം തന്ന ആ കുടുംബത്തിൽ നിന്ന് പലതും ഞാനറിയാതെ പഠിക്കുകയായിരുന്നു. അമ്മാവന്റെ മക്കളായ തങ്കവും ലീലയും എന്നെ ഒത്തിരി സ്നേഹിച്ചു. ലീലേടത്തിയുടെ മകൾ പത്മി



സിംഗപ്പൂരിലെ കുട്ടിക്കാലം

നിയും തങ്കേടത്തിയുടെ മകൾ നളിനിയും എന്റെ കൂടെ കളിച്ചുവളർന്ന ആ നല്ലകാലം. ആ വലിയ കുടുംബത്തിൽ ഒരാൾ മറ്റൊരാളെ സ്നേഹംകൊണ്ട് മൂടുകയും അങ്ങേയറ്റം കരുതൽ നൽകുകയും ചെയ്തു. ഇപ്പോഴും എനിക്കു ദുഃഖമുണ്ടാക്കുന്ന ഒരു സംഭവമുണ്ട്. കാഴ്ച മങ്ങിയകാലത്ത് അമ്മാവനെ എഡിറ്റോറിയൽ എഴുത്തിലും മറ്റും സഹായിച്ചിരുന്നത് ഞാനായിരുന്നു. ഫൗണ്ടൻപേന വെച്ച് രണ്ട്മൂന്ന് പേജ് എഴുതിയത് എന്നോടു വായിച്ചു കേൾപ്പിക്കാൻ പറഞ്ഞു. ഞാൻ പേപ്പറിൽ നോക്കി. അതിൽ നിബ്ബിന്റെ പാടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പേനയിൽ മഷി തീർന്നത് അദ്ദേഹം അറിഞ്ഞിരുന്നില്ല.

പ്രശസ്തരുടെ ആകാശവാണി

? ആകാശവാണിയിലെ ജോലി പ്രധാന വഴിത്തിരിവായി.

= കോഴിക്കോട്ടെ കലാസാംസ്ക്കാരിക രംഗത്തെ പ്രമുഖരെല്ലാം അന്നവിടെ ഉണ്ടായിരുന്നു. തിക്കൊടിയൻ, ഉറൂബ്, കക്കാട്, അക്കിത്തം, കെ.എ. കൊടുങ്ങല്ലൂർ, പി. ഭാസ്കരൻ, കെ. രാഘവൻ, പത്മനാഭൻനായർ, ശാന്താ പി. നായർ തുടങ്ങിയ പ്രശസ്തരുടെ കൂടെയാണ് എന്റെ സഹവാസം. ഞാൻ റേഡിയോ അവതാരകനായതുകൊണ്ട് കോഴിക്കോടു നിലയത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെല്ലാം പേരെടുത്തിരുന്നു. നിരവധി ലളിതഗാനങ്ങളും പാടി. കെ.ടി. മുഹമ്മദുമായുള്ള ആത്മബന്ധമാണ് എന്റെ കലാജീവിതത്തെ കൊഴുപ്പിച്ചത്. അദ്ദേഹത്തിന്റെ അനുജൻ സെയ്ദ്, നെല്ലിക്കോട് ഭാസ്കരൻ, കോഴിക്കോട് അബ്ദുൽഖാദർ, ശാന്താദേവി തുടങ്ങി നാടകരംഗത്തെ അതികായന്മാരെല്ലാം മിത്രങ്ങളായി. സിനിമയിലേക്കുള്ള വഴിതുറന്നതും കോഴിക്കോട് നിലയമാണ്, 1957-ൽ. *നായരുപിടിച്ചപുലിവാൽ* എന്ന സിനിമയിൽ സംഗീതസംവിധാനം ചെയ്യുവാൻ രാഘവൻ മാസ്റ്റർക്ക് അവസരം ലഭിച്ചു. ഭാസ്കരൻ മാസ്റ്ററുടേതായിരുന്നു വരികൾ. എന്നെക്കൊണ്ട് പാടിക്കാൻ രാഘവൻ മാസ്റ്റർ നിശ്ചയിച്ചു. റെക്കോർഡിങ്ങിനായി അദ്ദേഹമെന്നെ മദ്രാസിലേക്ക് കൂട്ടിക്കൊണ്ടുപോയി. എന്നാൽ ഒരു നവാഗതനെക്കൊണ്ടു പാടിപ്പിക്കുവാൻ നിർമാതാവ് തയാറായില്ല. 'ഉദയഭാനുവിനെക്കൊണ്ടു പാടിപ്പിക്കുന്നില്ലെങ്കിൽ ഞാൻ സംവിധാനം ചെയ്യുന്നില്ല' എന്നു മാസ്റ്റർ തീർത്തുപറഞ്ഞു. ഒടുവിൽ മാസ്റ്റർ വിജയിച്ചു. ഞാൻ സിനിമാപ്പാട്ടുകാരനുമായി. 'വെളുത്ത പെണ്ണേ വെളുത്തപെണ്ണേ മനസ്സിലെന്താണ്' ആയിരുന്നു പാട്ട്. സത്യനും രാഗിണിയുമാണ് ഗാനരംഗം സിനിമയിലഭിനയിച്ചത്. ഭാസ്കരൻ മാസ്റ്ററും രാഘവൻ മാസ്റ്ററും ഞാനും അടുത്തിടപഴകി ജീവിച്ചകാലമാണ്.

? അന്നത്തെ കോഴിക്കോട്

= അന്നു കോഴിക്കോടായിരുന്നു കേരളത്തിന്റെ സാംസ്കാരികതലസ്ഥാനമെന്നു വേണമെങ്കിൽ പറയാം. നാടകങ്ങളും ഗാനമേളകളും അരങ്ങുതകർത്ത കാലം. ആദ്യ



ഉദയഭാനു (മുകളിൽ രണ്ടാമത്) കുട്ടിയായിരുന്നപ്പോൾ സഹോദരങ്ങളോടൊപ്പം.

കാലസിനിമാപ്രവർത്തകരുടെ താവളംകൂടിയായിരുന്നു നഗരം. ബാബുരാജ്, കോഴിക്കോട് അബ്ദുൽഖാദർ, കൊച്ചിൻ മെഹബൂബ്, വി.എം. കുട്ടി, സി. അബൂബേക്കർ, എസ്.എം. കോയ, എ.കെ. സുകുമാരൻ, കിടിലൻ തബലിസ്റ്റും വയലിൻവാദകനുമൊക്കെയായിരുന്ന ആച്ചി ഹട്ടൻ, വയലിനിസ്റ്റ് ചിദംബരനാഥൻ തുടങ്ങിയവർ എനിക്ക് വേണ്ടപ്പെട്ടവരായി.

? കോഴിക്കോട് നിലയം വിടുന്നതെപ്പോഴാണ്?

= വിവാഹത്തോടെയാണ് ആകാശവാണി വിട്ടുപോകുവാൻ തീരുമാനിച്ചത്. പ്രക്ഷേപണ രംഗം ഉപേക്ഷിക്കുവാൻ ഇഷ്ടമുണ്ടായിരുന്നില്ലെങ്കിലും സ്ഥിരവരുമാനമുള്ള മറ്റൊന്നാണ് നല്ലതെന്നു തോന്നി. ആകാശവാണിയിൽ അന്ന് ചെറിയ കാലയളവിലേക്കുള്ള താത്ക്കാലിക കോൺട്രാക്ടിലായിരുന്നു വലിയ കലാകാരന്മാർപോലും ജോലി ചെയ്തിരുന്നത്. ഫ്രീഡം നന്നേ കുറവ്. കെ. രാഘവൻപോലും ആദ്യകാലത്തു സിനിമയ്ക്കു സംഗീതം നല്കിയത് വ്യാജപ്പേരിലായിരുന്നു. ഇന്നും പല എൽ. പി. റിക്കോഡുകളിലും സംഗീതം രഘുനാഥ് എന്നു കാണാം. സിനിമയിൽ പാടണമെങ്കിൽ മദിരാശിയിൽ പോകണം. എന്നാൽ മടങ്ങിവരുമ്പോൾ ആകാശവാണിയിലെ കോൺട്രാക്ട് പുതുക്കിക്കിട്ടണമെന്നില്ല. അത്തരമൊരു സന്നിഗ്ധാവസ്ഥയിലാണ് അന്നാചൗധരി എന്ന സ്നേഹിത തൊഴിൽ വാഗ്ദാനവുമായി ഊട്ടിയിലേക്കു ക്ഷണിക്കുന്നത്. ഊട്ടി ലൗഡേലിലെ ലോറൻസ് സ്കൂളിൽ ഞാൻ സംഗീതാധ്യാപകനായി.

? ഉദക മണ്ഡലത്തിലെ ജീവിതം.

= ഊട്ടി നന്നേ സുഖിച്ചു. മടുപ്പിക്കുന്ന ചിട്ടവട്ടങ്ങൾക്കിടയിൽ കുട്ടികൾക്ക് എന്റെ സാമീപ്യം ഏറെ ഇഷ്ടമായിരുന്നു. അവരുടെ പ്രിയപ്പെട്ട മ്യൂസിക് ടീച്ചറായി ഞാൻ. എന്നോടുള്ള അതിരറ്റ സ്നേഹം അവർക്കു വെറും പ്രകടനമായിരുന്നില്ല. ഇത് ഞാൻ മനസ്സിലാക്കിയത് വർഷങ്ങൾക്കുശേഷം ആ കാമ്പസിൽ പോയപ്പോഴാണ്. സ്കൂളിന്റെ മുമ്പിൽ എന്റെ ആകർഷകമായ ഒരു പ്രതിമ സ്ഥാപിച്ചിരിക്കുന്നു!



രാഷ്ട്രപതി പ്രതിഭാപാട്ടീലിൽ നിന്നു പത്മശ്രീ ഏറ്റു വാങ്ങുന്നു

? പിന്നീട് മദിരാശിയിലെത്തുന്നത് എങ്ങനെയാണ്.

= ലോറൻസ് സ്കൂളിലെ ജീവിതത്തിൽ ചില പൊരുത്തക്കേടുകളുമുണ്ടായി. കടുത്ത ചിട്ടയാണ് അതിലൊന്ന്. പബ്ലിക് സ്കൂളല്ലേ. എന്റെ താത്പര്യങ്ങൾ പലതും ബലികഴിക്കേണ്ടി വന്നു. എനിക്കെന്നും അയഞ്ഞ നിറപ്പകിട്ടുള്ള വേഷത്തോടായിരുന്നു പ്രിയം. സ്കൂളുകാർക്കാകട്ടെ കോട്ടും സൂട്ടും തന്നെ വേണം. ജമീന്ദാർമാരുടെ മക്കളായിരുന്നു ബോർഡിങ് വിദ്യാർഥിനികളിൽ ഏറേയും. ഭാര്യയ്ക്ക് പലതുകൊണ്ടും അവിടവുമായി പൊരുത്തപ്പെടാനായില്ല. ക്രമേണ ഊട്ടി എനിക്കും മടുത്തുതുടങ്ങി. പിന്നെ, ഊട്ടിയിൽ നിന്നാൽ സിനിമാപ്പാട്ടുകാരനാകാൻ കഴിയില്ലല്ലോ. സിനിമാഗായകനാകണമെന്ന ആഗ്രഹം തീക്ഷ്ണമായപ്പോൾ ഊട്ടി ഉപേക്ഷിച്ച് മദിരാശിയിലേക്കു പോയി.

? ഇതിനിടെ വിവാഹിതനായെന്നു പറഞ്ഞല്ലോ. റൊമാന്റിക് പ്രകൃതമനുസരിച്ച് പ്രണയവിവാഹമായിരുന്നോ.

= 21-ാം വയസ്സിലായിരുന്നു വിവാഹം. രസകരമായ ഒരു കഥയാണത്. ശോഭനാപരമേശ്വരൻ നായർക്ക് വിവാഹം കഴിക്കണം. പെണ്ണുകാണാൻ പോകുന്നത് കല്പനാ ഗോവിന്ദ മേനോന്റെ വീട്ടിൽ. ശോഭനാപരമേശ്വരൻ നായർ എന്നെ കൂട്ടു വിളിച്ചു. എന്നാൽ പാട്ടുപാടുന്ന ഉദയഭാനുവാണ് കൂടെ വന്ന സുഹൃത്തെന്നറിഞ്ഞ പെണ്ണിന്റെ മട്ടുമാറി. റേഡിയോഗാനങ്ങളിലൂടെ എന്റെ ആരാധികയായിരുന്ന പെൺകുട്ടിക്ക് എന്നെ മതി! വിജയലക്ഷ്മി എന്റെ ജീവിതത്തിലേക്കു കടന്നു വരുന്നത് അങ്ങനെയാണ്. എന്നാൽ നന്നേ ചെറുപ്പത്തിലേ ഈ വിവാഹം എന്ന ഉടമ്പടിയിൽ ഏർപ്പെടേണ്ടി വന്നത് എനിക്കൊട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. അടിച്ചുപൊളിച്ചു നടക്കേണ്ട കാലത്ത് ബന്ധനസ്ഥനായ അവസ്ഥ. എന്റെ ജീവിതത്തിന് ലക്ഷ്യബോധവും ഉത്തരവാദിത്വവും ഉണ്ടാക്കുവാൻ വിവാഹം ഉപകരിക്കുമെന്ന് ബന്ധുക്കൾ കരുതി. എന്നാൽ അതു ശരിയായിരുന്നില്ലെന്നാണ് പിന്നീട് എനിക്കു തോന്നിയത്.

മധുരഗാനങ്ങളുടെ മദിരാശിക്കാലം

? മദിരാശി ജീവിതം ഓർമിക്കാമോ.

= ചലച്ചിത്രപിന്നണിഗായകർക്ക് ഇന്നു കാണുന്ന സാമ്പത്തികനേട്ടമൊന്നും പ്രതീക്ഷിക്കാൻ പറ്റാത്ത ഒരു കാലമായിരുന്നു അത്. മലയാളസിനിമകൾ അത്രയ്ക്കൊന്നും പുറത്തു വന്നിരുന്നില്ല. ഒരു പാട്ട് പാട്ടായി പുറത്തിറങ്ങുന്നതിനു പിന്നിലെ അധ്വാനം വലുതായിരുന്നു. അമ്പത്-അറുപത് കാലമാണെന്നോർക്കണം. ഇന്നത്തെ ഡിജിറ്റൽ റിക്കോഡിങ്ങൊന്നുമില്ല. റിഹേഴ്സലും സ്റ്റുഡിയോ റിക്കോഡിങ്ങുമൊക്കെയായി ഓർക്കസ്ട്രയുടെ കൂടെ നാളുകൾ ചെലവഴിക്കണം. രേവതിസ്റ്റുഡിയോയിൽ *നായരു പിടിച്ച പുലിവാലി*ലെ ഗാനങ്ങൾ പ്രസിദ്ധ



എം.ടിയോടൊപ്പം


ശബ്ദലേഖകൻ കണ്ണൻ പകർത്തിക്കഴിഞ്ഞപ്പോഴും കോടീശ്വര റാവു ഭരണിയിൽ 'ചുടു കണ്ണീരാലെൻ' എന്ന ഗാനം റിക്കോഡു ചെയ്തപ്പോഴും സ്റ്റുഡിയോയിലുള്ളവർ ഒന്നടങ്കം എന്നെ വന്ന് ആശ്ലേഷിച്ചത് ഓർമയിലുണ്ട്. ജീവിതത്തിലൊരിക്കലും മറക്കാനാവാത്ത നിരവധി അനുഭവങ്ങൾ മദിരാശി ജീവിതകാലത്തുണ്ടായി. നുങ്കമ്പക്കത്തായിരുന്നു താമസം. പുതിയൊരു സംഗീത സംസ്കാരത്തിനായി മലയാളസിനിമ കാതോർത്തിരുന്ന കാലം. മലയാളികളായിരുന്നില്ല അന്നത്തെ മലയാളസിനിമാഗായകർ. എന്റെ ശബ്ദത്തിലെ മലയാളത്തനിമയും കരുത്തും ഒട്ടേറെ അവസരങ്ങൾക്ക് വഴിയൊരുക്കി. ഭാസ്കരൻ മാസ്റ്ററുടെ മലയാൺമയാർന്ന വരികളും ബാബുരാജിന്റെയും രാഘവൻ മാസ്റ്ററുടെയും നാടൻശീലുകളും എനിക്കു മുതൽക്കൂട്ടായി. വിഷാദച്ഛവിയുള്ള മധുരഗാനങ്ങൾ എനിക്ക് ആസ്വാദകഹൃദയങ്ങളിൽ സ്ഥാനം നൽകി. മദിരാശിക്കാലത്ത് ഏകദേശം അറുപതോളം ഗാനങ്ങൾ. ഒപ്പം സംഗീത സംവിധായകന്റെ കുപ്പായവും. *തപസ്യ* എന്ന ചിത്രത്തിലെ 'കിളിചിലച്ചു' എന്ന ഗാനം യേശുദാസ് ശ്രദ്ധേയമാക്കി. അഞ്ചാറു സിനിമകളിലും വേഷമിട്ടു. യേശുദാസ്, എം.ബി.എസ്., എ. എം. രാജാ, എസ്.പി. ബാലസുബ്രഹ്മണ്യം, പി.ബി. ശ്രീനിവാസൻ, കമുകറ, ജയചന്ദ്രൻ എന്നിവരുമായി ഊഷ്മളമായ ബന്ധമായിരുന്നു. സത്യനും നസീറും തിക്കുറിശ്ശിയും മധുവുമൊക്കെ സഹോദരതുല്യരായി. എന്നാൽ മദിരാശിയിൽ പിന്നണിഗായകനെന്ന നിലയിൽ ഏറെക്കാലം തുടർന്നില്ല. മൂന്നാലു വർഷം കഴിഞ്ഞപ്പോൾ ഞാനും ഭാര്യയും മകനും കേരളത്തിലേക്കുതന്നെ മടങ്ങി.

? തിരുവനന്തപുരത്തുകാരനായതെങ്ങനെ.

=1965-ൽ ആകാശവാണി തിരുവനന്തപുരം നിലയ ഡയറക്ടറായ ജി.പി.എസ്. നായർ ക്ഷണിക്കപ്പെട്ട സദസ്സിൽ പങ്കെടുക്കാൻ ഇവിടേക്കു ക്ഷണിച്ചു. തിരികെ മദിരാശിയിലേക്കു മടങ്ങാൻ തയാറെടുത്തപ്പോൾ ജി.പി.എസിന്റെ ഓഫർ-തിരുവനന്തപുരം നിലയത്തിൽ ഒരു ജോലി. ഞാനാദ്യം ഈ ഓഫറിന്റെ മൂല്യം തിരിച്ചറിഞ്ഞില്ല. കാരണം മദിരാശിയാണല്ലോ അന്നു സിനിമാപ്പാട്ടുകളുടെ ഈറ്റില്ലം. കോഴിക്കോടു നിലയത്തിലെ അസ്വാതന്ത്ര്യവും വേതനവും മറ്റും ഞാനോർത്തു. എന്നാൽ എനിക്കു തോന്നി പത്തുവർഷം കൂടി പിന്നിട്ട സ്ഥിതിക്ക് ആകാശവാണിയിലെ അന്തരീക്ഷം അല്പം മാറിയിരിക്കണമല്ലോ. ഞാൻ ജി.പി.എസിന്റെ ഓഫർ സ്വീകരിച്ച് തിരുവനന്തപുരം നിലയത്തിൽ സ്റ്റാഫ് ആർട്ടിസ്റ്റായി. അനൗൺസറായിട്ടായിരുന്നു തുടക്കം.

? തിരുവനന്തപുരം നിലയത്തിന്റെ ഓർമകൾ.

= ആകാശവാണിയുടെ അകത്തളങ്ങൾ ഒരിക്കലും മറക്കാനാവില്ല. എല്ലാ ദിവസവും ഒരാഘോഷത്തിന്റെ അലയടികളായിരുന്നു എവിടെയും. മുടിചൂടാമന്നന്മാരായ പ്രതിഭകൾ പുത്തൻ റേഡിയോ ശില്പങ്ങൾക്ക് വാക്കും ശബ്ദവും പകർന്നുകൊണ്ടിരുന്നു. മറ്റു മാധ്യമങ്ങളുടെ മത്സരമില്ലാത്തതിനാൽ ആകാശവാണികലാകാരന്മാർക്ക് സമൂഹം ഉയർന്ന സ്ഥാനം നൽകി. കലാസാംസ്കാരിക നായകന്മാരെ നിലയത്തിലേക്ക് ആകർഷിക്കുവാൻ അധികൃതർ സദാ ശ്രദ്ധിച്ചിരുന്നു. തുടക്കത്തിൽ തിരുവനന്തപുരം നിലയത്തിൽ ജി. ശങ്കരക്കുറുപ്പ്, കേശവദേവ്, സി.ജെ. തോമസ് തുടങ്ങിയ പ്രഗത്ഭമതികൾ സേവനമനുഷ്ഠിച്ചിരുന്നു. സംഗീതാസ്വാദകനും നിരൂപകനുമായിരുന്ന ഡോ. വി.കെ. നാരായണമേനോൻ ആകാശവാണിയുടെ ആദ്യത്തെ ഡയറക്ടർജനറലായിരുന്ന കാലത്ത് സംഗീതപരിപാടികൾക്ക് ഉയർന്ന പരിഗണന ലഭിച്ചു.



ഉദയഭാനുവും രാഘവൻ മാസ്റ്ററും.

എന്നാൽ അമ്പതുകളിൽ പ്രക്ഷേപണമന്ത്രിയായിരുന്ന കേസ്കർ സിനിമാഗാനങ്ങളെ ഇഷ്ടപ്പെട്ടില്ല. സിനിമാഗാനങ്ങളെ ഒഴിവാക്കിയത് ആകാശവാണിക്ക് സംഗീതലോകത്ത് കുറെ ശത്രുക്കളെയും സൃഷ്ടിച്ചു. ഭാരതീയമല്ല എന്നു പറഞ്ഞ് ഹാർമോണിയപ്പെട്ടിയെ ആകാശവാണിയിൽ നിന്ന് മാറ്റി നിർത്തിയിരുന്നു. 1980 കളിലാണ് ഹാർമോണിയത്തിനു പുനഃപ്രവേശനം ലഭിച്ചത്.

അക്കാലത്ത്, സ്റ്റാഫ് ആർട്ടിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന ആയിരക്കണക്കിനു കലാകാരന്മാർ ഇന്ത്യയിലാകമാനമുള്ള ആകാശവാണി നിലയങ്ങളിൽ പാരതന്ത്ര്യം അനുഭവിച്ചുപോന്നു. ചില ഉദ്യോഗസ്ഥരെങ്കിലും ഇത്തരം കലാകാരന്മാരെ വരുതിയ്ക്കു നിർത്താൻ ക്യാമറയുമായി ഉത്സവപ്പറമ്പുകളിൽ എത്തി ഫോട്ടോയെടുത്ത് ഡൽഹിയിലെ ഉന്നതോദ്യോഗസ്ഥന്മാർക്ക് അയച്ചു കൊടുത്തിരുന്നു.

പ്രക്ഷേപണകലയുടെ കുലപതി കെ. പത്മനാഭൻനായരായിരുന്നു ഞാൻ തിരുവനന്തപുരം നിലയത്തിലെത്തുമ്പോൾ അവിടുത്തെ സംഗീതവിഭാഗം പ്രൊഡ്യൂസർ. പത്മനാഭൻനായർ-ശാന്താനായർ ദമ്പതികളെ കോഴിക്കോടുവച്ചുതന്നെ പരിചയമുണ്ടായിരുന്നു. റേഡിയോ പ്രക്ഷേപണരംഗത്ത് പിന്നീട് ഒട്ടേറെ അപൂർവ്വ ദമ്പതികളുമായി ഞാൻ പരിചയപ്പെടാനിടയായി. ഇ.എം.ജെ-ഇന്ദിരാപൊതുവാൾ, ശ്രീകൃഷ്ണൻ-ഗായത്രി, പ്രതാപൻ-സുമംഗല, രാമനുണ്ണി-സിൽവിയ, രാധാമണി-ഗംഗാധരൻനായർ, രാജകുമാരി-വേണു, ഗോപാൽ-ലേഖ... പ്രക്ഷേപണസാധ്യതകളുടെ മർമം തൊട്ടറിഞ്ഞ ജോസഫ് വെണ്ണിയൂർ എന്ന ഇ.എം. ജെ. വെണ്ണിയൂർ ആയിരുന്നു പിന്നീട് സ്റ്റേഷൻ മാസ്റ്ററായി വന്നത്.

തൃശ്ശൂർ പി. രാധാകൃഷ്ണൻ, ചേർത്തല ഗോപാലൻനായർ തുടങ്ങിയ സംഗീത സാർവഭൗമന്മാരുടെ സാന്നിദ്ധ്യം മറക്കാനാവില്ല. നമ്മുടെ നിരവധി മലയാളകീർത്തനങ്ങൾ ചിട്ടപ്പെടുത്തി ആകാശവാണിയിലൂടെ ആസ്വാദകരെ കേൾപ്പിച്ച സംഗീതജ്ഞനാണ് ചേർത്തല ഗോപാലൻനായർ. നിരവധി മലയാളകവിതകൾക്കും സംസ്കൃത-മണിപ്രവാള ശ്ലോകങ്ങൾക്കും അദ്ദേഹം സംഗീതം നൽകി. നാഗവള്ളി ആർ.എസ്. കുറുപ്പ്, ടി.എൻ. ഗോപിനാഥൻ നായർ, ജഗതി എൻ.കെ. ആചാരി, ജി. വിവേകാനന്ദൻ, ശ്യാമളാലയം, സരസ്വതിയമ്മ, കോന്നിയൂർ നരേന്ദ്രനാഥ്, മാത്യു വല്ല്യാമ്പറമ്പത്ത്, എ. പ്രഭാകരൻ, പി.കെ. രവീന്ദ്രൻ എന്നിവർ മേലുദ്യോഗസ്ഥരായിരുന്നെങ്കിലും സുഹൃത്തുക്കളെപ്പോലെയായിരുന്നു.

? ജീവിതത്തിലെ മറക്കാനാകാത്ത മുഹൂർത്തങ്ങൾ.

= കുട്ടിക്കാലം കഴിച്ചുകൂട്ടിയ സിങ്കപ്പൂരിൽ പിന്നീടൊരിക്കൽക്കൂടി പോയി. ഏഷ്യയിലെ ഏറ്റവും മികച്ച ഫോക്ഗായകനുള്ള അവാർഡ് ഏറ്റുവാങ്ങാനായിരുന്നു അത്. കാവാലം നാരായണപ്പണിക്കർ എഴുതി പെരുമ്പാവൂർ ഈണം നൽകിയ 'മുകിലേ മണി മുകിലേ' എന്ന പാട്ടിനായിരുന്നു പുരസ്കാരം. നാൽപ്പതു വർഷങ്ങൾക്കു മുമ്പ് പരിചയിച്ച വഴികളിലൂടെ ഒരു സ്വപ്നാടകനെപ്പോലെ ഞാൻ നടന്നു. 'കിന്റ്' റോഡിലെത്തി. കൺമുന്നിൽ ബുദ്ധന്റെ പ്രതിമ. മനസ്സിൽ മായാതെ കിടന്ന ഒരു ബിംബം. പത്താംനമ്പർ വീടിന്റെ മുമ്പിൽ എല്ലാം മറന്നു ഞാൻ നിന്നു. ഒരാൾ വന്ന് ഉമ്മറവാതിൽ തുറന്ന് എന്നോടു ചോദിച്ചു: 'who are you? why are you looking at my house?'. 'once we stayed here. My mother's end happened in this house', ഞാൻ പറഞ്ഞു. അയാൾ എന്നെ വീട്ടിനകത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഞാൻ പിച്ചവെച്ച് ഓടിക്കളിച്ച അകത്തളം, അമ്മ ഇളയ അനുജൻ ചന്ദ്രമോഹന്റെ ജനനത്തെത്തുടർന്ന് മരിച്ചുകിടന്ന നിലം...

? പിന്തിരിഞ്ഞു നോക്കുമ്പോൾ.

= എന്നും മുൻപോട്ടു നോക്കി സഞ്ചരിച്ചവനാണ് ഞാൻ. സ്വന്തം വിധി നിർണയിക്കുന്നത് നാം തന്നെയാണെന്നാണ് എന്റെ തത്ത്വശാസ്ത്രം. മാനസികമായി എന്നും ധനവാനായിരുന്നു ഞാൻ. വേഷത്തിലെ ധാരാളിത്തം എന്റെ കൂടപ്പിറപ്പാണ്. സ്വപ്നം കണ്ടതെല്ലാം എന്നോടൊത്ത് ജീവിച്ചുതീർക്കാതെയാണ് ഭാര്യ വിജയലക്ഷ്മി യാത്രയായത്. കിഴക്കേപൊറ്റയിൽ ഉദയഭാനു എന്ന സ്വന്തം വീട്ടുകാരുടെ 'ഭാനു' എന്നും ജീവിതം ഒരാഘോഷമാക്കി. സുഹൃത്തുക്കളായിരുന്നു അയാൾക്ക് എന്നും ശക്തിയും ദൗർബല്യവും. ■



എ. പ്രഭാകരനൊപ്പം.

വി.കെ. അനിൽകുമാർ

6TH INTERNATIONAL THEATRE FESTIVAL OF KERALA
ITFOK
27th January - 3rd February 2014

ജീവിതം ത്രസിക്കുന്ന അരങ്ങുത്സവങ്ങൾ

ജനുവരി 27മുതൽ ഫെബ്രുവരി രണ്ട് വരെ തൃശൂരിൽ നടക്കുന്ന ആറാമത് അന്താരാഷ്ട്ര നാടകോത്സവത്തിലേക്ക് ഒരു തിരനോട്ടം

പുതിയ കാലത്ത് വിവരസാങ്കേതിക വിദ്യയുടേയും മറ്റും അഭൂതപൂർവ്വമായ വളർച്ചയിൽ ലോകനാടകവേദിയുടെ ഏറ്റവും നവീനമായ പരിപ്രേക്ഷ്യം എന്താണ്. ലോക നാടകവേദി ഇന്ത്യൻ നാടകവേദിയെ എങ്ങനെകാണുന്നു, തിയറ്ററിലെ സാംസ്കാരിക വിനിമയം എന്താണ് തുടങ്ങിയ ക്രിയാത്മകവും സാങ്കേതികവുമായ മേഖലകൾ വിശകലനം ചെയ്യുന്നതിനുള്ള വേദിയാണ് ഓരോ അന്തർദ്ദേശീയ നാടകോത്സവങ്ങളും. അക്കാദമിയുടെ മുൻചെയർമാനും നാടക പണ്ഡിതനും സംവിധായകനുമായ കാവാലം നാരായണപണിക്കരാണ് ലോകനാടകോത്സവം എന്ന ആശയം വിഭാവനം ചെയ്യുന്നത്. എന്നാൽ അഭിനയപ്രതിഭ ഭരത് മുരളി അദ്ധ്യക്ഷപദവിയിലിരിക്കുമ്പോഴാണ് കേരളത്തിലാദ്യമായി അന്തർദ്ദേശീയ നാടകോത്സവം (International Theatre Festivale of Kerala-ITFOK) തുടങ്ങുന്നത്.

ചൈന, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ശ്രീലങ്ക, ഇറാൻ തുടങ്ങിയ ഏഷ്യയിലെ പ്രശസ്ത തിയറ്റർ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 2008 ഡിസംബറിൽ പ്രഥമ അന്തർദ്ദേശീയനാടകോത്സവം അരങ്ങേറി. പത്തുദിവസം നീണ്ടുനിന്ന നാടകോത്സവം പ്രേക്ഷകർക്ക് പുത്തനുണർവും അനുഭൂതിയും പകരുന്നത് ആയിരുന്നു. സാംസ്കാരിക നഗരിയായ തൃശൂർ എന്തുകൊണ്ടും ഇത്തരം മേളകൾക്ക് അനുയോജ്യമായ ഇടംതന്നെയാണെന്ന് വ്യക്തമാകുന്നതായിരുന്നു ആദ്യത്തെ ഇറ്റ്ഫോക്. ചൈനീസ് ഒപ്പേറയും, പാക്കിസ്ഥാൻ നാടകവും, ഇറാനിലെ ഈഡിപ്പസ് നാടകമായ ജൊക്കാസ്റ്റായും ലോകനാടകവേദിയുടെ ശക്തിയും സൗന്ദര്യവും എന്താണെന്ന് വെളിപ്പെടുത്തി. പ്രതിഭധനനായ ജോസ്ചിറമ്മലിനുള്ള ശ്രദ്ധാഞ്ജലിയായിരുന്നു അത്.

അഞ്ച് രാജ്യാന്തര നാടകോത്സവങ്ങൾ പിന്നിട്ട്



ആറാമത് ഇറ്റ്ഫോകിനായി അക്കാദമി ലോകത്തെ അഭിസംബോധനചെയ്യുകയാണ്. 2008ൽ നിന്നും 2014ലേക്ക് എത്തി നിൽക്കുമ്പോൾ അക്കാദമിക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങൾ തന്നെയാണ്. ഭാരിച്ച സാമ്പത്തിക ശേഷിയും, അധ്വാനവും ആവശ്യമായിവരുന്ന ഇറ്റ്ഫോക്പോലുള്ള സംരംഭങ്ങൾ അക്കാദമിപോലുള്ള ഒരു സ്ഥാപനത്തിന് സ്വന്തം കാലിൽ നിന്നുകൊണ്ട് നടത്തികൊണ്ടുപോകാൻ പറ്റുമോ എന്നുള്ളത് ഒരു വലിയ ചോദ്യചിഹ്നമായിരുന്നു. ഓരോ സംഘാടനത്തിൽ നിന്നും അതിന്റെ ന്യൂനതകൾ മനസ്സിലാക്കി കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിനായി അക്കാദമിക്ക് സാധിച്ചിട്ടുണ്ട്.



ഇറ്റ്ഫോക്കിന്റെ പ്രസക്തി

ലോകനാടകവേദിയിൽ ഇതിനകംതന്നെ സർഗാത്മകമായ സംവാദമുഖങ്ങൾ തുറക്കുന്നതിനും തിയറ്ററിന്റെ പ്രമേയത്തിലും രൂപഘടനയിലും ഏറ്റവും നവീനമായ മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിനും ഇറ്റ്ഫോകിന് സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാനമുന്നേറ്റങ്ങളിൽ നാടകത്തിന് പ്രഥമസ്ഥാനംതന്നെയുണ്ട്. സ്വാതന്ത്ര്യാനന്തരം കേരളത്തിൽ നാടകം വളരെ സജീവമായിരുന്നു. തനത് നാടകം, പരീക്ഷണനാടകം, അമേചർനാടകം, പ്രൊഫഷണൽ നാടകം എന്നിങ്ങനെ വ്യത്യസ്ത ധാരകളിൽപെടുന്ന നാടകങ്ങളും ഉണ്ടായി. കേരളത്തിലെ അമേചർ കലാസമിതി പ്രസ്ഥാനങ്ങൾ കൂടുതൽ ഊർജസ്വലമായി. എന്നാൽ കാലാന്തരത്തിൽ നാടകത്തിന്റെ തീക്ഷ്ണതയ്ക്ക് മങ്ങലേറ്റുതുടങ്ങി. ഇത്തരമൊരു പ്രത്യേക സാഹചര്യത്തിൽ കേരളത്തിലെ നാടക പ്രവർത്തനങ്ങൾക്ക് പുത്തനുണർവും ഉൻമേഷവും ഊർജവും പ്രദാനം ചെയ്യുന്നതിന് അന്തർദ്ദേശീയനാടകോത്സവങ്ങൾ പര്യാപ്തമായി. കേരളത്തിലെ നാടകപ്രസ്ഥാനത്തിനും നാടക പ്രവർത്തകർക്കും ലോകനാടകവേദിയെ അടുത്തറിയുന്നതിന് സാധിച്ചു. കേരളത്തിന്റെ നാടകചരിത്രത്തിൽ ഇറ്റ്ഫോക് നിർണ്ണായക സ്ഥാനം കൈവരിച്ചു.

മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ സ്വത്വം നേരിടുന്ന പ്രതിസന്ധികൾ മുഖ്യപ്രമേയമായി വരുന്ന നാടകങ്ങളാണ് ഇറ്റ്ഫോക് 2014ന്റെ സവിശേഷത. ലിംഗരാഷ്ട്രീയവും ലിംഗപരമായ ഉച്ചനീചത്വങ്ങളും ലോകത്താകമാനം കലയുടെയും സാഹിത്യത്തിന്റെയും മുഖ്യ വിഷയമായിരുന്നു. മനുഷ്യവളർച്ചയുടേയും പരിണാമത്തിന്റേയും വിവിധഘട്ടങ്ങളിൽ ലിംഗനീതിയുടെയും ലിംഗരാഷ്ട്രീയത്തിന്റേയും സ്വാധീനം കാണാം. ലോകസിനിമയിലൊക്കെ വളരെ നേരത്തെതന്നെ ഇത്തരം വിഷയങ്ങൾ സജീവമായി ചർച്ച ചെയ്തിട്ടുണ്ട്. ലോകത്താകമാനം സ്ത്രീകൾ നേരിടുന്ന ലിംഗപരമായ ഉച്ചനീചത്വങ്ങളും ലിംഗാധിനിവേശവും ലിംഗരാഷ്ട്രീയവും മുഖ്യ പ്രമേയങ്ങളായിവരുന്ന നാടകങ്ങളാണ് ഇത്തവണത്തെ ഇറ്റ്ഫോകിൽ. ആദ്യമായാണ് അന്തർദ്ദേശീയനാടകോത്സവത്തിൽ ജെന്റർ, ട്രാൻസിഷൻ (പരിവർത്തനം) വിഷയങ്ങൾ മുഖ്യപ്രമേയമായി വരുന്നത്.

ലോകത്തിലെ വിവിധരാജ്യങ്ങളിൽ നിന്നായി 140 എൻട്രികൾ ഇറ്റ്ഫോകിന് എത്തിയത് തന്നെ ഇതിന്റെ തെളിവാണ്. ഇന്ത്യൻ നാടകവേദിയിൽ വ്യക്തമായ കാഴ്ചപ്പാടുകളോടുകൂടി ഇടപെടുകയും നാടക പ്രവർത്തനം നടത്തുകയും ചെയ്തുവരുന്ന നീലം മാൻസിങ്ങ്, അഭിലാഷ്പിള്ള, സജിത മഠത്തിൽ, ദീപൻ ശിവരാമൻ എന്നിവരടങ്ങുന്ന ക്യൂറ്റോറിയൽ ബോർഡാണ് നാടകങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. പ്രമേയപരമായ പ്രാധാന്യവും നൂതനത്വവും പരിഗണിച്ചാണ് ക്യൂറേറ്റോറിയൽ കമ്മിറ്റി 22 ഓളം നാടകങ്ങൾ തെരഞ്ഞെടുത്തത്. (ദി നൈബേഴ്സ് ഗ്രീഫ് ഈസ് ഗ്രീനർ (ഇറാൻ), ഷി/ഹി നാൻസി ജൊ (ചെക്ക് റിപ്പബ്ലിക്ക്) ബീഗം പണിക്കർ, ഇരകളോടു മാത്രമല്ല സംസാരിക്കുന്നത് (ഇന്ത്യ) എന്നി നാടകങ്ങൾ ഇറ്റ്ഫോകിലെ ജന്റർ വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നു. ജർമ്മനിയിൽ നിന്നുള്ള മെഫിസ്റ്റോ വാൾട്ട്സ്, ഫ്രാൻസിൽ നിന്നുള്ള ഹിലം, ട്രാൻസ്ഫിഗറേഷൻ ഇന്ത്യയിലെ വിരാസത്, ദി വിന്റേഴ് ടെയിൽ എന്നി നാടകങ്ങൾ ട്രാൻസിഷൻ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

നാടക സങ്കേതങ്ങളുടെ പുതുകാഴ്ചകൾ

കൊക്കേഷ്യൻ ചോക് സർക്കിൾ, ശ്രീലങ്ക), ജർമ്മനിയിൽ നിന്നുള്ള ഡറിവോതിയറ്റർ കമ്പനിയുടെ പേരിട്ടിട്ടില്ലാത്ത ഓപ്പൺ എയർ ആക്ഷൻ എന്നിവയുമാണ് സ്പെക്ടേറ്റർഷിപ്പ് വിഭാഗത്തിൽപ്പെടുന്നത്. ഒറ്റയാൾ രംഗാവതരണങ്ങൾക്കായുള്ള പ്രത്യേക വിഭാഗം ഇറ്റ്ഫോകിന്റെ മുഖ്യ സവിശേഷതയാണ്. ട്രാൻസ്ഫിഗറേഷൻ,



ഷി/ഹി നാൻസിജൊ, സീഷാർപ്പ് സിബ്ലണ്ട്, തെരഞ്ഞെടുപ്പ് എന്നി നാടകങ്ങളിൽ പ്രകടമാകുന്ന ജന്റർ, ട്രാൻസിഷൻ തുടങ്ങിയ പ്രമേയങ്ങൾ ശ്രദ്ധേയമാണ്. പോസ്റ്റ് ആർത്താഡ് -അർത്താഡിന് ശേഷമുള്ള ക്രുവൽറ്റി തിയറ്റർ വിഭാഗത്തിൽപെടുന്ന നോർവീജിയൻ നാടകമാണ് റെവല്യൂഷനറിമെസേജസ്സ്. അതുപോലെ സ്ലോവാക്യയിൽ നിന്നുമുള്ള എപിക് ബ്രഹ്ത്തിയൻ നാടക സങ്കേതങ്ങളുടെ ഏറ്റവും പുതിയ കാഴ്ചയുമാകും. ഇന്ത്യൻ നാടകവേദിയിലെ അവിസ്മരണീയ സാന്നിദ്ധ്യമായിരുന്ന അന്തരിച്ച ജി.പി. ദേശ്പാപാണ്ഡെ രചന നിർവഹിച്ച സത്യഷോതക് ഇറ്റ്ഫോകിലെ ശ്രദ്ധേയമായ നാടകമാണ്. കേരളത്തിൽ നിന്ന് തുപ്പേട്ടൻ രചന നിർവ്വഹിച്ച ചക്ക, ഡബിൾ ആക്റ്റ് എന്നി നാടകങ്ങൾക്കും ശ്രീജ ആറങ്ങോട്ടുകരയുടെ ഉർവ്വരസംഗീതത്തിനും ഇറ്റ്ഫോകിൽ ഇടം നൽകുന്നതിനായി ക്യുറേറ്റോറിയൽ കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

ഇന്ത്യയും പോളണ്ടും തമ്മിലുള്ള സാംസ്കാരിക സാമൂഹിക വിനിമയത്തിന് 60 വർഷക്കാലത്തെ പഴക്കവും പാരമ്പര്യവുമുണ്ട്. ലോക രാഷ്ട്രങ്ങളും ഇന്ത്യയും തമ്മിലുള്ള സാമൂഹിക സാംസ്കാരിക ബന്ധം കൂടുതൽ ഊഷ്മളമാകുന്നതിന് ഇറ്റ്ഫോക് വേദിയാവുകയാണ്. കേരള സംഗീത നാടക അക്കാദമിയും പോളിഷ് ഇൻസ്റ്റിറ്റ്യൂട്ട് ന്യൂഡൽഹിയും പോളണ്ടിലെ ആദം മിക്കിവിച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊസ്നാൻ സംയുക്തമായി ആറാമത് രാജ്യാന്തര നാടകോത്സവത്തോടനുബന്ധിച്ച് ഇന്തോ -പോളിഷ് സംയുക്ത പ്രോജക്ടിന് രൂപം കൊടുക്കുന്നു. ബേർണ്ഡ് ഫ്ളവേഴ്സ് സെവൻ ഡ്രീംസ് ഓഫ് എ വുമൺ എന്നാണീ പ്രൊജക്ടിന്റെ പേര്. ലൈംഗിക അതിക്രമങ്ങളേയും ലിംഗപരമായ ഉച്ചനീചത്വങ്ങളേയും ആഴത്തിൽ പരിശോധിക്കുന്നതാണ് ഈ സംരഭം. വിഖ്യാതമായ പോളിഷ് തീയറ്റർ കമ്പനിയായ തിയറ്റർ ബുയിറോ പെട്രോസിയാണ് ഈ പ്രൊജക്ടിന് നേതൃത്വം നൽകുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഇന്ത്യൻ തിയറ്ററിന്റെ ശക്തമായ സംസ്കാരവും പാരമ്പര്യവും, ഊർജവും, ഇന്തോ പോളിഷ് തിയറ്റർ സംസ്കൃതിയുടെ ഏറ്റവും നവീനവും സർഗാത്മകവുമായ ചിത്രം പകർന്നു തരും. ജീവിതത്തിന്റെ എല്ലാ തുറകളിലും പെട്ടവരെ തിയറ്ററിന്റെ ഭാഗമാക്കുക എന്നതാണ് മുഖ്യ ലക്ഷ്യം. രാജ്യാന്തര നാടകോത്സവത്തിൽ ജനുവരി 27നും ഫെബ്രുവരി മൂന്നിനും ഇന്തോ-പോളിഷ് പ്രൊജക്ടിന്റെ അവതരണം ഉണ്ടാകും. പ്രമുഖ നാടക പ്രവർത്തകനും അഭിനേതാവുമായ മനുജോസാണ് ഇതിന്റെ കോർഡിനേറ്റർ.

ഓരോ ഇറ്റ്ഫോക് പിന്നിടുമ്പോഴും കേരള സംഗീത നാടക അക്കാദമിയും ഇന്ത്യൻ നാടക വേദിയും ഓരോ പടവുകൾ മുന്നേറുകയാണ്. തിയറ്റർ ഫെസ്റ്റിവലിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന വൻജനാവലിയും ഓരോ തിയറ്റർ സംഘത്തോടും പ്രമുഖവ്യക്തികളോടും പ്രേക്ഷകർ കാണിക്കുന്ന അതിരറ്റ സ്നേഹവായ്പും കേരളത്തിലെ ഈ ഫെസ്റ്റിവലിനെ ലോക തിയറ്ററിൽ വ്യതിരിക്തമായിത്തന്നെ അടയാളപ്പെടുത്തുന്നു. ഒരു ജനാധിപത്യ ഭരണ സംവിധാനത്തിലെ ജനപക്ഷത്ത് നിൽ ക്കുന്ന ഈ ഫെസ്റ്റിവൽ സമാനതകളില്ലാത്തതാകുന്നതങ്ങനെയാണ്. ■







പി.കെ. സുധി



ഉറക്കം കെട്ടവർ

ആകാശം മുട്ടുന്ന ഫ്ളാറ്റുകളുടെ കാലത്ത് ഒരിക്കൽ ഗ്രാമച്ചന്തത്തിന്റെ ഭാഗമായിരുന്ന ഓടിട്ട വീടുകൾ ആർക്കും വേണ്ടാതായിരിക്കുന്നു

ശൂന്യാകാശത്തിൽ നിന്നും തൂക്കിയിട്ടതുപോലുള്ള ഫ്ളാറ്റുകൾ ഇടത്തരം ഗ്രാമങ്ങളെയും ഇന്ന് നാഗരിക ഛായയിലേക്ക് ജ്ഞാനസ്നാനം ചെയ്തുകൊണ്ടിരിക്കുന്നു. കിളികളെപ്പോലെ മനുഷ്യർ ആകാശമേലാപ്പിലേക്കും ചേക്കേറുന്ന അതിശയക്കാഴ്ച അതിനൊപ്പം കേരളീയത്തമുള്ള മേച്ചിലോടുവിരിച്ച വാസകേന്ദ്രങ്ങൾ വാർധക്യം തീണ്ടി തളർന്നുകിടക്കുന്നതും മനസ്സിലേക്ക് ഇരച്ചുവരുന്നു. ദയാവധം കാത്തുകിടക്കുന്ന ഓടിട്ട വീടുകൾ ഓടിമറയുന്ന കാലത്തെ എടുത്തുകാണിക്കുന്നു.

വയലുകൾ, കുന്നുകൾ, കുളം, കായൽപ്പരപ്പ് അവയ്ക്കൊപ്പം ഗ്രാമച്ചന്തത്തിന് മിഴിവേറ്റി പരിലസിച്ച ഓടിട്ട വീടുകളെ ജരാനരതിന്നു തീർക്കുന്നു. ചാഞ്ഞും ചെരിഞ്ഞും, കൂരപ്പല്ലുകൾ അടർന്നുതുടങ്ങിയും നെഞ്ചു തകർന്ന് വാരിയെല്ലുകൾ പുറത്തുകാട്ടി മെഴുക്കുപുരണ്ട ദേഹത്തോടെ അവയങ്ങനെ ദയനീയഭാവത്തിലാണ്. നീല പ്ലാസ്റ്റിക് പുതപ്പാൽ തലമൂടിക്കെട്ടി വിറച്ചുനിൽക്കുന്ന ആ മുത്തശ്ശഭാവം എങ്ങനെ കരളിൽ കൊള്ളാതിരിക്കും? പെട്ടെന്നു വാർധക്യം തീണ്ടി, സർവാംഗങ്ങളിൽ ക്ഷീണവും ചടുലതാളങ്ങൾ അകന്ന് നിസ്സംഗതയിൽ വീണ്ട പ്രിയപ്പെട്ടോരാളിന്റെ യൗവനോർമയെക്കുറിച്ച് സങ്കടപ്പെടുന്നതുപോലെ വീടുകളുടെ തളർച്ചയും മനസ്സിനെ മഥിക്കുന്നു.

എൺപതുകളോടെ കേരളീയ സമ്പദ്വ്യവസ്ഥയിൽ പൊളിച്ചെഴുത്തുകളുണ്ടായി. ദാരിദ്ര്യം പടികടന്നുതുടങ്ങി. മാറ്റങ്ങളുടെ പുലരിയിൽ ഓലകെട്ടിയ വീടുകൾ കാണാതെ പോകാൻ തുടങ്ങി. സർക്കാരുകളുടെ സാമൂഹികക്ഷേമ പദ്ധതികളുടെ താങ്ങിൽ ചെറുകോൺക്രീറ്റുകൾ നിർമിക്കാനുള്ള സാധ്യതകൾ വന്നു. ചെലവുകുറഞ്ഞ പാർപ്പിടങ്ങളെന്ന സങ്കല്പം ചെറുതിന്റെ മനോഹാരിതയെ എടുത്തുകാട്ടി. അങ്ങനെ തൊണ്ണൂറുകളിൽ മരത്തിനാൽ മേൽക്കൂര അടിച്ചുകൂട്ടി മേച്ചിലോടുവിരിച്ചും കിടപ്പാടമൊരുക്കിയിരുന്ന രീതി അവസാനിച്ചു.

മരത്തിന്റെ കയ്യെത്താത്ത ഉയരത്തിലെ ഓടുകളുടെ നിരന്തര പരിപാലനം എന്ന തൊന്തരവ്, ഗൾഫ് സാമ്പത്തികത്തിന്റെ തള്ളിക്കയറ്റം ഇവയൊക്കെ ഓടിട്ട വീടുകളുടെ മാതൃക കുറച്ചു. വീടു നിർമാണം ഒരു വൻവ്യവസായമായി മാറി. എങ്കിലും കോൺക്രീറ്റ് ഗേഹങ്ങൾക്കിടയിൽ ഓടിട്ട വീടുകൾക്ക് ഒരുതരം കാരണവസ്ഥാനമു

ണ്ടായിരുന്നു. ഗ്രാമത്തിരിവുകളിലെ ആ ലളിതചന്തത്തിനെ ഒന്നു തിരിഞ്ഞുനോക്കാതെ ആർക്കും പോകാനാവുമായിരുന്നില്ല.

പുതുലോകത്തിന് വേണ്ടാത്തവർ

കാലംപോകവെ ജീർണത പൂണ്ടടങ്കം പിടിക്കാനെത്തിയപ്പോൾ അവയുടെ ചെറുത്തുനിൽപ്പുശേഷി കുറഞ്ഞു. ക്ഷീണവും തളർച്ചയും ചിതലായി പടർന്നുകയറി. വകയ്ക്കുകൊള്ളാത്ത വയസ്സന്മാരെ എന്തിനു പോറ്റണം? പുതിയ ലോകകാഴ്ചപ്പാടും മനോഗതിയും അവയുടെ തളർച്ചാവേഗമേറ്റി. അത് മറ്റൊരു ലോകമായിരുന്നു.

ചതുരരൂപത്തിൽ വാർത്തുവെച്ച കോൺക്രീറ്റ് പേടകവുമായി തട്ടിക്കുമ്പോൾ ഇവ ബഹുസ്വരതയുടെ ദൃശ്യവിന്യാസം നൽകുന്നു. ആകാശത്തിൽ നിന്നും ചാഞ്ഞും ചെരിഞ്ഞുമിറങ്ങിയ കൂരകൾ, നെടുനീളൻ വരാന്തകൾ, കടഞ്ഞെടുത്ത തൂൺചന്തങ്ങൾ, താങ്ങുന്ന തളങ്ങൾ, പൂമുഖം, അറയും പുരയും പറയുന്ന പൗരാണികത, മരഗോവണികളുടെയും തട്ടിൻപുറങ്ങളുടെയും കൗതുകലോകം തീർത്തും വ്യത്യസ്തത തന്നെ.

മാനത്തുനിന്നുള്ള കാഴ്ചകൾക്ക് തട്ടിൻപുറം അവസരമൊരുക്കുന്നു. കണ്ണാടി ഓടിന്റെ പുകരാശികലർന്ന വെട്ടച്ചാലിലാണ് തട്ടിൻപുറലോകം വെളിപ്പെടുന്നത്. ഉപ്പുമാങ്ങാ ഭരണികൾ, ഉപേക്ഷിക്കപ്പെട്ട പണിയായുധങ്ങൾ, പൊളിഞ്ഞ പെട്ടകങ്ങൾ, പൊടിപിടിച്ച് ഗ്രന്ഥവരികൾ, ദാരംവീണ വാൽക്കിണ്ടി, തുപ്പൽകോളാമ്പി, കുത്തഴിഞ്ഞ ജാതകക്കെട്ടുകൾ... അങ്ങനെ സമ്പന്നമായ ഒരു ആകാശലോകം.

കാർഷികവ്യവസ്ഥയുടെ കേന്ദ്രസ്ഥാനം എന്നൊരു ബാധ്യതകൂടിയുണ്ടായിരുന്നതിനാൽ ചുറ്റുപാടുകളുടെ അവാസനവിന്യാസവും കൂടിച്ചേരുമ്പോഴായിരുന്നു അവിടെ പ്രൗഢി പൂർണമായിരുന്നത്. ചെമ്പരത്തിയും നന്ത്യാർവട്ടവും അതിരിട്ട, തല്ലിയൊതുക്കി വൃത്തിയാക്കി, ചാണക രാശിപടർന്ന മുറ്റം. കരിയിലയും തണലും വിതറാൻ തയാറെടുത്തു നൽക്കുന്ന പ്ലാവ്. കിളിമരവും അതിൽപ്പടർന്ന മുല്ലമൊട്ടുകളും. കിണർ, കാലിത്തൊഴുത്ത്, ചാണകക്കുഴി... കാർഷിക വ്യവസ്ഥിതിയോട് പറ്റിച്ചേർന്ന നിർമിതികൾ ഇക്കാലത്ത് അവഗണിക്കപ്പെടുന്നത് സ്വാഭാവികം.

വിശാലമനസ്കതയിൽ ചാലിച്ച്, കയറിവന്നോളൂ എന്നൊരു വരാന്തച്ചിരി. ദാഹിച്ചുവലഞ്ഞപ്പോൾ നീട്ടിയ സംഭാരരുചി, കരിസിമന്റുതേച്ച വരാന്തയിൽ ചാഞ്ഞിരുന്നപ്പോൾ ശരീരത്തിലേക്ക് പടർന്ന തണുപ്പ്. പാടത്തുനിന്നും വീശിത്തണുപ്പിക്കാനോടിയെത്തി ഇളംകാറ്റ്. എന്തെല്ലാം ഓർമകൾ അതിനു നൽകാനുണ്ട്.

ഈ ജീവിതത്തിലേക്ക് കയറിവന്ന മാറ്റങ്ങൾ ക്രമമായിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ അവസാന അങ്കത്തിൽ, ഒന്നിച്ചുണ്ടുകഴിഞ്ഞവർ ഓരോരുത്തരായി പടിയിറങ്ങി. അന്യദിക്കിലെ തൊഴിൽ, മറുദേശ



കുടിയേറ്റം. പുതുവീട്ടിലേക്കുള്ള പറിച്ചുനടീൽ... വീടുകൾ ഒറ്റപ്പെടാൻ പലകാരണങ്ങളുമുണ്ടായിരുന്നു.

അവഗണനയുടെ ആദ്യപാദത്തിൽ മുറ്റത്തേക്ക് നെൽക്കറ്റകൾ കടന്നുവരാതെയായി. മകരത്തിലും വൈക്കോൽ എത്താത്തതിൽ പരിഭവംകാട്ടി മുറ്റം ഇടിഞ്ഞും കുഴിഞ്ഞും കെറുവിച്ചുനിന്നു. കറവവറ്റിയ തൊഴുത്ത് ഒരു മഴയത്ത് അമർന്നിരുന്നു. അല്ലെങ്കിൽ പൊളിഞ്ഞുപോയി. വീടിനെപ്പോലെ തന്നെ വിറയ്ക്കുന്ന ഒരു മുത്തശ്ശനോ മുത്തശ്ശിയോ ഉള്ളിലുണ്ട്. അവരുടെ കാലംകൂടി കഴിഞ്ഞുവേണം പൊളിച്ചിറക്കാൻ.

തിരിച്ചുപോകാനാവാത്തവിധത്തിൽ കാലം നിരന്തരമായി പിടച്ചുകൊണ്ട് മുന്നേറുമ്പോൾ ചുറ്റിലും ഇതുപോലുള്ള സങ്കടങ്ങൾ ധാരാളമുണ്ട്. സങ്കടങ്ങളുടെ നിഴലുകളെയാല്ലേ അവയെല്ലാം വിരിച്ചിടുന്നത്. ■



മുരളി കുട്ടമ്പുഴ



ഹരിതവനത്തിൽ ഒരു വിസ്മയത്തുരുത്ത്

തട്ടേക്കാടിന്റെ വന്യഭംഗിയിലൂടെ ഒരു തീർഥാടനം

കാനനശോഭയുടെയും വിസ്മയങ്ങളുടെയും നിറക്കൂട്ടുമായി വിനോദസഞ്ചാരികളെ തേടി തട്ടേക്കാട് പക്ഷിസങ്കേതം. ഗുജറാത്തിലെ തപ്തി നദി മുതൽ തമിഴ്നാട്ടിലെ കന്യാകുമാരി വരെ 1600 കിലോമീറ്ററിൽ നീണ്ടുകിടക്കുന്ന അതീവ ജൈവ-പക്ഷി-മൃഗ വൈവിധ്യ മേഖലയായ പശ്ചിമഘട്ടത്തിൽപ്പെടുന്ന എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലാണ് തട്ടേക്കാട് പക്ഷിസങ്കതവും പൂയംകുട്ടിയിലെ ഒടുവിലത്തെ ഹരിതവനവും.

വിഖ്യാത പക്ഷിശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ സലിം അലി തിരുവിതാംകൂർ മഹാരാജാവിന്റെ നിർദേശപ്രകാരം തട്ടേക്കാടെത്തി പഠനം നടത്തി കണ്ടെത്തിയതാണീ പക്ഷിസങ്കേതം. 1983 ലാണ് തുടക്കം. ലോക വിനോദ സഞ്ചാര ഭൂപടത്തിൽ ഇടംതേടിയിട്ടുള്ള തട്ടേക്കാട് നിത്യേന ആയിരക്കണക്കിന് വിനോദസഞ്ചാരികളാണ് എത്തുന്നത്. പുഴയും കാടും കൈകോർക്കുന്ന തട്ടേക്കാട് പക്ഷികളെയും വന്യമൃഗങ്ങളെയും അടുത്തറിയാൻ അവസരമുണ്ട്. മലകളും പുഴകളും ഇടതിങ്ങിയവനവും കൊണ്ട് സമ്പന്നമായ പൂയംകുട്ടിയിലും തട്ടേക്കാടും ഗവേഷകർക്കാവശ്യമായ വിഭവങ്ങൾ ധാരാളമുണ്ട്.



പക്ഷികളുടെ പറുദീസ

253 ഇനം വ്യത്യസ്ത പക്ഷികളെയാണ് തട്ടേക്കാട് കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ശ്രീലങ്കയിൽ മാത്രം കണ്ടുവന്നിരുന്ന സിലോൺ ഫ്രോഗ് മൗത്തിനെ (മാക്കാച്ചിക്കാട) തട്ടേക്കാടും ഉരുണൽതണ്ണിയിലും കണ്ടെത്തിയതോടെ വിദേശസഞ്ചാരികളുടെ ഒഴുക്കാണിവിടേക്ക്. പ്രകൃതിയുടെ നേർക്കാഴ്ചകൾ പകർത്താനെത്തുന്നവർക്ക് ആനകളെയും മ്ലാവിനെയും കാട്ടുപോത്തിനെയും കടുവയേയുമൊക്കെ കാണാനവസരമുണ്ട്.



ചിലച്ചും ചിറകടിച്ചും മരച്ചില്ലകൾക്കിടയിൽ ഉറക്കമിരിക്കുകയും ചെയ്യുന്ന അനേകതരം പക്ഷികൾ തട്ടേക്കാടുണ്ട്. കടൽ കടന്ന് കാഴ്ചകളുടെ നാട്ടിലെത്തുന്നവർക്ക് പക്ഷികളുടെ പറുദീസയിൽ ഇന്റർപ്രട്ടേഷൻ സെന്റർ, റഫ്യൂജി സെന്റർ, കാഴ്ച ബംഗ്ലാവ്, മിനി അക്വേറിയം, വാച്ച് ടവർ, കുടിലുകൾ എന്നിവ പ്രയോജനപ്പെടുത്താം. മരോട്ടിച്ചാൽ എന്ന സ്ഥലത്തെത്തിയാൽ കാട്ടാനകളുടെ നീരാട്ടു കുസൃതികളും അടുത്തുകാണാം. ഭൂതത്താൻകെട്ട് ഡാമിൽ നിന്നും ജലമാർഗേണ തട്ടേക്കാട്-ഞായപ്പിള്ളി വഴി കുട്ടമ്പുഴയിലെത്താം. കുട്ടമ്പുഴയിൽ ആനക്കയം തുരുത്തുകളിൽ കയറിയിരുന്ന് ഉദയാസ്തമയങ്ങൾ വേണ്ടുവോളം ആസ്വദിക്കാം. 253 മീറ്റർ ഉയരത്തിലെ ഞായപ്പിള്ളിമുടി കയറുകയെന്നത് സാഹസികർക്ക് വേറിട്ട അനുഭവമായിരിക്കും.



നാട്ടിലെത്തുന്ന വിനോദസഞ്ചാരികൾക്ക് താമസിക്കാൻ പക്ഷിസങ്കേതം ഡോർമെറ്ററി, ഐബി, വാച്ച്ടവർ എന്നിവയും സ്വകാര്യ ഹോംസ്റ്റേകൾ, ആധുനിക സൗകര്യത്തോടെയുള്ള ഇന്റർനാഷണൽ ഹോട്ടൽ എന്നിവയും ലഭ്യമാണ്.

സായിപ്പിനെ വീഴ്ത്തിയ കുതിരകുത്തി

പീണ്ടിമേട് വെള്ളച്ചാട്ടം വിസ്മയത്തിന്റെ കണിയൊരുക്കുമ്പോൾ പാറകളെ കൊണ്ട് പ്രകൃതി തീർത്ത റോക്ക്പാലസ്, മൂന്ന് ചെറുകല്ലിൽ വൻപാറയിരിക്കുന്ന ചെള്ളാട്ടള, (ഇതിനിടയിൽ 15 പേർക്ക് വന്യമൃഗങ്ങളെ ഭയക്കാതെ കുളിരുനുണഞ്ഞിരിക്കാം) നാലുപേർക്ക് നീന്തിക്കുളിക്കാവുന്ന പ്രാംകുത്ത്, വരക്കുത്ത്, വാരിയംവെള്ളച്ചാട്ടം, തിണ്ണകുത്ത് വെള്ളച്ചാട്ടങ്ങൾ എന്നിവയും കാണാൻ അവസരമുണ്ട്.

കുതിരകുത്തിയുടെ കഥ ഇങ്ങനെ. പണ്ട് ബ്രിട്ടീഷുകാരൻ മാക്ക് വാർഡൻ സായിപ്പ് പഴയ ആലുവ-മൂന്നാർ രാജപാതയായ പൂയംകുട്ടി വഴി പീണ്ടിമേട്ടിലൂടെ മൂന്നാറിലേക്ക് ഭാര്യയുമായി കുതിരപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഇന്നത്തെ കുതിരകുത്തിയിലെത്തുമ്പോൾ മഴ കനത്ത് റോഡ് മുറിച്ചുകടക്കാനാകാതെ വന്നു. സായിപ്പ് ഭാര്യയെയും കൊണ്ട് കുതിരയെ വെള്ളച്ചാട്ടത്തിനു മുകളിലൂടെ പായിച്ചു. ലക്ഷ്യംതെറ്റിയ കുതിര ഇരുവരെയും കൊണ്ട് 200 അടി താഴേക്കു പോയി മരിച്ചതായിട്ടാണ് ചരിത്രം. ഇതിനുശേഷമാണ് ഈ പ്രദേശത്തിന് കുതിരകുത്തി എന്ന പേര് വീണത്.

സമൃദ്ധമായ ഈറ്റക്കാടുകളും (ഒക്ളാൻട്രാ ട്രാവൻകൂറിക്ക എന്ന വിശേഷ ഈറ്റ ഉൾപ്പെടെ) വ്യത്യസ്ത വൃക്ഷങ്ങളും പൂയംകുട്ടി കാടിന്റെ സവിശേഷതയാണ്.

ക്ണാച്ചേരി ക്ഷേത്രചരിത്രം

കുട്ടമ്പുഴയിൽ നിന്നും ആറു കിലോമീറ്റർ വടക്കു-പടിഞ്ഞാറായിട്ടാണ് ക്ണാച്ചേരി ദേവീക്ഷേത്രം സ്ഥിതിചെയ്യുന്നത്. ടിപ്പു സുൽത്താന്റെ പടയോട്ടകാലത്ത് തകർക്കപ്പെട്ട നാലു ക്ഷേത്രങ്ങളിലൊന്നാണിതത്രെ. ഇപ്പോൾ ക്ഷേത്രത്തിന്റെ പുനരുദ്ധാരണം നടന്നുവരുന്നു. 1.5 ഏക്കർ വരുന്ന വനത്തിനകത്ത് പണ്ടുകാലത്ത് വലിയൊരു ജനവിഭാഗം വസിച്ചിരുന്നതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. നടുമുറ്റം, നാട്ടുവഴി, ആറാട്ടുവഴി, കുളിക്കടവ്, ഭസ്മക്കുളം, ബലിത്തറ, ആയുധപ്പുര തുടങ്ങിയവ ഇന്നും ചരിത്ര സ്മാരകമായി കാട്ടിലുണ്ട്. കാഴ്ചക്കാർക്കായി ആദിവാസികൾ ദേവിക്കു പായസമൂട്ടുന്ന പായസപ്പാറ ശ്രദ്ധേയമാണ്.

ക്ഷേത്രത്തിന് 100 മീറ്റർ മാറിയാണ് പ്രസിദ്ധമായ പുല്ലാശ്ശേരികുത്ത്. കാട്ടുചോലകളിലൂടെയെത്തി 120 അടി താഴേക്കു വീഴുന്ന ജലപാതം കണ്ണിനും മനസ്സിനും വല്ലാത്ത കുളിർമയാണൊരുക്കുന്നത്. കാട്ടാനകളെ അടുത്തുകാണാനും സൗകര്യമുണ്ട്. നിത്യേന നൂറുകണക്കിന് ആളുകളാണ് ക്ണാച്ചേരി ക്ഷേത്ര ദർശനത്തിനും പുല്ലാശ്ശേരികുത്ത് കാണാനുമെത്തുന്നത്. ഇവിടെയാണ് വിദേശീയന്റെ ഇഷ്ടകിളിയായ ഫ്രോഗ് മൗത്തിന്റെ കൂടുകൂട്ടിയുള്ള വാസം. ഒരു രൂപ നാണയ വലുപ്പത്തിൽ കൂടുണ്ടാക്കി വർഷത്തിൽ ഒരു മുട്ട മാത്രമിട്ട് ആൺപക്ഷി അടയിരുന്നാണ് ഫ്രോഗ് മൗത്ത് കുഞ്ഞിനെ വിരിയിക്കുന്നത്.

നിത്യേന നൂറുകണക്കിന് ആളുകളാണ് ക്ണാച്ചേരി ക്ഷേത്ര ദർശനത്തിനും പുല്ലാശ്ശേരികുത്ത് കാണാനുമെത്തുന്നത്. ഇവിടെയാണ് വിദേശീയന്റെ ഇഷ്ടകിളിയായ ഫ്രോഗ് മൗത്തിന്റെ കൂടുകൂട്ടിയുള്ള വാസം. ഒരു രൂപ നാണയ വലുപ്പത്തിൽ കൂടുണ്ടാക്കി വർഷത്തിൽ ഒരു മുട്ട മാത്രമിട്ട് ആൺപക്ഷി അടയിരുന്നാണ് ഫ്രോഗ് മൗത്ത് കുഞ്ഞിനെ വിരിയിക്കുന്നത്.



ആദിവാസികുടികളും ആചാരങ്ങളും

ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള പഞ്ചായത്താണ് കുട്ടമ്പുഴ. 15 കുടികൾ. ദുർഘടമായ മലകളും പുഴകളും അരുവികളും താണ്ടിവേണം ഓരോ കുടികളിലുമെത്തിച്ചേരാൻ. പ്രാചീന സംസ്കാരം അതേപടി പിൻതുടരുന്ന മുതുവാന്മാർ മുതൽ ആധുനികതയുടെ വക്താക്കളായിമാറിയ മന്നാൻ, ഊരാളി, അരയർ തുടങ്ങിയ വിഭാഗക്കാർവരെ വാരിയം, ഉറിയൻപെട്ടി, കുഞ്ചിപ്പാറ, തലവച്ചുപാറ, വെള്ളാരംകുത്ത്, പിണവൂർകുടി കുടികളിലായി വസിക്കുന്നു. ഇവരുടെ പ്രധാന ഉത്സവമായ ചാമിയൂട്ട് (മകരത്തിൽ നടക്കുന്നത്) കാണാൻ വിദേശികൾ എത്താറുണ്ട്. ശിവഗിരിയിൽ നിന്നും 248 കിലോമീറ്റർ ഔഷധ സസ്യവേരുകൾക്കിടയിലൂടെ മാത്രം ഒഴുകി കുട്ടമ്പുഴയിലെത്തുന്ന പെരിയാർപുഴയിലെ സ്നാനം പ്രസിദ്ധമാണ്. അൽപംപോലും മാലിന്യമേൽക്കാതെ കാട്ടിലൂടെ ഒഴുകുന്ന പുഴവെള്ളത്തിന് അസുഖങ്ങൾ മാറ്റാനുള്ള കഴിവുണ്ടെന്നാണ് അനുഭവസ്ഥർ പറയുന്നത്.

ഇടമലയാർ ജലവൈദ്യുതപദ്ധതി, വടാട്ടുപാറപൊയ്ക മഹാദേവക്ഷേത്രം, ഭൂതത്താന്മാർ കെട്ടിയുണ്ടാക്കിയെന്നു വിശ്വസിക്കുന്ന ഭൂതത്താൻകെട്ട് ഡാം, വിവിധയിടങ്ങളിലെ മുനിയറകൾ തുടങ്ങി കാഴ്ചകളുടെ വിസ്മയങ്ങൾ തീർത്ത് കുട്ടമ്പുഴയും പൂയംകുട്ടിയും തട്ടേക്കാടും വിനോദസഞ്ചാരികളെ മാടിവിളിക്കുന്നു. കൊക്കകെളില്ലാതെ, കയറ്റങ്ങളില്ലാതെ ഭയരഹിതമായി യാത്രചെയ്യാൻ പഴയ ആലുവ-മൂന്നാർ റോഡ് (നെടുമ്പാശ്ശേരി-കൊടെക്കനാൽ പാത) വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടുത്താം. കോതമംഗലത്തുനിന്നും 13 കിലോമീറ്ററും ആലുവ റെയിൽവേ സ്റ്റേഷനിൽ നിന്നും 48 കിലോമീറ്ററും നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും 42 കിലോമീറ്ററും സഞ്ചരിച്ച് തട്ടേക്കാടെത്താം. അവിടെ നിന്നും പൂയംകുട്ടിക്ക് 18 കിലോമീറ്റർ. പക്ഷിസങ്കേതം ഫോൺ - 0485 2588302

എം. ശ്രീനാഥൻ

വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം


മാറുന്ന തലയിലെഴുത്തുകഥ

സാംസ്കാരിക മേൽക്കോയ്മയുടെ സാധൂകരണമായിരുന്നു വിധി വിശ്വാസത്തിലൊളിപ്പിച്ച 'തലയിലെഴുത്ത്". എഴുത്ത്/അക്ഷരം സ്ഥിരതയുടെ പ്രതീകമാകുമ്പോൾ തലയിലെഴുത്ത് മാറ്റാനാവില്ലല്ലോ.

വായ്മൊഴിയിൽ നിന്ന് വരമൊഴിയായി ഒരു ഭാഷ പരിവർത്തനപ്പെടുന്നത് സാങ്കേതികതയുടെ ഉൾച്ചേരലുകൊണ്ടാണ്. ലിപിയിലൂടെ ലിഖിത രൂപമാർജിക്കുന്നതോടെ, ഭാഷാശാസ്ത്രത്തിന് ദൃശ്യരൂപം കൈവരുന്നു. പ്രാഥമികമായൊരു സാങ്കേതികതയാണ് ലിപി, ഒപ്പം സാംസ്കാരികമായൊരു അധികാരവുമാണ്. ലിപിയെന്ന ദൃശ്യസാങ്കേതികത ലോകഭാഷകളെ ലിപിനിഷ്ഠമെന്നും ലിപിബാഹ്യമെന്നും രണ്ടായി അടയാളപ്പെടുത്തുന്നു. ലിപിയില്ലാത്തവയാണ് ബഹുഭൂരിപക്ഷം ലോകഭാഷകളുമെന്നോർക്കേണ്ടതാണ്. മലയാള ലിപിയുടെ ചരിത്രാന്വേഷണമല്ലിവിടെ മുഖ്യ പ്രമേയം. മലയാളഭാഷ അക്ഷരനിഷ്ഠമായതിന്റെ സാംസ്കാരിക പരിസരമാരായുകയാണ്. ദ്രാവിഡമായ 'എഴുത്ത്' അക്ഷരനിഷ്ഠമായതോടെ കൈവന്ന അർഥവികാസത്തെ തൊട്ടറിയുകവഴി വാമൊഴിയുടെ പൊരുൾ വ്യക്തമാകും. സാംസ്കാരികവും സാംസ്കാരികേതരവുമായ അർഥത്തിന്റെ അടരുകൾ വരമൊഴിയുടെ പൊരുളിലുണ്ട്. അക്ഷരമെന്ന സങ്കല്പം, അക്ഷരജന്യമായ അർഥമണ്ഡലം, അക്ഷരകേന്ദ്രിതമായ സാമൂഹികത ഇവയെല്ലാം 'അക്ഷരത്തിന്റെ പദപാഠത്തിലൂടെ പുറത്തുവരുന്നു.

അക്ഷരസങ്കല്പം ആര്യ പൈതൃകമാണ്. ഇതുപ്രകാരം നാശമില്ലാത്ത, ഇളക്കമില്ലാത്ത, സ്ഥിരമായ, മാറ്റരുതാത്ത എന്നേക്കും നിലനിൽക്കുന്ന ഒന്നത്രെ അക്ഷരം. ഭാഷയെ സ്ഥിരമാക്കുന്ന സാങ്കേതികതയാണ് അക്ഷരപ്രമാണത്തിലൂടെ മലയാളി ആർജിച്ചത്. ക്ഷരമില്ലാത്തതായി അക്ഷരം നിർവചിക്കപ്പെട്ടതോടെ, അത് സ്ഥിരമായ എല്ലാത്തിനോടും കണ്ണിചേർക്കപ്പെട്ടു. ഇതാകട്ടെ, ഹൈന്ദവ സങ്കല്പന ഭൂമികയിലാണ് വേരോടിനിൽക്കുന്നത്. അക്ഷരത്തെ പരബ്രഹ്മമായും (അക്ഷരബ്രഹ്മം) കണ്ടതോടെ, മോക്ഷം, പ്രണവം, യാഗം, തപസ്സ്, വ്രതം എന്നിങ്ങനെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ചേർന്ന കൈവഴികളുമായി ഇണക്കിയെടുക്കാനുമായി. ശിവനും വിഷ്ണുവും ബ്രഹ്മാവുമടങ്ങുന്ന അക്ഷരനും ഓംകാരമാകുന്ന അക്ഷരത്രയവും നമശ്ശിവായ എന്ന അക്ഷരപഞ്ചകവുമായി സമരസപ്പെട്ടുകൊണ്ട് വാക്കും പ്രമാണവും രേഖയും സ്ഥിരമാണെന്ന വിശ്വാസം പ്രബലമായി. എഴുതപ്പെടുന്നതെന്തും ശരിയാണെന്ന വിശ്വാസം വളർത്തിയെടുക്കാൻ ഇതുകൊണ്ടായി. അബ്രാഹ്മണരുടെ ഇടയിൽ ബ്രാഹ്മണാധിപത്യം സ്ഥിരപ്പെടുത്താനും അംഗീകരിപ്പിക്കാനും ഈ വിശ്വാസം നിർബന്ധവുമായിരുന്നു.

അക്ഷരമെന്ന സംസ്കൃതസങ്കല്പം ദ്രാവിഡീയമായ 'എഴുത്തി'നെ പുനർനിർവചിച്ചുകൊണ്ട് മലയാളിയുടെ ധൈഷണിക മുഖ്യധാര രൂപംകൊള്ളുന്നതാണ് നാം പിന്നെ പരിചയപ്പെടുന്നത്. ആര്യ ദ്രാവിഡ സങ്കല്പങ്ങളുടെ പരസ്പരാശ്രിതത്വം എഴുത്തും അക്ഷരവുമായുള്ള ബന്ധമായി മലയാളിയുടെ അബോധത്തിൽ കലർന്നു. അക്ഷരജനനികളായ എഴുത്താണിയും എഴുത്തുതൂവലും അക്ഷരതൂലികയും ഉപയോഗം കണ്ടെത്തി. ക്രമേണ, ആംഗല സംസ്കൃതിയുമായി പേന ഇവയെ ഒക്കെ പിൻതള്ളി ഉപയോഗപ്രമാണിത്തം നേടി. എഴുത്തോലയും അക്ഷരപലകയും അണിയറയിലേക്കൊതുക്കി പേപ്പർ അരങ്ങ് കീഴടക്കി. തുടർന്ന്, അക്ഷരമുദ്രയായ അച്ചാണി അച്ചടി യാഥാർഥ്യമാക്കി. അക്ഷരന്യാസമായ അക്ഷരം നിരത്തൽ മുദ്രണത്തിൽ സ്വാഭാവികമായി. 19 ാം നൂറ്റാണ്ടിലെ മിഷനറി സംഭാവനയായി മുദ്രണം മാറിയതോടെ, ബൈബിളും ഗുണ്ടർട്ടുമൊക്കെ മലയാളിയുടെ ധൈഷണികതയ്ക്ക് യൂറോപ്യൻ ആമുഖം യാഥാർഥ്യമാക്കുകയാണുണ്ടായത്. അക്ഷരലേഖിനിയും (ടൈപ്പ് റൈറ്റർ) കംപ്യൂട്ടറുമൊക്കെ കടന്നെത്തിയതോടെ അക്ഷരലേഖനത്തിന്റെ കഥ അനുദിനം മാറിമറിഞ്ഞു.



അക്ഷരമാലയിൽ വ്യഞ്ജനത്തോടുകൂടിയോ കൂടാതെയോ ഉള്ള സ്വരമാണ് അക്ഷരം. സ്വരങ്ങളുടെ പിൻബലത്തോടെയാണ് മലയാളത്തിൽ വ്യജ്ഞനങ്ങളുടെ നിലനിൽപ്പ്. ശബ്ദം ലിപിയായിമാറിയതോടെ, അക്ഷരജ്ഞാനം/അക്ഷരപരിചയം അറിവിന്റെ മറ്റൊരു മേഖലയായി. എഴുത്തറിവ് അക്ഷരവിദ്യയിലൂടെ, അക്ഷരശിക്ഷയിലൂടെയെ നേടാനാകൂവെന്നുവന്നു. അങ്ങനെ എഴുത്തുപഠിക്കൽ ഒരഭ്യാസവും വിദ്യയുമായി മാറി. അതോടെ, വിദ്യാരംഭം/എഴുത്തിരുത്തും വിദ്യാദേവതയായ സരസ്വതിയുടെ അനുഗ്രഹവും ഒഴിച്ചുകൂടാനാവാത്ത ചടങ്ങായി മലയാളിക്ക്. അക്ഷരവീഴ്ച/അക്ഷരപിഴവ് അഥവ അക്ഷരച്യുതിയുമൊഴിവാക്കി അക്ഷരവ്യക്തികളെ വാർത്തെടുക്കുന്ന കർമപദ്ധതിയായി വിദ്യാഭ്യാസം. എഴുതി ഉപജീവനം കഴിക്കുന്ന അക്ഷരചഞ്ചുക്കളും അക്ഷരജീവികളും പുതിയൊരു സാമൂഹികാവസ്ഥയുടെ പ്രതിനിധികളായി. എഴുത്തുകാർ സാഹിത്യകാരും ഗ്രന്ഥകർത്താക്കളായും പരിണമിച്ചു. എഴുത്തുത്പന്നങ്ങളായ ആധാരവും ലേഖനവും പ്രമാണവും രേഖയും ഗ്രന്ഥങ്ങളുമൊക്കെ ചമയ്ക്കുന്നവർക്ക് സമൂഹത്തിൽ അംഗീകാരം നേടിയെടുക്കാനുമായി.


അക്ഷരജ്ഞാനം സാർവത്രികമാകാതിരുന്നകാലത്ത് അക്ഷരവർജിതരും അക്ഷരവിഹീനരുമടങ്ങുന്ന അക്ഷരശൂന്യരുടെ എണ്ണം കൂടുതലായിരുന്നു. അക്ഷരത്തിന്റെ ജനാധിപത്യവത്കരണം സാക്ഷരത ഉയർത്തി നിരക്ഷരരുടെ എണ്ണം കുറച്ചു. പക്ഷെ, അക്ഷരത്തിന്റെ സ്ഥിരതയ്ക്ക് തലയിലെഴുത്ത് മാറ്റാനാവാത്ത ഒന്നാണെന്ന് വിശ്വസിപ്പിക്കാൻ കഴിഞ്ഞു. അക്ഷരത്തോടൊപ്പം മലയാളിയുടെ അബോധത്തിൽ സ്ഥാനമുറപ്പിക്കാൻ ചില വിശ്വാസങ്ങൾക്കുമായി. അക്ഷരവും എഴുത്തും കൂടി കണ്ണിചേർന്നപ്പോൾ 'തലയിലെഴുത്ത്' എന്ന വിശ്വാസത്തിന് സ്ഥിരതയുടെ ആക്കം കൂട്ടി. അക്കാലത്തെ സാംസ്കാരിക മേൽക്കോയ്മയുടെ സാധൂകരണമായിരുന്നു വിധി വിശ്വാസത്തിലൊളിപ്പിച്ച 'തലയിലെഴുത്ത്'. എഴുത്ത്/അക്ഷരം സ്ഥിരതയുടെ പ്രതീകമാകുമ്പോൾ തലയിലെഴുത്ത് മാറ്റാനാവില്ലല്ലോ. കേരള ജനത മൊത്തത്തിൽ ഇത്തരം സങ്കല്പങ്ങളിൽ കുടുങ്ങിയതായി പറയാനാവില്ല. വട്ടെഴുത്തും, കോലെഴുത്തും കടന്ന് ആര്യ എഴുത്തിലേക്ക് മലയാള ലിപി വളർന്നുകയറിയപ്പോൾ എല്ലാപേരും അതംഗീകരിച്ചിരുന്നില്ല. ഒരു മതേതര പാരമ്പര്യവുമായി ഈ മുന്നേറ്റത്തെ കണ്ടിരുന്നില്ലെന്നുറപ്പിച്ചു പറയാനാവും. അറബി ലിപി സ്വീകരിച്ചു വളർന്ന അറബിമലയാളവും സുറിയാനി ലിപി സ്വീകരിച്ചിരുന്ന കുറിസോനി മലയാളവും സംസ്കൃത/ഹൈന്ദവ അക്ഷര സങ്കല്പത്തിലൂന്നുന്ന ലിപിയോടുള്ള പ്രതിരോധമായിരുന്നുവെന്നും കാണാവുന്നതാണ്. അച്ചടിയിലൂടെ രൂപംകൊണ്ട കേരളവും മലയാളിയും ഇന്ന് ആഘോഷിക്കുന്ന ലിപിക്ക് മതേതര സ്വഭാവം കൈവന്നിട്ടുണ്ട്.

ആര്യ ദ്രാവിഡ സങ്കല്പസംഗമത്തിലൂടെ മലയാളി ലിഖിതപാരമ്പര്യം നിർമിച്ചെടുത്തതെങ്ങനെയെന്നും അതിൽ മുദ്രണ സാങ്കേതികതയിലൂടെ പാശ്ചാത്യ ചേരുവ ഉണ്ടായതാണെന്നും അക്ഷരപാഠം പങ്കിടുന്നു. കൂടാതെ, ജനകീയവത്കരണത്തിലൂടെ അക്ഷരത്തെ മതേതരമാക്കി ഉയർത്താൻ കേരളത്തിനായിയെന്നും. ■




തകഴിയുടെ സർഗപഥങ്ങൾ

മനുഷ്യജീവിതത്തെ ഒരു മഹേതിഹാസമായി കണ്ടറിയുകയും ആവിഷ്കരിക്കുകയും അനുഭവിപ്പിക്കുകയും ചെയ്ത മലയാളി എഴുത്തുകാരിൽ പ്രമുഖസ്ഥാനംതന്നെയുണ്ട് തകഴി ശിവശങ്കരപ്പിള്ളയ്ക്ക്. അധികാരത്തിന്റെ ഏണിപ്പടികളും വളവുതിരിവുകളും കയറിയിറങ്ങുന്നവരായാലും കുട്ടനാടിന്റെ ചേറും ചെളിയും നിറഞ്ഞ നെൽപ്പാടങ്ങളിൽ വിയർപ്പൊഴുക്കിയ അധ:സ്ഥിതരും അടിച്ചമർത്തപ്പെട്ടവരുമായാലും കടലിന്റെ വന്യാഗാധതകളിൽ മല്ലിടുന്നവരായാലും കാലപ്രവാഹത്തിന്റെ അനസ്യൂതഗതിയിൽ പിടിച്ചു നിൽക്കാൻ പാടുപെടുന്ന കരനാഥന്മാരായാലും തകഴി വരച്ചിടുന്ന കാൻവാസിൽ അവർ ഇതിഹാസമാനങ്ങ



ളാർജിക്കുന്നു. തകഴിയുടെ ഏറ്റവും മഹത്തായ രചനയായി നിരൂപകർ കണക്കാക്കുന്ന കയർ മുതൽ വെള്ളപ്പൊക്കത്തിൽ പോലെ വിഖ്യാതമായ ചെറുകഥകൾ വരെ ഇതിനുദാഹരണങ്ങളാണ്. അതേസമയം അവ കേരളസമൂഹത്തിന്റെയും സാമ്പത്തികവ്യവസ്ഥിതിയുടെയും സൂക്ഷ്മവായനകളായിക്കൂടി മാറുന്നുവെന്നതാണ് ചിലർക്ക് തകഴി ഇന്നും പ്രസക്തനാവാൻ കാരണം. ഈ രണ്ടു തലങ്ങളിലുമുള്ള തകഴി സാഹിത്യപ്രപഞ്ചത്തിലൂടെ നടത്തുന്ന യാത്രയാണ് പ്രൊഫ. ജി. ബാലചന്ദ്രന്റെ *തകഴിയുടെ സർഗപഥങ്ങൾ* എന്ന പുസ്തകം. ഗ്രന്ഥകാരൻ ആമുഖത്തിൽ പറയുന്നു: മലയാളത്തിന്റെ ചരിത്രപേടകമായിട്ടാണ് തകഴിക്കൃതികളെ ഞാൻ കാണുന്നത്...ഭിന്നജീവിതങ്ങളെ അപൂർവ ഭംഗിയിൽ അദ്ദേഹം ആവിഷ്കരിച്ചു.അവരുടെ പരുക്കൻ പ്രതലങ്ങളും സ്ഫോടനാത്മകനിമിഷങ്ങളും അന്ത:സംഘർഷങ്ങളും ആലേഖനം ചെയ്ത് ജീവിതത്തിന്റെ കാതൽ കാട്ടിത്തന്നു. തകഴിസാഹിത്യം, നോവലുകൾ, കയർ, മറ്റു നോവലുകൾ, ചെറുകഥകൾ, കഥകൾ എന്നീ അഞ്ചു വിഭാഗങ്ങളിലായാണ് പുസ്തകം സംവിധാനം ചെയ്തിരിക്കുന്നത്. സൂക്ഷ്മദൃക്കായ ഒരു വിമർശകന്റെ സാന്നിധ്യം ഈ ഗ്രന്ഥത്തിന്റെ ഓരോ താളിലും നിഞ്ഞുനിൽക്കുന്നുവെന്ന് അവതാരികയിൽ പെരുമ്പടവം ശ്രീധരൻ. കേരള സാഹിത്യ അക്കാദമിയാണ് പ്രസാധകർ. ■

രാജേഷിന് മുഖ്യമന്ത്രിയുടെ കാരുണ്യഹസ്തം



ആറു വർഷമായി വീൽച്ചെയറിലിരുന്ന് ജീവിതം തള്ളിനീക്കുന്നചേർത്തല കാട്ടിക്കാട് തടിക്കൽ വീട്ടിൽ രാജേഷിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കാരുണ്യഹസ്തം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000 രൂപയാണ് ഈ നിർധനകുടുംബത്തിന് അനുവദിച്ചത്. മുഖ്യമന്ത്രിയുടെ പൊതുജനപരാതിപരിഹാരപരിപാടിയായ 'സുതാര്യകേരള'ത്തിന്റെ ആലപ്പുഴ ജില്ലാ സെൽ വഴി അയച്ച മാധ്യമറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

കളക്ട്രേറ്റിൽ നടന്ന വീഡിയോ കോൺഫ്രൻസിലൂടെയാണ് മുഖ്യമന്ത്രി സഹായധനം പ്രഖ്യാപിച്ചത്. ജില്ലാ കളക്ടർ എൻ. പത്മകുമാർ രാജേഷിന്റെ അവസ്ഥ മുഖ്യമന്ത്രിയോടു വിശദീകരിക്കുകയും ഈ യുവാവിനെ സഹായിക്കാൻ ജില്ലാ ഭരണകൂടം സ്വീകരിച്ച നടപടികൾ അറിയിക്കുകയും ചെയ്തു.

രാജേഷിന്റെ നിലവിലെ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി നൽകി. കൂടാതെ 1,000 രൂപ വികലാംഗ പെൻഷൻ അനുവദിക്കുന്നതിന് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. രാജേഷിന്റെ ഭാര്യ കവിതയ്ക്ക് ആശ്വാസകിരണം പദ്ധതിയിൽപ്പെടുത്തി പ്രതിമാസം 400 രൂപ നൽകാൻ നടപടി സ്വീകരിക്കാൻ ജില്ലാ സാമൂഹികനീതി ഓഫീസർക്കും നിർദ്ദേശം നൽകി. സ്ഥലം കണ്ടെത്തി വീടുവച്ചു നൽകാനാവശ്യമായ നടപടിയും സ്വീകരിക്കും.

വർക്ക്ഷോപ്പ് ജോലിക്കാരനായിരുന്ന രാജേഷിന്(37) ആറു വർഷം മുമ്പാണ് രോഗം ബാധിച്ചത്. ശരീരത്തിന് അവശത തോന്നിയതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് ഇരു വൃക്കകളും തകരാറിലാണെന്നറിയുന്നത്. ഡയാലിസിസിലൂടെ ജീവൻ നിലനിർത്തുന്ന രാജേഷിന്റെ അസ്ഥിക്ക് ബലക്കുറവുമുണ്ട്. ഭാര്യ കവിതയ്ക്കു സ്വകാര്യസ്ഥാപനത്തിലെ ജോലിയിൽ നിന്നു കിട്ടുന്ന വരുമാനമാണ് കുടുംബത്തിന്റെ ആശ്രയം. മരുന്നിനും മറ്റും വേണ്ടി സുഹൃത്തുക്കളും നാട്ടുകാരും സഹായത്തിനുണ്ട്. മുഖ്യമന്ത്രിയുടെ സഹായം കുടുംബത്തിന് ഏറെ ആശ്വാസകരമായി.



രമേശ് ചെന്നിത്തല ആഭ്യന്തരമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നു

കണ്ണൂർ എയർപോർട്ട്;
നിർമാണ പ്രവൃത്തികൾ ത്വരിതഗതിയിൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെ ഉൾപ്പെടെയുള്ള നിർമാണ പ്രവൃത്തികൾ ത്വരിതഗതിയിൽ നടക്കുകയാണ്. 3400 മീറ്ററിലാണ് റൺവെ നിർമാണം. ഇതിനിടെ ഗ്രൗണ്ട് പ്രവൃത്തി പൂർത്തീകരിച്ചു വരികയാണ്. സൈറ്റ് ഏരിയയിലേക്കുള്ള പ്രവേശനപാത സജ്ജമായിട്ടുണ്ട്. ഇവിടേക്കുള്ള പ്രവേശനത്തിന് നിയന്ത്രണവും ഏർപ്പെടുത്തി.

മട്ടന്നൂർ-അഞ്ചരക്കണ്ടി-തലശ്ശേരി, എടക്കാട്-മട്ടന്നൂർ എന്നിവയാണ് സജീവമായ റോഡുകൾ. കണ്ണൂർ-മട്ടന്നൂർ ഗ്രീൻഫീൽഡ് റോഡ് സർവെ പൂർത്തിയായിട്ടുണ്ട്. കർണാടക ബോർഡർ - മട്ടന്നൂർ, നാദാപുരം - മട്ടന്നൂർ, മാഹി-മുഴപ്പിലങ്ങാട് റോഡുകൾ അടുത്തുതന്നെ ഏറ്റെടുക്കുന്നതാണ്. കണ്ണൂർ - മട്ടന്നൂർ റെയിൽവെ ലൈൻ പ്രാരംഭ സർവെ പൂർത്തിയായിട്ടുണ്ട്. തുടർപ്രവർത്തനം നടന്നുവരികയാണ്. 1278 ഏക്കർ സ്ഥലം വിമാനത്താവളത്തിനു വേണ്ടി നേരത്തെ ഏറ്റെടുത്തു കഴിഞ്ഞു.



കണ്ണൂർ വിമാനത്താവളത്തിന്റെ നിർമാണ പ്രവൃത്തികളുടെ ഉദ്ഘാടനം ഉടൻ നടക്കുമെന്ന് എയർപോർട്ടിന്റെ ചുമതലയുള്ള ഫിഷറീസ് മന്ത്രി കെ. ബാബു അറിയിച്ചു. നിർദിഷ്ട വിമാനത്താവള പദ്ധതി പ്രദേശം സന്ദർശിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമാണത്തിനായുള്ള മൂന്നാംഘട്ടം ഭൂമിയായി. 785 ഏക്കറാണ് ഏറ്റെടുക്കുന്നത്. ഇതിനായി 310 കോടി രൂപ ബാങ്ക്‌ലോൺ എടുക്കും. 200 ഏക്കർ ഭൂമി ഇതിനകം ഏറ്റെടുത്തു കഴിഞ്ഞു. ബാക്കിയുള്ളവയുടെ രേഖകൾ പരിശോധിച്ചു വരികയാണ്. വിമാനത്താവളത്തിന്റെ അനുബന്ധമായി നിർമിക്കുന്ന ടെർമിനലിന്റെ ടെണ്ടർ നടപടികൾ ജനുവരിയിൽ പൂർത്തിയാക്കും. കാലതാമസം ഒഴിവാക്കാൻ വിവിധ ഭാഗങ്ങളായാണ് ടെണ്ടർ നൽകുന്നത്, കിറ്റ്കോയുടെ നേതൃത്വത്തിൽ പദ്ധതിയുടെ ഡിസൈൻ രൂപകല്പന ചെയ്തിട്ടുണ്ട്. എയർപോർട്ട് കൺസൾട്ടൻസിയുമായി ചർച്ച ചെയ്ത് അന്തിമ തീരുമാനമെടുക്കും. മുഖ്യമന്ത്രിയുമായി ആലോചിച്ച് ബോർഡ് യോഗമാണ് ഇതിന് അംഗീകാരം നൽകേണ്ടത്. വിമാനത്താവള നിർമാണത്തിന് 49 ശതമാനം സ്വകാര്യ പങ്കാളിത്തമാണ് ഉൾപ്പെടുത്തുന്നത്.

ഫെഡറൽ ബാങ്ക് 25 കോടിയും സൗത്ത് ഇന്ത്യൻ ബാങ്ക് 10 കോടിയും നിക്ഷേപിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. എസ്.ബിടി 10 കോടിയുടെ നിക്ഷേപത്തിന് തയാറാണ്. നിർമാണം പൂർത്തീകരിക്കാൻ 1000 കോടിയുടെ വായ്പയാണ് ലക്ഷ്യം. വിവിധ ബാങ്കുകളുമായി ഇതിനകം ചർച്ച നടത്തിക്കഴിഞ്ഞു. സ്ഥലം ഏറ്റെടുക്കാൻ ആവശ്യമായ 310 കോടി രൂപ 10.24 ശതമാനം പലിശ നിരക്കിൽ നൽകാൻ യൂണിയൻ ബാങ്ക് രംഗത്തെത്തിയിട്ടുണ്ട്. 10.5 ശതമാനം പലിശ നിരക്കിൽ 200 കോടി രൂപ സൗത്ത് ഇന്ത്യൻ ബാങ്കും നൽകും. ആവശ്യമായ എല്ലാ അംഗീകാരങ്ങളും ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2015 ഡിസംബർ 31 നകം വിമാനത്താവളം പൂർത്തിയാകുമെന്ന ശുഭപ്രതീക്ഷയിലാണ് സർക്കാർ. തുടക്കത്തിൽ പ്രവർത്തനം ലാഭകരമാക്കാൻ 2015-16 സാമ്പത്തിക വർഷം മുതൽ അഞ്ചു വർഷത്തേക്ക് 134 കോടി രൂപ സർക്കാർ ഗ്രാന്റ് നൽകുന്നത് പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു. കിയാൽ എംഡി ജി. ചന്ദ്രമൗലി, സീനിയർ പ്രൊജക്ട് എഞ്ചിനീയർ എം.കെ.എ. അസീസ്, കോർപറേറ്റ് അഫയേഴ്സ് മാനേജർ പി. ബാലൻ, അഡീഷണൽ പ്രോജക്ട് എഞ്ചിനീയർമാരായ കെ.എസ്. ഷിജുകുമാർ, എൻ. പ്രേംപ്രസാദ്, അസി. പ്രൊജക്ട് എഞ്ചിനീയർ പ്രദീപ് എം., നിഖിൽ സുരേന്ദ്രൻ, രജീഷ് ആർ., ഡെപ്യൂട്ടി മാനേജർ അജയ്കുമാർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഊർജിതമായ പ്രവൃത്തികൾ നടക്കുന്നത്.

എൻ. രാജേഷ്
അസി. എഡിറ്റർ,
ജില്ലാ ഇൻഫർമേഷൻ ഓഫീസ് കണ്ണൂർ



മാതൃകയായി വെള്ളച്ചാൽ സ്കൂൾ



കാസർകോട് വെള്ളച്ചാലിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ

സാഹചര്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് പാഠ്യ, പാഠ്യേതര മേഖലകളിൽ ചുവടുവെപ്പ് പദ്ധതിയിലൂടെ സംസ്ഥാനത്തെ മാതൃകാ സഹവാസ വിദ്യാലയങ്ങൾക്ക് വഴികാട്ടുകയാണ് പട്ടിക ജാതി വികസന വകുപ്പിന് കീഴിലുള്ള വെള്ളച്ചാൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ. ഈ വിദ്യാലയത്തിലെ അധ്യാപകർ തയാറാക്കിയ പദ്ധതി സംസ്ഥാനത്തെ 28 മാതൃകാ സഹവാസ വിദ്യാലയങ്ങളിലും സർക്കാർ ഇപ്പോൾ നടപ്പാക്കി വരികയാണ്.

പീലിക്കോട് ഗ്രാമപഞ്ചായത്തിലെ കൊടക്കാട് വില്ലേജിൽ വെള്ളച്ചാലിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലാണ് ആൺകുട്ടികളുടെ മാതൃകാ സഹവാസ വിദ്യാലയം. 2002 ൽ പടന്ന ഗ്രാമപഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച സ്കൂൾ മൂന്ന് വർഷം മുമ്പാണ് വെള്ളച്ചാലിലേക്ക് മാറുന്നത്. 100 ശതമാനം വിജയത്തോടെ മൂന്ന് എസ്.എസ്.എൽ.സി. ബാച്ചുകൾ ഇവിടെ പുറത്തിറങ്ങിക്കഴിഞ്ഞു. വെള്ളച്ചാൽ ജി.എം.ആർ. എസിൽ തൃശ്ശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ നിന്നായി 210 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ജില്ലാ പട്ടികജാതി വികസന വകുപ്പ് ഒരു വിദ്യാർത്ഥിക്കായി പ്രതിമാസം 8,000 രൂപ നൽകുന്നുണ്ട്.

പീലിക്കോട് ഗ്രാമപഞ്ചായത്ത് പട്ടികജാതി വികസന ഫണ്ടിൽ നിന്ന് 2,65,000 രൂപ ചെലവഴിച്ച് നിർമിച്ച ഇരുപതിനായിരം ലിറ്റർ സംഭരണശേഷിയുള്ള ടാങ്കുകളും മോട്ടോറുകളും ഉപയോഗിച്ചാണ് സ്കൂളിലെ മലിന ജലവും മാലിന്യങ്ങളും സംസ്കരിക്കുന്നത്.



ആശയവിനിമയശേഷിയിൽ മികവ് പുലർത്തുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ്, സ്പോക്കൺ ഹിന്ദി പരിശീലനം, കംപ്യൂട്ടർ സർവീസ് ചെയ്യുന്നതിനാവശ്യമായ ഹാർഡ് വെയർ, സോഫ്റ്റ്വെയർ സാങ്കേതിക പരിശീലനം, സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പരിശീലനവും വിദ്യാർഥികൾക്ക് നൽകി വരുന്നു. പദ്ധതിയുടെ അടിസ്ഥാനത്തിൽ ആറ് വർഷത്തെ പഠനം പൂർത്തിയാകുമ്പോൾ വിദ്യാർഥി ഏതെങ്കിലും ഒരു മേഖലയിൽ പ്രാവീണ്യം നേടിയിരിക്കും.

പദ്ധതിയുടെ ഭാഗമായി വിവരസാങ്കേതിക വിദ്യ, വിനോദ പരിപാടികൾ, അച്ചടി, ദൃശ്യമാധ്യമ വിനിയോഗം,

ലൈബ്രറി, ലബോറട്ടറി ഉപയോഗം എന്നിവക്കായി പ്രതിദിന കലണ്ടർ തയാറാക്കി. രാവിലെ യോഗപരിശീലനം, സ്കൂൾ അസംബ്ലി, വൈകുന്നേരങ്ങളിൽ കായിക പ്രവർത്തനങ്ങൾ, എന്നിങ്ങനെ ക്രമപ്പെടുത്തി. പാഠ്യേതര പ്രവർത്തനങ്ങളിൽ കൂത്ത്, കഥകളി അവതരണം, കയ്യെഴുത്ത് മാസിക, സാഹിത്യ സമാജങ്ങൾ, സിനിമ, തിരക്കഥാരചന, പ്രാദേശിക ചരിത്ര നിർമാണം, പഠനയാത്ര, നക്ഷത്രനിരീക്ഷണം, മണ്ണ്പഠനം, മഴയുമായി ബന്ധപ്പെട്ട പഠനവും നിരീക്ഷണങ്ങളും, നീന്തൽ പരിശീലനം, ഗ്രാമസഭാ സന്ദർശനം, വനയാത്ര, പ്രഭാഷണ പരിശീലനം എന്നിവ ഉൾപ്പെടുന്നു. കമ്പോസ്റ്റ് നിർമാണം, പരിസരം ശുചിയാക്കൽ, തുടങ്ങിയ പദ്ധതികളും കുട്ടികൾ ഏറ്റെടുത്തിട്ടുണ്ട്. സ്കൂൾ പാർലമെന്റ് രൂപീകരണവും കുട്ടികൾക്കിടയിൽ കാര്യക്ഷമമായ ചുമതലാവിഭജനവും നടപ്പിലാക്കി.



സ്കൂൾ കോമ്പൗണ്ടിന് പുറത്തുള്ള എക്സിബിഷനുകളിലും പഠനപ്രവർത്തനങ്ങളിലും വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്റ്റുഡന്റ് പോലീസ് സംവിധാനവും സ്കൂളിൽ നടപ്പാക്കിയിട്ടുണ്ട്. പഠനരംഗത്ത് ശാസ്ത്രീയമായ നിരന്തരമൂല്യ നിർണയവും വിദ്യാർഥികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനു ജൈവ വൈവിധ്യ സംരക്ഷണത്തിലൂന്നി വനവത്കരണ പ്രവർത്തനങ്ങൾക്കും വിദ്യാർഥികൾ നേതൃത്വം നൽകുന്നു. സ്കൂൾ ക്യാമ്പസിൽ ഔഷധത്തോട്ട നിർമാണം, വാഴ, വൃക്ഷത്തൈകൾ എന്നിവ നട്ടുപിടിപ്പിച്ചു. പച്ചക്കറികൃഷിയും നടത്തുന്നുണ്ട്.

ലൈബ്രറി, റീഡിങ് റൂം, ശാസ്ത്രപോഷിണി ലബോറട്ടി, അസംബ്ലിഹാൾ, താമസസ്ഥലം, ഓഡിറ്റോറിയം, സാനിറ്ററി സൗകര്യം, പാചകശാല, ഭക്ഷണശാല, വൈദ്യുതി, ആവശ്യമായ ഫർണീച്ചറുകൾ, കുട്ടികളെ പരിപാലിക്കുന്നതിനാവശ്യമായ ജീവനക്കാർ, അധ്യാപകർക്കും ജീവനക്കാർക്കും മികച്ച താമസ സൗകര്യം, എന്നിവയെല്ലാം സ്കൂളിൽ സജ്ജമാക്കിയിട്ടുണ്ട്.

ഇതുവരെ പൂർത്തിയാക്കിയ എസ്.എസ്.എൽ.സി ബാച്ചുകളിൽ നൂറ് ശതമാനം വിജയം. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം. ഇതിനിടെ 2010-11 വർഷത്തെ മികച്ച എം.ആർ.എസ് പുരസ്കാരവും നേടി. സംഗീതം, ചിത്രരചന, ശിൽപകല, താളവാദനം, അഭിനയം, പരിചമുട്ട് തുടങ്ങി വിവിധ കലാരൂപങ്ങളിൽ സബ്ജില്ല-ജില്ലാ കലോത്സവങ്ങളിലും നീന്തൽമത്സരത്തിലും കായികമേളയിലും, ശാസ്ത്രോത്സവങ്ങളിലും ജില്ലാ-സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട നിരവധി വിദ്യാർഥികൾ സ്കൂളിലുണ്ട്.

ഗിരീഷ് കെ.
ഇൻഫർമേഷൻ അസിസ്റ്റന്റ്, കാസർകോട്



സി-ഡിറ്റിന്റെ മുപ്പതാം വാർഷികാഘോഷങ്ങൾ തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

രാജ്യാന്തര അക്വാഷോയ്ക്ക് കൊടിയേറി

2014 ജനുവരി 24 മുതൽ 28 വരെ കൊച്ചി മറൈൻ ഡ്രൈവ് മൈതാനിയിൽ നടക്കുന്ന ഏഴാമത് ഇന്ത്യാ ഇന്റർനാഷണൽ അക്വാഷോയ്ക്ക് കൊടിയേറി. അക്വാഷോ പതാകയുയർത്തലും പന്തലിന്റെ കാൽനാട്ടലും ഫിഷറീസ് മന്ത്രി കെ.ബാബു നിർവഹിച്ചു. മേയർ ടോണി ചമ്മണി, ഹൈബി ഈഡൻ എം.എൽ.എ., കൊച്ചി നഗരസഭ പൊതുമരാമത്ത് സമിതി അധ്യക്ഷ സൗമിനി ജയിൻ, ഫിഷറീസ് ഡയറക്ടർ മിനി ആന്റണി, തീരദേശ വികസന കോർപറേഷൻ എം.ഡി. ഡോ. കെ. അമ്പാടി, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

അക്വാഷോയോടനുബന്ധിച്ച് ഓർണമെന്റൽസ് കേരള 2014 എന്ന അന്തർദേശീയ സെമിനാറിന് പുറമെ മത്സ്യത്തൊഴിലാളികൾക്കും, മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യകർഷകർക്കുമായി പ്രത്യേകം, പ്രത്യേകം ചർച്ചാകളരികളും അക്വാഷോ 2014 ന്റെ ഭാഗമായി നടക്കും. അതാത് മേഖലയിലെ വിദഗ്ധർ പങ്കെടുക്കുന്ന സെമിനാർ ബന്ധപ്പെട്ട മേഖലയുടെ തുടർന്നുള്ള വളർച്ചയ്ക്ക് മുതൽക്കൂട്ടും, വഴികാട്ടിയും ആകും എന്നതിൽ സംശയമില്ല. ഓർണമെന്റൽസ് കേരള 2014 ന്റെ ഭാഗമായി ഒരു ബയർ സെല്ലർ മീറ്റും സംഘടിപ്പിക്കപ്പെടുന്നു. ഇത് അലങ്കാര മത്സ്യവിപണിക്ക് ഒരു പുത്തൻ ഉണർവ് സമ്മാനിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2014 ഇന്ത്യാ ഇന്റർനാഷണൽ അക്വാഷോയുടെ ഭാഗമായി സ്കൂൾ വിദ്യാർഥികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും, പരിസ്ഥിതി ബോധം വളർത്തുന്നതിനും ലക്ഷ്യമിട്ട് സ്കൂൾ കുട്ടികൾക്കായി അക്വേറിയം ടാങ്ക് തയാറാക്കുന്നതിൽ ഒരു മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർഥികൾ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

രണ്ടു വർഷത്തിൽ ഒരിക്കൽ സംഘടിപ്പിക്കപ്പെടുന്ന ഇന്ത്യാ ഇന്റർനാഷണൽ അക്വാഷോ ഇന്ത്യയിലെ തന്നെ ഇത്തരം ഷോകളിൽ ആദ്യത്തേതാണ്. പങ്കാളിത്തം കൊണ്ടും, വർണമത്സ്യങ്ങളുടെ വൈവിധ്യവും മറ്റു ഷോകളിൽ നിന്നും ഇതിനെ വേർതിരിക്കുന്നു. കേരളത്തിന്റെ അലങ്കാര മത്സ്യ വിപണിക്ക് ഒരു പുത്തൻ ഉണർവ് സമ്മാനിക്കുന്നതിനും, പട്ടണങ്ങളിൽ നിന്നും ഗ്രാമപ്രദേശങ്ങളിലേക്ക് അലങ്കാര മത്സ്യം വളർത്തൽ ഒരു വിനോദം എന്നതിനുപരിയായി ഒരു തൊഴിൽ സംരംഭമായും തൊഴിൽമേഖലയായും വളർത്തിക്കൊണ്ടുവരുന്നതിനും അക്വാഷോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ പശ്ചിമ ഘട്ടത്തിലും മറ്റുമായി കാണപ്പെടുന്ന വിവിധങ്ങളായ തനത് അലങ്കാര മത്സ്യങ്ങളെ വിദേശ വിപണികൾക്ക് പരിചയപ്പെടുത്തുന്നതിനും അവയുടെ വിപണന സാധ്യതയെ പരമാവധി ചൂഷണം ചെയ്യുന്നതിനും അക്വാഷോയ്ക്ക് കഴിഞ്ഞു എന്നത് ഇവയുടെ പ്രാധാന്യം വിളിച്ചോതുന്നു. ഭിത്തിയിൽ തൂക്കിയിടുന്നതിന് കഴിയുന്ന പ്ലാസ്മ അക്വാറിയങ്ങളുടെ ശ്രേണികളും വണ്ടർ അക്വാകളും 2014 ലെ അക്വാഷോയെ കൂടുതൽ വർണഭംഗിയുള്ളതാക്കും.



രാജ്യാന്തര അക്വാഷോയുടെ പന്തൽകാൽനാട്ടുകർമം മന്ത്രി കെ. ബാബു നിർവഹിക്കുന്നു.

തമിഴ്നാട്, മഹാരാഷ്ട്ര, ലക്ഷദ്വീപ്, കർണാടകം, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള അലങ്കാര മത്സ്യങ്ങളും, അക്വേറിയം ഉപകരണങ്ങളും മേളയെ കൂടുതൽ മോടി പിടിപ്പിക്കും. ഇതിന് പുറമെ സി.എം.എഫ്.ആർ.ഐ, എൻ.ബി.എഫ്.ജി.ആർ., സി.എം.എൽ.ആർ.ഇ., സിഫ്റ്റ്, സിഫ്നെറ്റ്, നിഫാറ്റ്, എം.പി.ഇ.ഡി.എ. തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളും കാവിൽ, അഡാക്ക്, എഫ്.എഫ്.ഡി.എ., നിഫാം, സാഫ്, തീരദേശ വികസന കോർപറേഷൻ തുടങ്ങിയ സംസ്ഥാന ഏജൻസികളും, മത്സ്യഫെഡ് അടക്കമുള്ള സഹകരണ സ്ഥാപനങ്ങളും ഫിഷറീസ് യൂണിവേഴ്സിറ്റി, കുസാറ്റ്, അക്വാട്ടിക് ബയോളജി എന്നിവയും മേളയെ കൂടുതൽ ആകർഷകമാക്കുന്നതിന് വേണ്ടി പങ്കാളിത്തം ഉറപ്പാക്കിക്കഴിഞ്ഞു. ഇതിനെല്ലാമുപരി കേരളത്തിലേയും ഇതര സംസ്ഥാനങ്ങളിലേയും അലങ്കാരമത്സ്യ അനുബന്ധ സാമഗ്രി ഉത്പാദക വിതരണക്കാരുടെ സ്റ്റാളുകളും അക്വാഷോയിൽ ഉണ്ടാകും.

അക്വാഷോ 2014 ന്റെ ഭാഗമായി അമച്വർ ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിക്കപ്പെടുന്നു. മത്സ്യകൃഷി, മത്സ്യസംസ്കരണം, മത്സ്യബന്ധനം എന്നീ മേഖലകളെ ഫോട്ടോകൾക്കാണ് മത്സരം ഏർപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഈ മേഖലയെ കുറിച്ച് 2012 മാർച്ച് മുതൽ 2014 ജനുവരി വരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള മികച്ച ലേഖനങ്ങൾക്ക് പുരസ്കാരവും ഏർപ്പെടുത്തിയിട്ടുണ്ട്.

അക്വാഷോയോടനുബന്ധിച്ച് ഭക്ഷ്യമേളയും, ഓമന മൃഗങ്ങളുടെ പ്രദർശനവും ഉണ്ടായിരിക്കും. അക്വഷോയിൽ പങ്കെടുക്കുന്ന ഏറ്റവും മെച്ചപ്പെട്ട സ്റ്റാളിനും കാണികളെ കൂടുതൽ ആകർഷിച്ച മത്സ്യത്തിനും പ്രത്യേകം സമ്മാനവും നൽകും. സായാഹ്നങ്ങളിൽ കലാപരിപാടികളുമുണ്ടായിരിക്കും.



സമഗ്ര ജീവിതശൈലി രോഗ ബോധന നിയന്ത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കേന്ദ്ര ആരോഗ്യമന്ത്രി ഗുലാം നബി ആസാദ് നിർവഹിക്കുന്നു

സമഗ്ര ജീവിതശൈലീ രോഗബോധന പദ്ധതിക്ക് തുടക്കം


കൊച്ചിയിലും ആലപ്പുഴയിലും അത്യാധുനിക സൗകര്യങ്ങളോടെയുള്ള ടെർഷ്യറി കാൻസർ സെന്റർ നിർമിക്കുന്നതിന് കേന്ദ്രസർക്കാർ സഹായം നൽകുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ഗുലാം നബി ആസാദ്. തിരുവനന്തപുരം ആർ.സി.സിയെ സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിനുള്ള അനുമതിയും സർക്കാർ ഉടൻ നൽകും-മന്ത്രി കൂട്ടിച്ചേർത്തു. സമഗ്ര ജീവിതശൈലി രോഗ ബോധന നിയന്ത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചിയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ എല്ല മെഡിക്കൽ കോളേജുകളിലും മിനി കാൻസർ സെന്ററിന് കേന്ദ്രം സഹായം ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

സമഗ്ര ജീവിതശൈലി രോഗ ബോധന നിയന്ത്രണ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ തുടർച്ചയായി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും. വിദ്യാർഥികളിൽ ജീവിതശൈലി രോഗങ്ങൾ വർധിക്കുന്നുവെന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് വിദ്യാർഥികളുടെ ചികിത്സയ്ക്കായി പ്രത്യേക ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നത്. വിദ്യാലയങ്ങളിൽ വ്യായാമങ്ങൾക്ക് സൗകര്യമൊരുക്കുക, വിദ്യാലയങ്ങളിലേക്ക് കാൽനടയും സൈക്കിൾ യാത്രയും പ്രോത്സാഹിപ്പിക്കുക, പച്ചക്കറിത്തോട്ട നിർമാണം, ആരോഗ്യകരമായ ഭക്ഷണ പാചകം എന്നിവയിൽ പരിശീലനം നൽകുക, യോഗ, കായികാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക, ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തുക തുടങ്ങിയവയാണ് പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്.

ആരോഗ്യകരമായ ആഹാരശീലങ്ങളുടെ ആവശ്യകത, വ്യായാമം, മദ്യ-പുകയിലക്കെതിരെയുള്ള സംരംഭം എന്നിവയ്ക്ക് പദ്ധതിയിലൂടെ സ്കൂളുകളിൽ ഊന്നൽ നല്കും. തിരഞ്ഞെടുത്ത ക്ലാസുകളിലെ കുട്ടികളെ സ്കൂൾ ഹെൽത്ത് നഴ്സുമാരും ആരോഗ്യ പ്രവർത്തകരും സ്ക്രീനിങിനു വിധേയമാക്കി അവരുടെ പ്രധാന വിവരങ്ങൾ റെക്കോർഡ് ചെയ്യും. ജീവിതശൈലീ രോഗങ്ങൾ ബാധിക്കാൻ സാധ്യതയുള്ള കുട്ടികളുടെ ചുരുക്കപ്പട്ടിക തയാറാക്കി പ്രത്യേക സംരക്ഷണം നല്കുന്നതിലും ശ്രദ്ധ ചെലുത്തും. ആരോഗ്യ വകുപ്പ്, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന ചടങ്ങിൽ ആരോഗ്യ മന്ത്രി വി.എസ്.ശിവകുമാർ അധ്യക്ഷത വഹിച്ചു. എക്സൈസ് മന്ത്രി കെ. ബാബു, എം.പി മാരായ കെ.പി. ധനപാലൻ, ചാൾസ് ഡയസ്, എം.എൽ.എ മാരായ ബെന്നി ബെഹനാൻ, ഡൊമിനിക് പ്രസന്റേഷൻ, ലൂഡി ലൂയിസ്, മേയർ ടോണി ചമ്മിണി, ജില്ല പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി, ഡെപ്യൂട്ടി മേയർ ബി. ഭദ്ര, ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി അധ്യക്ഷൻ ടി.കെ. അഷ്റഫ്, എൻ.ആർ.എച്ച്.എം പ്രോഗ്രാം മാനേജർ ഡോ. കെ.വി. ബീന, ഡി.എം.ഒ ഡോ. ഹസീന മുഹമ്മദ്, എൻ.സി.ഡി നോഡൽ ഓഫീസർ ഡോ. ബിബിൻ കെ. ഗോപാൽ, പബ്ലിക് ഹെൽത്ത് അഡീ.ഡയറക്ടർ ഡോ. എ.എസ്. പ്രദീപ് കുമാർ തുടങ്ങിയവർ സംബന്ധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജമീല പദ്ധതി വിശദീകരിച്ചു. ഹൈബി ഈഡൻ എം.എൽ.എ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ടി.സി. ചന്ദ്രഹാസൻ
ഇൻഫർമേഷൻ ഓഫീസർ, എറണാകുളം





നൃൂഡൽഹിയിൽ നടന്ന പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രി കെ.സി. ജോസഫ് എന്നിവർ

തിരുവാഭരണ യാത്രാപാതയിൽ പുതിയ പാലം



വടശ്ശേരിക്കര പേങ്ങാട്ട് കടവ് പാലത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിക്കുന്നു

പന്തളത്തു നിന്നു ശബരിമലയിലേക്കുള്ള പരമ്പരാഗത തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന കല്ലാറിന്റെ ഇരുകരകളെയും ബന്ധിപ്പിച്ച് വടശ്ശേരിക്കര പേങ്ങാട്ട് കടവിൽ നിർമിക്കുന്ന പുതിയ പാലത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിച്ചു.

നാട്ടിൽ വികസനമാണ് വേണ്ടതെന്നും സമരം കൊണ്ട് ഒന്നും നേടില്ലെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ജനങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്നുള്ള പ്രവർത്തനമാണ് നാടിന്റെ വികസനത്തിന് ആവശ്യം. ലക്ഷക്കണക്കിന് തീർഥാടകരാണ് ശബരിമലയിൽ എത്തുന്നത്. അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായാണ് പേങ്ങാട്ട് കടവിൽ പാലം നിർമിക്കുന്നത്. ഒരു വർഷത്തിനുള്ളിൽ പാലത്തിന്റെ നിർമാണം പൂർത്തിയാക്കും. ശബരിമലയുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കി വരുന്ന എല്ലാ വികസന പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കും. പേരൂച്ചാൽ പാലത്തിന്റെ നിർമാണം ജലനിരപ്പ് താഴ്ന്നാലുടൻ പുനഃരാരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വടശ്ശേരിക്കര നിവാസികളുടേയും ശബരിമല തീർഥാടകരുടേയും ദീർഘനാളത്തെ ആഗ്രഹമാണ് പേങ്ങാട്ട് കടവ് പാലമെന്ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത രാജ്യസഭ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ പറഞ്ഞു. പേങ്ങാട്ട് കടവിൽ പാലം നിർമിക്കണമെന്ന് ശബരിമല അവലോകന യോഗത്തിൽ മുഖ്യമന്ത്രിയുടെ ശ്രദ്ധിയിൽപ്പെടുത്തിയതിനെ തുടർന്നാണ് അനുമതി ലഭിച്ചതെന്ന് ആന്റോ ആന്റണി എം.പി പറഞ്ഞു. ശബരിമലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 20 വർഷത്തിനിടെ ഏറ്റവും കൂടുതൽ ഫണ്ട് അനുവദിച്ചത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരാണെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. സജി ചാക്കോ, ജില്ലാ കളക്ടർ പ്രണബ് ജ്യോതി നാഥ് എന്നിവരും സംബന്ധിച്ചു.

79.8 മീറ്റർ നീളവും 5.15 മീറ്റർ വീതിയുമുള്ള പാലം 2.92 കോടി രൂപ ചെലവഴിച്ചാണ് നിർമിക്കുക. പേങ്ങാട്ട് കടവിൽ താത്കാലിക പാലം നിർമിച്ചാണ് തിരുവാഭരണ ഘോഷയാത്ര കടന്നുപോകുന്നത്. ഇവിടെ സ്ഥിരം പാലം വേണമെന്നത് ദീർഘനാളത്തെ ആവശ്യമായിരുന്നു.

11 ശബരിമല റോഡുകൾ കൂടി 76.55 കോടി രൂപ ചെലവിൽ പുനരുദ്ധരിക്കും

പത്തനംതിട്ട, കോട്ടയം ജില്ലകളിലെ 11 ശബരിമല റോഡുകൾ കൂടി 76.55 രൂപ ചെലവിൽ മൂന്ന് വർഷ ഗ്യാരണ്ടിയോടെ പുനരുദ്ധരിക്കുമെന്ന് പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് അറിയിച്ചു. പത്തനംതിട്ട ജില്ലയിലെ തിരുവല്ല - കുമ്പഴ (രണ്ട് സ്ട്രെച്ച്), കോഴഞ്ചേരി-മേലുകര-റാന്നി, കടയ്ക്കാട്-കൈപ്പട്ടൂർ, കുമ്പഴ -കോന്നി റോഡുകൾ ഇതിൽ ഉൾപ്പെടും. ശബരിമല സീസൺ കഴിയുന്നതോടെ പ്രവൃത്തികൾ തുടങ്ങും. ശബരിമലയിലേക്കുള്ള പ്രധാന റോഡുകളുടെയും അനുബന്ധ റോഡുകളുടെയും പുനരുദ്ധാരണ പ്രവൃത്തികളും പണികളും അവലോകനം ചെയ്ത ശേഷം അറിയിച്ചതാണിത്.

സംസ്ഥാനത്ത് ആദ്യമായി അഞ്ചു വർഷ ഗ്യാരണ്ടിയോടെ ഹെവി മെയിന്റനൻസ് നടത്തുന്ന അഞ്ച് ശബരിമല റോഡുകൾ പൂർത്തീകരണത്തോടടുക്കുകയാണെന്ന് മന്ത്രി പറഞ്ഞു. 83.49 കി.മീറ്റർ റോഡുകളാണ് 60.45 കോടി രൂപ ചെലവിൽ ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനു പുറമേ ശബരിമലയിലേക്കുള്ള പത്തനംതിട്ട റിംഗ് റോഡും അനുബന്ധ റോഡുകളും അടൂർ-പത്തനാപുരം, അടൂർ- ആനന്ദപ്പള്ളി -കൈപ്പട്ടൂർ, പത്തനംതിട്ട-കൈപ്പട്ടൂർ, കരിങ്ങല്ലേമൂഴി-മുക്കൂട്ടുത്തറ-കണമല റോഡുകൾ 51 കോടി രൂപ ചെലവിൽ ഉടൻ പൂർത്തീകരിക്കും. ഈ റോഡുകളുടെ ബി.എം. പണികൾ കഴിഞ്ഞു. ഇതിനു പുറമേ പത്തനംതിട്ട, കോട്ടയം, കൊല്ലം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകളിലെ ശബരിമല അനുബന്ധ റോഡുകളുടെ അറ്റകുറ്റപ്പണികൾ 79.34 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു വരുന്നു.

എട്ട് കോടിയോളം രൂപ ചെലവ് വരുന്ന കണമല പാലം നിർമാണം കാലാവധിയ്ക്കു മുമ്പ് പൂർത്തിയാക്കും. റാന്നിയിൽ 12 നിലയിൽ പിൽഗ്രിം സെന്റർ പണിയുന്നതിന് 16.50 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി.

റോഡ് അറ്റകുറ്റപ്പണികളുടെ പുരോഗതി വിലയിരുത്തുന്നതിനെത്തിയ മന്ത്രി പമ്പയും ത്രിവേണിയും സന്ദർശിച്ചു. പത്തനംതിട്ട ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിലും പങ്കെടുത്തു.

ആർ.ശക്തികുമാർ
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട

■ ഷമീം ഫാറൂഖ്

പെൺജീവിതം

'ടാബറി'ന്റെ മണമുള്ള മദ്രാസിലെ വീട്

ഞാൻ ജനിച്ച മണ്ണിന്റെ തെളിമയാർന്ന ഓർമകൾ എന്നിൽ ഉണരുന്നത് വർഷങ്ങൾക്കുശേഷമാണ്. വേനലവധിക്കാലത്തെ എന്റെ പ്രിയപ്പെട്ട മദ്രാസ് നഗരം. ഹിന്ദുവായ എന്റെ അമ്മ സ്വന്തം അച്ഛനെ ധിക്കരിച്ച്, ധൈര്യംസംഭരിച്ച് വീടിനുമുന്നിൽ കാത്തുകിടന്ന കാറിൽ കയറി രജിസ്ട്രാപ്പീസിൽ പോയി മുസ്സൽമാനായ എന്റെ അപ്പനുമായി രണ്ടൊപ്പിലൂടെ ഒന്നിച്ചു. ഒരു ഏപ്രിൽ മാസമായിരുന്നു. 1974 ൽ. അമ്മ അതോടെ സ്വന്തം വീട്ടിൽ നിന്നും പുറത്തായി. മദ്രാസ്സിൽ പർക്കുന്ന മലയാളസിനിമയുടെ ഭാഗമായി മാറിയിരുന്ന അപ്പനുമായുള്ള ജീവിതം ഒരു സിനിമാസ്കോപ്പുപോലെ ആരംഭിച്ചു. ഒരു വർഷത്തിനകം കെട്ടുംകെട്ടി എന്റെ അപ്പനും അമ്മയും കുഞ്ഞുങ്ങളുമായി അമ്മൂമ്മസഹിതം മദ്രാസ് വിട്ട് കേരളത്തിലേക്ക് വരേണ്ടിവന്നു. ടിവി സീരിയലുകളിൽ നിമഗ്നയായി സമാധാനം കണ്ടെത്തുന്ന അമ്മ പക്ഷെ മദ്രാസ് നഗരത്തെയാണ് ഇപ്പോഴും കൂടുതൽ സ്നേഹിക്കുന്നത്. എനിക്ക് എല്ലാ സ്കൂൾ വേനലവധിക്കാലത്തും കിട്ടിയിരുന്ന വിലപ്പെട്ട സമ്മാനമായിരുന്നു മദ്രാസ് നഗരം. മദ്രാസിലേക്കു പോകുന്ന തീവണ്ടിയിൽ ഫസ്റ്റ് ക്ലാസ് കൂപ്പ സ്വന്തം സാമ്രാജ്യമാക്കി വിടരുന്ന പ്രഭാതത്തെ ആവേശത്തോടെ പുണർന്ന് ഞാൻ കാത്തിരിക്കും.

മാമന്റെ (അമ്മയുടെ സഹോദരൻ) 'ഹെറൾഡ്' കാറുമുതൽ അതു കടന്നുപോകുന്ന വിസ്തൃ





തമായ റോഡുകളും നഗരത്തിന്റെ തനതായ വീടുകളും ചേരികളും താണ്ടി മാമി ഉപയോഗിച്ചിരുന്ന 'ടാബർ' എണ്ണയുടെ ഹൃദ്യമായ വാസനയിലും മാത്രമല്ല ചൂളമേട്ടിലെ, അമ്മ അപ്പൂപ്പനെ ധിക്കരിച്ച് ഇറങ്ങിപ്പോയ മാമന്റെ വീട്ടിലെ ഓരോ മുറിയിലും എന്റെ ഹൃദയം ഇപ്പോഴും തങ്ങിനിൽക്കുന്നു. നക്ഷത്രങ്ങളെ ഒട്ടിച്ചുവെച്ചതുപോലെ തിളങ്ങുന്ന സൂപ്പർസ്റ്റാർ രജനീകാന്തിന്റെ കൂറ്റൻ കട്ടൗട്ടുകൾ പ്രഭ തെല്ലും മങ്ങാതെ ഇപ്പോഴും മനസ്സിൽ ജ്വലിക്കുന്നു. ഇലകൾ പൊഴിച്ചും തണൽ നൽകിയും വീടിന് ഇടതുവശം നിന്നിരുന്ന പന്തലിച്ച വേപ്പുമരം. മുറ്റത്തുള്ള ബോർവെല്ലിന്റെ ടാപ്പിന്റെ പിടിയിൽ കിണഞ്ഞുപിടിച്ചു ഒടുവിൽ അതിൽ നിന്നും തെളിനീർ ഒഴുകുമ്പോൾ ഉണ്ടായ ആഹ്ലാദം! വീടിന്റെ വശത്തെ കതകുതുറക്കുമ്പോൾ രണ്ടു വശങ്ങളിലായി താഴേക്കു നീളുന്ന പൊട്ടിയ പടിക്കെട്ടുകൾ. അവ അടർന്നു വീഴുമോ എന്നു ഞാൻ ഭയന്നു. എന്നാലും ഞാൻ അവയെ സ്നേഹിച്ചു.

കൊതുകുവലകൊണ്ട് രാത്രികാലങ്ങളിൽ മൂടിയിട്ടിരുന്ന വിലക്കപ്പെട്ടിരുന്ന എന്നാൽ അതിലൊന്നു തലചായ്ക്കാൻ ഞാൻ കൊതിച്ചിരുന്ന അവരുടെ കിടപ്പുമുറിയിലെ വലിയ കട്ടിൽ. ഞങ്ങളുടെ മുറി ചെറുതായിരുന്നു. പക്ഷെ എന്തോ ഒരു പ്രത്യേകതയുണ്ടായിരുന്നു അതിന്. പഴയ ഒരു പോപ്പ് ഗായകസംഘത്തിന്റെ പോസ്റ്റർ പതിപ്പിച്ച ചുവർ. എന്റെ മനസ്സിന്റെ ഒരു താളിൽ ആ പോസ്റ്റർ ഇന്നുമുണ്ട്. കതകുള്ള ടിവി സ്റ്റാന്റും അതിനുള്ളിൽ ഒളിച്ചിരുന്ന രാത്രി ഊണിനുശേഷം ഞങ്ങൾക്ക് ചിത്രഹാർ കാട്ടിത്തന്ന ഒരു കൊച്ചു ടിവിയും. വാർത്തവായിക്കുന്ന തമിഴത്തിയുടെ ഘനം വെച്ചുള്ള ഭാഷകേൾക്കാൻ ഒരു പ്രത്യേക ഹരമായിരുന്നു. അതിനുശേഷം ഒരു ചെറു തീർഥാടനം പോലെ പടികൾ കയറി ടെറസ്സിൽ പോയിരുന്നുള്ള രാത്രികളിലെ സല്ലാപം. മുതിർന്നവർ വിശേഷങ്ങൾ കൈമാറുമ്പോൾ എന്റെ കണ്ണുകൾ ദൂരെ ഏതോ ഇരുനില വീടിന്റെ വിളക്കുതെളിഞ്ഞ മുറികളിൽ കഥാപാത്രങ്ങൾ പോലെ ഉലാത്തുന്ന മനുഷ്യരെ കൗതുകത്തോടെ പിന്തുടർന്നു. ആ ടെറസ്സിൽ നക്ഷത്രങ്ങൾക്കു കീഴെ ഇരിക്കുമ്പോൾ അനുഭവപ്പെട്ടിരുന്ന ചെറിയ തണുപ്പ് ഇപ്പോഴും എന്റെ ശരീരത്തിന്റെ ഭാഗമാണ്.

ആ വീട്ടിലെ കലണ്ടറുകളിൽ നിന്നും ശ്രീദേവിയും ജയപ്രദയും കടുംചുവപ്പുചായം തേച്ച ചുണ്ടുകളിലൂടെ അപ്സരസ്സുകളെപ്പോലെ എന്നെ നോക്കി പുഞ്ചിരിതൂകി. പുതുവസ്ത്രങ്ങളും ബാഗുകളും പൊടിപ്പും തൊങ്ങലുകളും വാങ്ങാൻ പോണ്ടിബസാർ, വെസ്റ്റ് മാമ്പളം എന്നീ അത്ഭുത ലോകങ്ങൾ ഞങ്ങൾക്കായി തുറന്നു. നിരത്തിന്റെ വശങ്ങളിൽ ഒരായിരം കൗതുകവസ്തുക്കൾ നിരത്തി കച്ചവടക്കാർ ഒരു സ്വപ്നലോകം സൃഷ്ടിച്ചു. അതിലൂടെ ഒരു സ്വപ്നസഞ്ചാരിയെപ്പോലെ ഞാൻ യഥേഷ്ടം സഞ്ചരിച്ചു. മാമന്റെ വീട്ടിൽ സഹായത്തിനുനിന്നൊരു പാവപ്പെട്ട കുടുംബത്തിനു കേറിക്കിടക്കാൻ പണിത കളിപ്പാട്ടംപോലുള്ള ചെറിയ കുടിലും ഒരു വയസ്സന്റെ മട്ടിൽ മെല്ലെ ചലിക്കുന്നു. തടിയിൽ തീർത്ത പഴയ ഗെയ്റ്റും ഓർമകളിൽ ജീവിക്കുന്നു.

രാത്രികളിൽ ഉറങ്ങുന്നതിനു മുമ്പ് മാമൻ ടോർച്ച് എല്ലാ കോണുകളിലും തെളിച്ചു നോക്കി സങ്കല്പത്തിലെ മോഷ്ടാവ് ഒരിടത്തും ഇല്ലെന്നുറപ്പുവരുത്തുന്നത് കാണേണ്ട കാഴ്ചയാണ്. അദ്ദേഹം ഒരു പാവമായിരുന്നു. മാമിയെ അനുസരിച്ച് ആർക്കും ഒരു ദ്രോഹവും കാംക്ഷിക്കാതെ ജീവിച്ച ഉള്ളുതുറന്ന ചിരിയുടെ ഉടമയായ എന്റെ മാമൻ. വർഷങ്ങൾക്കുശേഷം പ്രിയപ്പെട്ട മദ്രാസ് ഉപേക്ഷിച്ച് എറണാകുളത്തു താമസിക്കാൻ നിർബന്ധിതനായി. നോവുന്ന മനസ്സുംപേറി മെല്ലെ ചലിച്ച് ഒടുവിൽ ചലനമറ്റു വിടപറഞ്ഞ ഒരു പാവം മനുഷ്യൻ.

തിരുവനന്തപുരത്തേക്ക് അവർ വരുമ്പോൾ അവരുടെ പെട്ടിയിലേക്ക് തെല്ലും നാണമില്ലാതെ ഞങ്ങൾ കുട്ടികൾ ഉറ്റുനോക്കി. കാർഡ്ബോർഡ് ബോക്സിൽ അടുക്കിവെച്ചിരുന്ന പലനിറങ്ങളിലുള്ള ഭംഗിയുള്ള മധുരപലഹാരങ്ങൾ കൈപ്പറ്റി വായിലാക്കാൻ. മാമിക്ക് നല്ല നിറമുണ്ടായിരുന്നു. ഒരു പ്രത്യേക മണമായിരുന്നു അവർക്ക്. ടാബറിന്റേതാവണം.

വേനലവധികളെ അനുഭവനിബിഡമാക്കി മദ്രാസിന്റെയും ഭാഗമായി. ഞാൻ സ്കൂൾ കഴിഞ്ഞ് കോളേജിലായി. വിവാഹം കഴിഞ്ഞ് സ്വന്തം കുട്ടികളായി. അതിനിടയിൽ ഒരിക്കൽ കേട്ടു, ഒരു ബുൾഡോസർ എല്ലാം തകർത്തു തരിപ്പണമാക്കിയെന്ന്. ആ വീട് നാമാവശേഷമായെന്നും അതിന്റെ സ്ഥാനത്ത് മറ്റൊരു കെട്ടിടസമുച്ചയം മുളച്ചുപൊന്തിയെന്നും. എതൊരു കൊച്ചുകുട്ടിക്കും ഇന്ന് സുപരിചിതമായ പ്രതിഭാസം – ഫ്ളാറ്റ്! ഒരു മദ്രാസ് യാത്രയിൽ ക്യാമറയും ബാഗിലിട്ട് എന്റെ മദ്രാസ് ഓർമകളുടെ ചെറു സാമ്രാജ്യം തേടി ഞാൻ ചെന്നു. എന്റെ നിഴൽ എനിക്ക് അന്യമായതുപോലെ ആ വീട്ടിലേക്കുള്ള വഴി കണ്ടെത്താൻ അല്പം ബുദ്ധിമുട്ടി. ഞാൻ അവിടെ കണ്ട കാഴ്ച ഒരു സ്വപ്നമെന്നു വിശ്വസിക്കാനാഗ്രഹിക്കുന്നു.

കണ്ടു കൊതിതീരാത്ത ആ വീട് വെറും സിമന്റും ഇഷ്ടികയും മണ്ണും കൊണ്ടു തീർത്തതായിരുന്നില്ല. ഹൃദയങ്ങൾകൊണ്ട് നിർമിച്ചതാണ്. എന്റെ ഒരുപാട് വേനലവധികൾ അതിനുള്ളിലാണ്. അതിനെ ഭൂമിയിൽനിന്നു മാത്രമേ ആ യന്ത്രത്തിനു തകർത്തുനീക്കാൻ കഴിഞ്ഞിട്ടുള്ളൂ. മജ്ജയും മാംസവും കലർന്ന ഞരമ്പുകൾ കെട്ടുപിണഞ്ഞുകിടക്കുന്ന എന്റെ ഓർമകളിൽ ആ വീട് ഉണർന്നിരിക്കുന്നു. കൊതിതോന്നുമ്പോൾ നിമിഷനേരം അതിനുള്ളിൽ ചേക്കേറുന്നു. മാഞ്ഞുപോയ ഒരു കാലത്തിന്റെ ഗന്ധം ശ്വസിക്കാൻ. മാമന്റെ ലാളനകലർന്ന ചിരിയും മാമിയുടെ കണ്ണുരുട്ടലും കണ്ണാടിയുടെ മുന്നിൽ നിന്നു പൗഡർ പഫ് മുഖത്തുതേച്ച് അവർ സ്കൂളിൽ പഠിപ്പിക്കുന്ന കൃത്യനിഷ്ഠയോടെ സാരി ഉടുക്കുന്നതു കാണാൻ. ആ നിമിഷങ്ങളിൽ ഞാനറിയുന്നു, ആ ബുൾഡോസർ തോറ്റുപോയിരിക്കുന്നു. അതിന്റെ ഉരുക്കുകരങ്ങൾക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത ദൂരത്തിലാണ് എന്റെ വിലപ്പെട്ട ഓർമകൾ. ■



സർക്കാർ ഉത്തരവുകൾ

നെൽകൃഷി ഉത്പാദക ബോണസിന് മുൻകാല പ്രാബല്യം

നെൽകർഷകർക്ക് നൽകിവരുന്ന ഉത്പാദന ബോണസ് ഹെക്ടറിന് ആയിരം രൂപയായി വർധിപ്പിച്ചതിന് 07/12/2011 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവായി. 31/10/2012 നാണ് ബോണസ് വർധിപ്പിച്ചത്.

സ.ഉ(എം.എസ്)നം.02/2014/കൃഷി
തീയതി: 03/01/2014

സ്കൂളുകളിൽ ബയോഗ്യാസ് പ്ളാന്റുകൾ

സംസ്ഥാനത്തെ 3825 സ്കൂളുകളിലായി 3825 ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കാൻ ഉത്തരവായി. 2013-14 വർഷത്തേക്ക് എട്ടുകോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്.



ജൈവമാലിന്യ നിയന്ത്രണം, സ്കൂളുകളിൽ ഉച്ചഭക്ഷണം തയാറാക്കാൻ ചെലവു കുറഞ്ഞ പാചകവാതകം ലഭ്യമാക്കുക, വിദ്യാർഥികളുടെ പച്ചക്കറി കൃഷിക്കാവശ്യമായ ജൈവവളം ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പ്രൈമറി സ്കൂളുകളിൽ ഒരു മണിക്കൂറും യു.പി സ്കൂളുകളിൽ 1.5 മണിക്കൂറും ഹൈസ്കൂളിൽ രണ്ട് മണിക്കൂറും പാചകത്തിനാവശ്യമായ ബയോഗ്യാസ് പ്ളാന്റുകളാണ് സ്ഥാപിക്കുക. പ്ളാന്റുകൾ സ്ഥാപിക്കാൻ സ്കൂളുകൾ തിരഞ്ഞെടുക്കുന്നത് വിദ്യാഭ്യാസ വകുപ്പായിരിക്കും.

ഉത്തരവ്: സ.ഉ (ആർ.ടി)നം. 2211/13/കൃഷി
തീയതി: 12/12/2013

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ പലിശരഹിത വായ്പ പദ്ധതി നടപ്പാക്കാൻ മത്സ്യഫെഡിന് 2013-14 വർഷത്തേക്ക് മുന്നൂറ് ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായി.

ജി.ഒ(ആർ.ടി)നം :1055/2013/ഫിഷറീസ്&തുറമുഖം
തീയതി: 27/12/2013

ഗൃഹശ്രീ പദ്ധതിക്ക് 10.50 കോടി രൂപ

2013-14 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ച ഗൃഹശ്രീ ഭവനനിർമാണ പദ്ധതിക്ക് 10.50 കോടി രൂപ അനുവദിച്ച് ഉത്തരവായി. സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം/ താഴ്ന്ന വരുമാനക്കാർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോടെ വീട് നിർമിച്ചു നൽകുന്നതാണ് ഗൃഹശ്രീ ഭവനപദ്ധതി. ഓരോ ഉപഭോക്താവിനും രണ്ടു ലക്ഷം നിരക്കിലാണ് സബ്സിഡി.

ഉത്തരവ്: സ.ഉ (എം.എസ്)നം. 21/2013/ഭവനം
തീയതി: 26/12/2013


അങ്കണവാടി വർക്കർ ഓണറേറിയം വർധിപ്പിച്ചു

സംസ്ഥാനത്തെ 126 മിനി അങ്കണവാടികളിലെ വർക്കർമാർക്ക് കേന്ദ്ര സർക്കാർ നൽകിവരുന്ന ഓണറേറിയം 1500 രൂപയിൽനിന്നും 2250 രൂപയായി വർധിപ്പിച്ചു. 04/07/2013 മുതൽ പ്രാബല്യമുണ്ടായിരിക്കും.

സ.ഉ(എം.എസ്)നം. 112/2013/സാനീവ
തീയതി: 30/12/2013



ഈ ഉത്തരവുകൾ www.kerala.gov.in ൽ ലഭ്യമാണ്



സുരക്ഷിത കേരളം

ദുർബല ജനവിഭാഗങ്ങളുടെ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പാക്കിക്കൊണ്ടുമാത്രമേ ഒരു ജനകീയ സർക്കാരിന് സ്വന്തം കടമ നിർവഹിച്ചുവെന്ന് അവകാശപ്പെടാൻ കഴിയൂ. ആവശ്യക്കാരന് ആലംബമാകുമ്പോൾ മാത്രമാണ് ഭരണം അർഥവത്താകുന്നതെന്ന് എനിക്കറിയാം. ഞാൻ ഭരണം ഏറ്റെടുത്തപ്പോൾ മുതൽ സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുവാൻ ശ്രമിച്ചിട്ടുണ്ട്. ജനസമ്പർക്കപരിപാടിയിലൂടെ ഏറ്റവും അർഹതപ്പെട്ട ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കുവാനും ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ നാട്ടിൽ പെരുകിവരുന്ന സ്ത്രീകൾക്കെതിരായ അക്രമങ്ങൾ നമ്മുടെ നാടിനെക്കുറിച്ച് മോശമായ ചിത്രം രൂപപ്പെടുവാൻ കാരണമായിട്ടുണ്ട്. നമ്മെ ബാധിച്ച വലിയൊരു രോഗമാണിത്. ഇത് ആരോഗ്യകരമായ ചികിത്സയിലൂടെ മാത്രമേ പരിഹരിക്കാൻ കഴിയൂ. സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടു മാത്രമേ ഒരു നാടിന് മുന്നോട്ടു പോകാൻ കഴിയൂ. സ്ത്രീ സംരക്ഷണത്തിന് അനേകം നിയമങ്ങൾ നിലവിലുണ്ട്. എങ്കിൽപ്പോലും അവർക്കെതിരായ അതിക്രമങ്ങൾ നിരന്തരം ആവർത്തിക്കുന്നു. സ്ത്രീധനനിരോധനനിയമം മുതൽ ഷി ടാക്സി വരെയുള്ള സംരക്ഷണ മാർഗങ്ങൾ സർക്കാർതലത്തിൽ നടപ്പാക്കിയിട്ടുണ്ട്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സർക്കാർ നിയമങ്ങൾ കൊണ്ടുമാത്രം നിയന്ത്രിക്കുവാൻ കഴിയില്ല. അതിന് സാമൂഹികമായ ഇടപെടലുകളും ആവശ്യമാണ്. തുല്യ അവകാശങ്ങളും ആദരവും അർഹിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ സ്ത്രീയെ അംഗീകരിക്കുന്നതിനുള്ള മനോഭാവം വളർത്തിയെടുത്തുകൊണ്ടു മാത്രമേ സ്ത്രീകൾക്കെതിരായ അതിക്രമം നിയന്ത്രിക്കാൻ കഴിയൂ. അതിന് സന്നദ്ധ സംഘടനകളും മറ്റ് ഉത്തരവാദിത്വമുള്ള സാമൂഹിക പ്രസ്ഥാനങ്ങളും മുന്നോട്ടിറങ്ങേണ്ടതുണ്ട്. സ്ത്രീകളുടെ സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിന് ഷി ടാക്സിയും കുടുംബശ്രീകളുടെ നേതൃത്വത്തിൽ കുടുംശ്രീ ട്രാവത്സും ആരംഭിച്ചത് ഇതിനകം വലിയ പിന്തുണ നേടിക്കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ മാത്രമല്ല സമൂഹത്തിന്റെ കരുതൽ ഏറെ ആവശ്യമുള്ള വൃദ്ധരുടെയും മറ്റു നിരാലംബ വിഭാഗങ്ങളുടെയും സമാധാന ജീവിതം ഉറപ്പാക്കുന്ന നിരവധി പദ്ധതികൾ ഈ സർക്കാരിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. മുഴുവൻ പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഇവയുടെ വിജയത്തിനാവശ്യമാണ്. ഏറ്റവുമൊടുവിൽ തുടങ്ങിയ 'വി കെയർ' പദ്ധതി അത്തരത്തിലൊന്നാണ്. സന്നദ്ധസേവനത്തന് തയാറുള്ള വ്യക്തികളെയും സംഘടനകളെയും കൂട്ടിയോജിപ്പിക്കുന്ന പദ്ധതിയാണ് വി കെയർ. സാമൂഹിക സുരക്ഷാമിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ പദ്ധതി സാമൂഹികസേവനത്തിന് പുതിയ മാനം നൽകും.

ജനങ്ങളുടെ സുരക്ഷിതത്വം അതിന്റെ മുഴുവൻ ആർജവത്തോടെ നടപ്പാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മറ്റാരും ആശ്രയമില്ലാത്തവരുടെ സഹായത്തിന് സർക്കാർ ഉണ്ടാകണമെന്നാണ് ഏതൊരു ജനകീയ സർക്കാരിന്റെയും ലക്ഷ്യം. സാധാരണക്കാരന്റെ കണ്ണീരൊപ്പാൻ കഴിഞ്ഞാൽ അത് എന്റെ ഭരണത്തിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കരുതുന്നു. ■